# അന്തർദുഃഖങ്ങൾ



ടി. കെ. മുഹമ്മദ്, U. P. C.

★

ആകാശത്തിൻെറ അഗാധനീലിമയിൽ നക്ഷത്രങ്ങൾ മുഖമണച്ചു കരഞ്ഞുകൊണ്ടിരുന്നു. നഗശിഖരങ്ങൾ വായുവിലുയർത്തി വൃക്ഷങ്ങൾ അപ്രാപ്യതയുടെ സംഗീതം ശ്രവിക്കാൻ ചെകിടോർത്തു നിവന്നുനിന്നു. അനന്തമായ മരുഭൂമികൾ താണ്ടി സാത്ഥവാഹകസംഘങ്ങൾ നിശ്ശബ്ദരായി നീങ്ങിക്കൊണ്ടിരുന്നു. ഒട്ടകങ്ങളുടെ കുടമണിയൊച്ചകൾ നഷ്ടപ്പെട്ട ആത്മാവിൻെറ ദീനാരോദനം പോലെ —

ഇതെല്ലാം മിഥ്യ —

എന്തെന്നാൽ, ഈ മരുഭൂമി എൻെറ ഹൃദയവും,

ഈ സാത്ഥവാഹകസംഘങ്ങൾ എൻെറ വിഷാദാനുഭൂതികളുമാകുന്നു.

അവന്നു് കൂട്ടുകാരുണ്ടായിരുന്നില്ല — അവനെ ആരും സ്നേഹിച്ചില്ല — പക്ഷെ അവനെല്ലാററിനേയും സ്നേഹിച്ചു. എല്ലാ ''മനുഷ്യപുത്ര''ന്മാരേയും സങ്കോചപൂർവ്വം വീക്ഷിച്ചു. അന്തർദുഃഖങ്ങളുടെ ഭാരമേറിയ കേവുവള്ളത്തിലേറി അവൻ അവൻെറ ലോകത്തിൽ അലഞ്ഞുതിരിഞ്ഞു. മററുള്ളവർ വിധിയെഴുതാൻ മറന്നില്ല. അവന്നു് സെൻറിമെൻറലിസം കുറച്ചു കൂടുതലാ—''.

ഈ വലിയ ലോകത്തിൽ വിശാല ഹൃദയവുമായി ഒരു ചെറിയ മനുഷ്യൻ കടന്നുവന്നു. എട്ബാറംപ്രിയനായ അലക്സിയെ അനുമോദിക്കാൻ വളയിട്ടകൈകൾ ഒരുങ്ങി നില്ക്കുന്നു.

(സുന്ദരനായ മനുഷ്യൻ സ്നേഹത്തിൻെറ കേന്ദ്രബിന്ദുവാണു്.) കൂട്ടംകൂടി കിലുക്കാംപെട്ടികളെ പോലെ ചിരിച്ചുപുളച്ചു് പെൺകുട്ടികൾ എതിരെ വരുമ്പോൾ തൻെറ ദൗർബ്ബല്യം മറച്ചുപിടിക്കാൻ വെമ്പൽ കൊള്ളുന്നു.

അതിൽ പരാജയപ്പെടുമ്പോൾ —

നൊണ്ടി !

ബോധധാരയിൽ മയക്കുമരുന്നിൻെറ വിഷക്കുമിളകൾ പരക്കുന്നുണ്ടോ ?

താനാകെ തളർന്നുപോകുന്നപോലെ—

പ്രസരിപ്പിൻെറ ലോകത്തിൽ എല്ലാം മറന്നു ജീവിക്കുന്ന സഹപാഠികളെ കാണുമ്പോൾ, അസൂയ തോന്നുന്നു.

ഒപ്പം ദുഃഖവും. —

അവരെല്ലാം അവനെ അവഗണിച്ചു- ചിലർ അവനെ പരിഹസിച്ചു. അവനെ പച്ചപ്പാവമായി മുദ്രകുത്തി—

നാടകോത്സവങ്ങരം നടക്കുമ്പോരം— സ്പോട്ട്സ്മത്സരങ്ങരം ന ട ക്കു മ്പോ രം— അവൻ ഒററപ്പെടുന്നു.

തന്നെ പടച്ച ദൈവത്തോടു ദ്വേഷ്യം വരുന്നു.

പ രി ഹാ സ ങ്ങ ളു ടെ കൂർത്ത ശരങ്ങളേററ് അവൻ പിടഞ്ഞു. ഒരിക്കൽ എല്ലാ നിയന്ത്രണങ്ങളും വിട്ട്; അവനൊരു കൃത്യം ചെയ്തു—തൻെറ നടത്തത്തെ അഭിനയിച്ച് പരിഹസിക്കുകയായിരുന്നു തൻെറ സഹപാഠി. കോരിയെടുത്ത് തോട്ടത്തിലേക്ക് വലിച്ചെറിഞ്ഞു. എല്ലാവരും അത് നടുക്കത്തോടെ കണ്ടു. ആരും ശബ്ദിച്ചില്ല. ഒരു ഞാഞ്ഞൂലിന്ന് കൊമ്പ് മുളച്ചിരിക്കുന്നു. അതോടെ പരിഹസിക്കുന്നതിൽ വമ്പന്മാരായവർ തന്നെ ഭയപ്പെടുന്നതായി അവൻ കണ്ടു. അവൻ കൂടുതൽ ഒററപ്പെടുന്നു.

തലയും താഴ്ത്തി വേച്ചു വേച്ച് നടന്നു പോകുമ്പോരം പിറകിൽ പൊട്ടിച്ചിരികരം കേരംക്കാം—അവർ തന്നെ പരിഹസിക്കുന്നു.

''നോക്ക് ദേവയാനി, ആ കുട്ടീടെ കാല്ല് കണ്ടോ ?''

അപ്പോരം കോപത്തിന്നു പകരം, അപകർഷബോധത്തോടെ ആലോചിക്കുന്നു. ഒരാത്മാവിതാ ചവിട്ടിയരക്കപ്പെടുന്നു.

പ്രിയപ്പെട്ട പെങ്ങന്മാരേ — ഒരാങ്ങളയെന്ന നിലക്കെങ്കിലും—

ക്ലാസിൽ സദാ എന്തോ ആലോചിച്ചിരിക്കുന്ന ആ കുട്ടിക്ക് അദ്ധ്യാപകൻെറ ശകാരവും പരിഹാസവും ഏല്ക്കും—

മററു കുട്ടികരം അതിൽ പങ്കുചേർന്ന് ചിരിക്കുമ്പോരം അവൻ സമാധാനിക്കുന്നു.

''ജ്ഞാനത്തിൻെറ സ്വർഗ്ഗം ഈ കൽച്ചുമരുകരംക്കിടയിലല്ല—''

വൈകുന്നേരം,—ആളൊഴിഞ്ഞ നിരത്തിലൂടെ പതുക്കെ, വീട്ടിലേക്ക് നടന്നു പോകുമ്പോരം, വട്ടുവീണ മനസ്സിനെ പതുക്കെ തലോടുന്നു—

ലോകത്തിലെ മഹാന്മാരെല്ലാം വിരൂപന്മാരായിരുന്നു.

ഋഷിതുല്യനായ ടോരംസ്റ്റോയി—

റൂസ്‌വെൽട്ട് — പോളിയോ പിടിപെട്ടു കാലുകരം കുഴഞ്ഞുപോയ അമേരിക്കൻ പ്രസിഡണ്ട്—

ദാർശനികരായ റസ്സൽ,—ഷാ—

വിശ്വജേതാവായ മുടന്തൻ തിമൂർ—

അപകർഷതാബോധത്തിൻെറ സൂചിമുനകരം കരളിൽ നേർത്ത മുറിവുകരം സൃഷ്ടിക്കുമ്പോരം,—

അ വ രെ ല്ലാ ം മഹാന്മാരായിരുന്നു. അവരെ മനുഷ്യർ സ്നേഹിക്കുന്നു—അറിയുന്നു—ആരാധിക്കുന്നു. നീയൊ? വെറുമൊരു സാധാരണക്കാരൻ—നിന്നെ ആരും ശ്രദ്ധിക്കില്ല. നിന്ദയുടെയും പരിഹാസത്തിൻേറയും കട്ടുറുമ്പുകരം നിൻെറ ശവശരീരത്തിൽ പയ്യെ പയ്യെ അരിച്ചുനടക്കും. ആരാലും സ്നേഹിക്കപ്പെടാതെ നീ മണൽത്തരികളിൽ അലിഞ്ഞുചേരും.

അവൻ സ്വന്തം ആത്മാവിനോടു് പിറുപിറുത്തു: ''നീ യൊ രു പ രാ ജ യ മാണ്''.

വീണ്ടും അമൂർത്തമായ ആശയങ്ങളുടെ മാസ്മരചിത്രങ്ങരം. — !

ഒററയ്ക്ക് മുറിയിലടച്ചിരുന്ന് സദാ മദ്യപിച്ച്, മഹത്തായ കലാസൃഷ്ടികരം വരച്ചെടുത്ത ഹെൻറിട്ട്യൂരം സെപാട്രക്ക് — അദ്ദേഹം മഹാ വി രൂ പ നാ യി രു ന്നു. സ്വന്തം ജീവിതത്തോട്ട് അത്രയും ക്രൂരമായിപെരുമാറാൻ വയ്യ.— തൻെറ വൈരൂപ്യത്തെ തമാശയായി മാത്രം പറഞ്ഞുതള്ളിയ ബർണാഡ്ഷാ—അത്' മറെറാരു ചിത്രമാണ്.

പ്രതികാരബോധത്തോടെ അവൻ ഓർത്തു. ഞാൻ പഠിക്കും. പഠിച്ചുപഠിച്ച് ഉയരും. എന്നെ അവഗണിച്ചവരുടെ മുഖത്തു ചവിട്ടി ഞാൻ ചോദിക്കും. ''ഇപ്പോഴൊ.''— !

അവൻ വായിക്കുകയായിരുന്നു. മനുഷ്യൻ ആർജ്ജിച്ച വിജ്ഞാനമെല്ലാം ആ ചെറിയ തലയിൽ കുത്തിനിറക്കാനുള്ള ശ്രമം. വായനയിൽ ഒതുങ്ങിനിന്ന ജീവിതം. അവനെപ്പോഴും എന്തൊ ആലോചിച്ചുകൊണ്ടിരുന്നു. ''കുഞ്ഞുമോനെ, നീയെന്താണെപ്പോഴും ആലോചിക്കുന്നത്. നിനക്കെന്താണ് ഒരു ദുഃഖം,'' — ശരിയാണ് പണം വാരാവുന്ന തെങ്ങിൻതോപ്പുകൾ. യഥേഷ്ടം ധാന്യം വിളയുന്ന വയലുകൾ. ഇതിന്റെയെല്ലാം ഏകാവകാശിയായ മകൻ. അവനെന്തിന് ദുഃഖിക്കണം.

കണക്കില്ലാതെ സിഗരറ്റുകൾ പുകച്ചുതള്ളി. ഉറക്കംവരാത്ത രാവുകളിൽ പുസ്തകങ്ങളുടെ ഏടുകൾ അവന്റെ മുമ്പിൽ നൃത്തംവെച്ചു. ഏകാന്തതയുടെ ഇരുണ്ട അറയിൽ അവൻ അഭയം തേടി. കൂട്ടുകാരില്ല. കളിയും തമാശയുമില്ല. കുഞ്ഞുമോൻ ക്ഷീണിച്ചുവന്നു.

ആരും കടന്നെത്താത്ത ആ മരുഭൂമിയിലേക്ക്, ശാദ്വല ഭൂമിയിലെ സ്വർഗ്ഗസംഗീതവുമായി ഒരു തെളിനീരരുവി ഒഴുകിയെത്തി.

''പ്രിയമുള്ളവനേ ഇതു കുടിയ്ക്കു. ഇതിന്റെ മാധുര്യം പോകും മുമ്പ്—'' നിറഞ്ഞ പാനപാത്രം ചുണ്ടിലണച്ചു അവൾ മന്ത്രിച്ചതു കേട്ട് അവൻ അത്ഭുതപ്പെട്ടു. ''ഇവൾക്ക് ഭ്രാന്തുണ്ടോ? അവളുടെ കണ്ണുകളിൽനിന്ന് മനസ്സിലായഭാഷ ''ഞാനൊരു പുരുഷനെ സ്നേഹിക്കുന്നു. തജ്ജനിവിന്റെ അനശ്വരനായ ''ബസരോവി''ന്റെ മാനസിക ഘടനയോടെ അവൻ സ്നേഹിച്ചു. എന്നിട്ടും അവൻ സംശയിച്ചു.

കണ്ണുകളിൽ കുസൃതി തുടിക്കുകയും, കവിളുകളിൽ നുണക്കുഴികൾ വിരിയുകയും ചെയ്യുന്ന ഈ പെൺകുട്ടിക്ക് തീർച്ചയായും തെറ്റുപറ്റിയിരിക്കുന്നു. എന്തെന്നാൽ സുന്ദരന്മാരായ പുരുഷന്മാർ ഈ ദുനിയാവിൽ ഏറെയുണ്ട്. യാഥാർത്ഥ്യമിതായിരുന്നു. അവൾ വൈരൂപ്യത്തെ അംഗീകരിച്ചില്ല—സഹതപിച്ചതുമില്ല. ആനന്ദത്തിന്റെ അനർഘകണികയിൽ പ്രതിഫലിക്കുന്ന ഓർമ്മകളേ,! സ്നേഹത്തിന്റെ മാനദണ്ഡമെന്താണ്?

[അകലെ ഉത്സവത്തിന്റെ ആരവങ്ങൾ ഉയർന്നുകൊണ്ടിരുന്നു. അവിടെ യാന്ത്രികമായി ചലിക്കുന്ന ജനക്കൂട്ടമുണ്ടായിരിക്കും. ലക്ഷ്യബോധമില്ലാത്ത ജനങ്ങൾ, ഒരുതരം മായികമായ ആഹ്ലാദത്തിമർപ്പിൽ അവർക്ക് സമനില തെറ്റുന്നുണ്ടാവും.

''ഞാനും വരട്ടെ കൂടെ?''

''എന്റെ കൂടെ വന്നാൽ വഴിയേറെ നടക്കേണ്ടിവരും — ക്ഷീണിച്ചുപോകും'' അനന്തമായ ജീവിതത്തിന്റെ പാതകൾ മുന്നിൽകണ്ടാണ് അങ്ങിനെ പറഞ്ഞത്.

''ക്ഷീണിച്ചാലും നടക്കാൻ തയ്യാറാണെങ്കിലൊ?''

''എങ്കിൽ വരു''. അവളുടെ മിനുത്ത കൈത്തലം പിടിച്ചു നടന്നു പോകുമ്പോൾ അവൾ കളിയായി പറഞ്ഞു''. ഓ.... കാലു് കഴയുന്നെ—''.

അവളെ അനായാസമായി കൈകളിൽ വാരിയെടുത്തപ്പോൾ—

ചുടുരക്തം തലയോട്ടിയിലേയ്ക്ക് ഇരച്ചുകയറുകയും, ഹൃദയം ശക്തിയായി മിടിക്കുകയും ചെയ്തു.

(രാത്രി സുന്ദരമാണ്. രാത്രിയിൽ നക്ഷത്രങ്ങൾ ചിരിക്കുന്നു. വികാരസാന്ദ്രമായി കാറ്റു വീശുകയും ചെയ്യുന്നു.)

ആ മരുപ്പച്ചയിൽ അല്പസമയം തങ്ങി നില്ക്കാൻ ദാഹിച്ചു വരണ്ട ഹൃദയം ആവശ്യപ്പെടുന്നു. ഇവിടെ താളവും സ്വരവും മാറുകയായി—അവൻ തല ഉയർത്തി നടന്നു. തന്നെ പരിഹസിക്കുമായിരുന്ന കിലുക്കാം പെട്ടികളെ കാണുമ്പോൾ, അവൻ വിജയപൂർവ്വം മനസ്സിൽ പറഞ്ഞു. "കേട്ടോ മക്കളെ—എന്നെ സ്നേഹിക്കുന്ന ഒരു പെൺകുട്ടി ഈ ഭൂമിയിലുണ്ടു്—എന്നെ പരിഹസിച്ചവരുടെ മുമ്പിൽവെച്ചു് എന്റെ വിജയത്തിന്റെ പൂത്തിരികത്തിക്കുന്ന ദിനം—അതു് വരുന്നു. മോമിന്റേയും മോപ്പസാങ്ങിന്റേയും കഥകൾ അവൻ ആവേശപൂർവ്വം വായിച്ചു. ഓമർഖയ്യാമിന്റെ കവനങ്ങളിൽ അവൻ ജീവിതത്തിന്റെ താളാത്മകത ദർശിച്ചു—ജീവിതം ആനന്ദിക്കാനാണ്.

പെട്ടെന്നൊരു ദിവസം — വേദന—വേദന—കിടക്കാനും നില്ക്കാനും വയ്യ. നെഞ്ചിൽ മുള്ളിട്ടുവലിയ്ക്കുന്നപോലെ. പിന്നെ രംഗങ്ങൾ അവ്യക്തമാണ്. പട്ടണത്തിലെ പ്രധാന ഡോക്ടറുടെ വീട്ടിനു മുമ്പിൽ കാർ നിന്നപ്പോൾ, ക്ഷീണിച്ച കണ്ണുകൾ പതുക്കെ തുറന്നു. തടിച്ചു് ഉയരം കുറഞ്ഞു് കണ്ണടവെച്ച ഡോക്ടർ ബ്ളഡ് ടെസ്റ്റ് ചെയ്തു് പതുക്കെ പറയുന്നതു കേട്ടു.

"സാരമില്ല ..... തുടങ്ങിയിട്ടെയുള്ളു."

"എന്തു് ! എന്താണീതുടങ്ങിയത്—?"

താമസിയാതെ ഉത്തരം കിട്ടി. ടി. ബി. യാണ്. അവൻ അന്തംവിട്ടു് മിഴിച്ചുനില്ക്കുകയായിരുന്നു.

(തെമ്മാടികളുടേയും റെയിൽ തെററിയ ജീവിതക്കാരുടേയും ഓമനയായ രോഗം !

കണക്കില്ലാതെ പുകച്ചുതള്ളുന്ന സിഗരറ്റുകൾ—ഉറക്കൊഴിച്ചു് വായിക്കുന്ന രാവുകൾ—വിഷാദം കുടിപിടിച്ച ഹൃദയം—ഇതൊക്കെയാവുമൊ കാരണം ?

ഇതു് കേൾക്കുമ്പോൾ,—

എല്ലാം മകനുവേണ്ടിയർപ്പിച്ചു് അവന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും മുഗ്ദ്ധഭാവനകൾ നെയ്തെടുക്കുന്ന അമ്മയിതു് കേൾക്കുമ്പോൾ — ജീവിതത്തിന്റെ റോസാദലങ്ങളെ മാത്രം മണത്തറിഞ്ഞ ആ പെൺകുട്ടി ഇതു കേൾക്കുമ്പോൾ—)

"ശ്രദ്ധിച്ചു ചികിത്സിക്കണം — എന്നാൽ സാരമില്ല" ഡോക്ടറുടെ വാക്കുകൾ അവ്യക്തതയുടെ നിശ്വാസംപോലെ.— "ദേഹം ഇളകരുതു്. എപ്പോഴും കിടക്കണം — പരിപൂർണ്ണവിശ്രമമാണാവശ്യം— പുസ്തകങ്ങൾ വായിക്കരുതു് — പുകവലി തീരെ പാടില്ല —"

ഇതുവരെയുള്ള എല്ലാ ജീവിതചര്യകളും പാടെ വർജ്ജിക്കുക.

മരുപ്പച്ചയിൽനിന്നു് വീണ്ടുംമരുഭൂമിയിലേയ്ക്കു്—

എന്റീശ്വരാ എവിടേക്കാണ് ഈ യാത്ര— ! ഓർക്കുംതോറും കരച്ചിൽ വരുന്നു. പതിനെട്ടാമത്തെ വയസ്സിൽ ഇത്തരമൊരു രോഗം വരിക. അസിഡ്ഫാസ്റ്റ്ബേലിയ ദ്വാരങ്ങളുണ്ടാക്കിയ ശ്വാസകോശങ്ങൾ — ശുഷ്കിച്ചുണങ്ങിയ കൈകളിലെ നീലഞരമ്പുകൾ—സ്വന്തം ശരീരത്തോടു് വെറുപ്പു തോന്നുന്നു.

രോഗവും വൈരൂപ്യവും ! (ഈ രണ്ടനുഗ്രഹങ്ങളും കനിഞ്ഞരുളിയ ദൈവത്തിനു സ്തുതി) —

ഡോക്ടർ കുറിച്ചുതന്ന മരുന്നുകളും, ഭക്ഷണക്രമവുമായി നാളുകൾ നീക്കുമ്പോൾ-അവളെഴുതിയിരിക്കുന്നു. "ഞാൻ കാത്തിരിക്കുന്നു. അങ്ങയുടെ വാക്കുകളിൽ എന്നാണ് "ആ പറുദീസയിലെ മഹോത്സവം" വരിക ?

(ക്ലോക്കിൻെറ പെൻഡുലം നിമിഷങ്ങളുടെ സ്പന്ദനങ്ങളോടെ ആടിക്കൊണ്ടിരുന്നു.)

അതു വായിച്ചപ്പോൾ കൈകൾ വിറച്ചില്ല—കണ്ണുനീർ നിറഞ്ഞതുമില്ല. ഒരു ശവത്തിന്നു് എന്തു് വികാരമാണു്.

(മരിച്ചു കിടക്കുന്ന മനുഷ്യനെ നോക്കി ക്രിസ്തു അരുളിചെയ്തു "ലാസറെ— നീ ജീവിക്കുക–! ലാസർ ഉയിർത്തെഴുന്നേററു." വിധിയുടെ അപ്രതിഹതമായ അടിയൊഴുക്കിൽ അകപ്പെട്ടു് ഒരു മനുഷ്യനിതാ മരിച്ചിരിക്കുന്നു. ഒരു ക്രൈസ്റ്റിന്നു് അവനെ ഉയർത്താനാവില്ല.)

"നാഴികകൾക്കകലെ ഓമൽ പ്രതീക്ഷകളുമായി കഴിയുന്ന പെൺകുട്ടീ— നീയിതൊന്നും അറിയാതിരിക്കട്ടെ! ആ പറുദീസയിലെ മഹോത്സവത്തിൽ ഞാനൊരിക്കലും പങ്കുകൊള്ളില്ല." അസാമാന്യമായ പ്രശാന്തതയോടെ അവനെഴുതി.

"വിരൂപനായ മനുഷ്യനെ നീ സ്നേഹിച്ചു. ഒരു രോഗിയെക്കൂടി നീ ഇഷ്ടപ്പെട്ടാലും ഞാനനുവദിക്കില്ല. സുന്ദരനും നല്ലവനുമായ ഒരു യുവാവു് ഈ ഭൂമിയിൽ നിന്നേയും പ്രതീക്ഷിച്ചു കാത്തിരിക്കുന്നുണ്ടാകും. അയാളുടെ മനസ്സിലെ സ്വപ്നറാണി നീയായിരിക്കും. നീ നീട്ടിക്കാണിച്ച പാനപാത്രത്തെ തട്ടിയകററി നടന്നുപോകുമ്പോൾ നീ പിറുപിറുക്കാതിരിക്കുക "ഓ....നിങ്ങളെന്തു ക്രൂരനാണ്—"

എനിക്കതു പൊറുക്കാൻ കഴിയില്ല.

ഈ ദുർബ്ബലയായ ശരീരത്തിൽ, ദുർബ്ബലമായ ഹൃദയത്തിൽ തട്ടിത്തടഞ്ഞു ബഹിർഗ്ഗമിക്കുന്ന നിശ്വാസത്തിൽ നിന്നെപ്പററിയുള്ള സ്നേഹസ്പന്ദങ്ങൾ — (നിരർത്ഥകമായ പദങ്ങൾ അനശ്വരതയുടെ സ്വർഗ്ഗം ചമയ്ക്കുന്നു.)

ശതാബ്ദങ്ങളുടെ പരുത്ത കരങ്ങൾ ഞെരിച്ചുവീഴ്ത്തിയ റോസാദലങ്ങൾ ജീർണ്ണിക്കട്ടെ! ഞാനൊരു വൃദ്ധനായിക്കഴിഞ്ഞു.

കുസൃതിക്കണ്ണുകൾ പൂട്ടി നീയിതു കേൾക്കുമ്പോൾ ചിരിക്കുമൊ? പക്ഷെ അതൊരു യാഥാർത്ഥ്യമാണ്.

അതെൻെറ കുററമല്ലാ, നിൻേറയും—!


ഈ കുറിപ്പു വായിക്കുമ്പോൾ രാത്രിയുടെ നിതാന്തനിശ്ശബ്ദതയിൽ ശൂന്യതയുടെ മരുഭൂമിയിലൂടെ മന്ദം മന്ദം നീങ്ങുന്ന സാർത്ഥവാഹകസംഘങ്ങളും, രോദനം മുഴക്കുന്ന കുടമണിയൊച്ചയും, നീയറിയാതെ മനസ്സിലേയ്ക്കു് കടന്നുവരികയാണെങ്കിൽ

പ്രിയപ്പെട്ട പെൺകുട്ടീ— !

ആകാശത്തിൻെറ നീലവക്ഷസ്സിൽ ഒരു നക്ഷത്രം കണ്ണടച്ചു തുറന്നുകൊള്ളട്ടെ!

# FOR A MOMENT

K. POCKER, II B. Com.



THE day dawned bright and clear. There was something peculiar to the day–something unique in the morning itself. The day-time was too long. Anyhow the evening at last came to me as a blessing from God. It was exactly 6 o'clock. I went quickly to the Auditorium. Everything was impressive — The light red auditorium mingled with the pale blink of the moon. Inside, the students were full of bustle and excitement. Wearing flawless dress, all were proud and happy. They too contributed something to the beauty of the day.

Occasional shoutings and hootings were going on. The electric lights were gleaming like jewels. In that twinkling light, I was living in a world of my own. Soon, all stood up. I looked back. Oh, the distinguished guests were coming along.

The distinguished guests were cheered loudly. They sat in the chairs on the stage. After the Principal's welcome speech the gracious and charming Mrs. X began to give away the prizes.

At last, the announcement — for which I longed for ages — came —. "K. Pocker — first prize for English..." —the rest lost in the roar of excitement. A feeling of great satisfaction and pleasure came to me which is beyond description. Then the mind was filling with never ending doubts. Am I properly dressed? How should I walk? and so on. Innumerable doubts disturbed the excited mind. I pulled myself together. What is after all this meeting! Most of the audience are my friends.

I stepped up to the stage. I could not help looking at the audience, from that "high position", who were watching and perhaps praising me. I stretched both the hands to receive the prize. Alas! someone — of course, cruel in nature — pulled me by my collar. I didn't care for I was eager to receive the prize. But the unscrupulous rogue seemed to be more ruthless than the Chinese. He began to give me deadly blows. The pathetic condition of mine is left to the rich imagination of the honourable reader.

I felt like weeping. I could bear it no longer. I turned and gazed at that wretched antagonist with all my anger. At first, I could not believe my own eyes. I looked the person up and down. No, they are right. To my great surprise, it was my good old room-mate Mr. Moossa. I don't know how long I stared at him. At last he looked me in the eye and spoke:

"Now wake up, my dear, and have your bath."

I looked around — oh, I was not on the high stage of the Auditorium, but on my favourite bed in the age old room. The ugly looking roof seemed laughing at me. In the remote corner of the roof a small spider was engaged in its network, conveying the message of hard work......

# "ഇൻററർവ്യൂ"

ടി. അബ്ദുൽഖാദർ, I B. Sc.

"സ്റ്റു ആർ ക്വാളിഫൈഡ് ഫോർ ദി പോസ്റ്റ്'' ''പക്ഷെ ഇവിടെ മൂന്ന ഗ്രാഡ്വേററ്സ് അപേക്ഷിച്ചിട്ടുണ്ട്. ഉയൎന്ന പരീക്ഷായോഗ്യതയുള്ള ഒരാളുണ്ടെങ്കിൽ എനിക്കയാളെയാണാവശ്യം."

തടിച്ചഫ്രെയിമുള്ള കണ്ണടധരിച്ച ആ മനുഷ്യൻ പറഞ്ഞവസാനിച്ചപ്പോഠം കരളിൻെറ അകക്കാമ്പിലൂടെ ഒരു വെള്ളിടി വെട്ടി.

''ക്ഷമിക്കണം. നിങ്ങഠംക്കു പോകാം." സൎട്ടിഫിക്കററുകളും മററു ശിപാൎശിക്കത്തുകളും മടക്കി കയ്യിൽ തന്നുകൊണ്ടയാഠം പറഞ്ഞു. ഇതുപോലുള്ള നൂറു നൂറു സംഭവങ്ങഠംക്ക് സാക്ഷ്യം വഹിച്ച ആ മുറിയിൽനിന്നു പുറത്തു കടന്നപ്പോഠം കാൽ മുട്ടുകഠം തമ്മിലടിച്ചിരുന്നു. ചുററും ചുഴിഞ്ഞടിച്ച കാററിന്നുപോലും ഉഷ്ണം കൂടിയതുപോലെ.

താനൊരു ഉദ്യോഗാൎത്ഥിയാണ്. വെറുമൊരു അലഞ്ഞുനടക്കുന്ന ഉദ്യോഗതെണ്ടിയല്ല. ഒരമ്മയും അച്ഛനും ഒരു പെങ്ങളും. അവരുടെ ഏകാവലംബമായി, നിരാശയിൽനിന്ന് നിരാശയിലേക്കെടുത്തെറിയപ്പെട്ട ഒരു ഉദ്യോഗാൎത്ഥി.

ലോവർ ഡിവിഷൻ ക്ലാൎക്കിൻെറ പോസ്റ്റിന്ന് അപേക്ഷിച്ചു. ഇൻററർവ്യൂ കാർഡു കിട്ടി. കൃത്യസമയത്ത് പറഞ്ഞ സ്ഥലത്ത് ഹാജരായി. പക്ഷെ ........ ഗ്രാഡ്വേററ്സ്. പാവപ്പെട്ടവൻെറ കഞ്ഞിയിൽ മണ്ണുവാരിയിട്ട മാത്രം ശീലിച്ച കള്ളപ്പരിഷകഠം! ബിരുദവുമെടുത്ത് ലോവർ ഡിഷൻ ക്ലാൎക്കിൻെറ പോസ്റ്റിന്ന് അപേക്ഷിച്ച നശിച്ച തെണ്ടികഠം! ഇവരാണ് പോലും വിദ്യയിൽ പദവി സിദ്ധിച്ചവർ. കലങ്ങിയ വെള്ളത്തിൽ മീൻപിടിക്കാൻ തക്ക സമയവും പാൎത്ത് തെണ്ടിനടക്കുന്ന മൂരാച്ചികളാണവർ. ഗ്രാഡ്വേററ്സ്........

താനും ഒരു ഗ്രാഡ്വേററാവേണ്ടവനായിരുന്നു. മതാപിതാക്കഠം വിദൂരവീക്ഷണം ചെയ്തത് ബിരുദധാരിയായ ഒരു മകനെയായിരുന്നു. പക്ഷെ........ വിധി. ആ കരാളദേവതയുടെ മുന്നിൽ തലകുനിക്കേണ്ടിവന്നു.

കലാലയത്തിൻെറ പടിവാതിലുകഠം ചവിട്ടിയിട്ടുണ്ട്. വിശാലങ്ങളായ, വൈദ്യുതവിശറി കറങ്ങുന്ന ക്ലാസുമുറികളും ലെക്ച്ചർ ക്ലാസുകളും പരിചിതങ്ങളാണ്. എങ്കിലും ഒരു ബിരുദധാരിയല്ല. ആവാൻ ശ്രമിച്ചു........ ഒരു ദരിദ്രനായി പിറന്നു പോയി. അതാണ് പിഴച്ചത്. ആശിക്കാൻ പാടില്ലാത്തതാണ് ഞാൻ—അല്ല എൻെറ രക്ഷിതാക്കഠം—അവരാശിച്ചത്. കീറിയ ഷർട്ടും മുറിച്ചു കുത്തി തുന്നിക്കൂട്ടിയ മുണ്ടും ധരിച്ചു മാത്രം ശീലിച്ചവന്ന് കോളേജു വിദ്യാഭ്യാസം അൎഹമല്ല.

ഒരു പ്രൈമെറിസ്കൂഠം അദ്ധ്യാപകനായിരുന്നു അച്ഛൻ. ഉന്തി ഞരക്കി അദ്ദേഹം എന്നെ പഠിപ്പിച്ചു. സ്കൂഠംഫൈനൽവരെ. അതോടെ പ്രായാധിക്യം മൂലം അച്ഛനെ

ജോലിയിൽനിന്നു പിരിച്ചുവിട്ടു. ഞാൻ പാസ്സായി. സഹപാഠികരം കോളേജിൽ ചേരാൻ തെയ്യാറെടുത്തു. എന്നെ സംബന്ധിച്ചേടത്തോളം കോളേജു വിദ്യാഭ്യാസം എത്തിപ്പിടിക്കത്തക്ക ഒരു കനിയായിരുന്നില്ല.

മകൻെറ സുരക്ഷിതമായ ഭാവിയെ മാത്രം കണ്ട പിതാവു്. അദ്ദേഹം പതറാതെ പറഞ്ഞ വാക്കുകരം കേട്ടപ്പോരം കണ്ണിൽ വെള്ളം നിറഞ്ഞു. എന്നോടു സഹപാഠികളോടൊത്തു കോളേജിൽ പോകാൻ! പണത്തിൻെറ പ്രശ്നം ! അതു മകൻ ചിന്തിക്കേണ്ടതില്ലെന്നു് ! അതിന്നു കടമപ്പെട്ടതു് അച്ഛനാണു്പോലും !!

വികാരം സിരകളിൽ തരിച്ചുകയറി. സന്തോഷം കാരണം കണ്ണു കാണാൻ പാടില്ലായിരുന്നു. കോളേജിൽ പോവുക ! ഒരു കലാലയവിദ്യാത്ഥിയാവുക ! എത്ര സന്തോഷവും അഭിമാനവുമുള്ള ഒരു കാര്യമാണതു് ? ആഹ്ലാദിക്കാനും അഹങ്കരിക്കാനുമല്ലാതെ ജീവിതത്തിൻെറ വേദന നിറഞ്ഞ ഭാഗങ്ങരം മറിച്ചുനോക്കാൻ അന്നൊരുമ്പെട്ടില്ല.

എന്തു ചോദിച്ചാലും 'ഇല്ല' എന്ന വാക്കു് അച്ഛൻ പറഞ്ഞില്ല. എല്ലാം സുലഭമായിരുന്നു. കോളേജിൽ പഠിക്കുന്ന മകനിൽ അദ്ദേഹം അഭിമാനംകൊണ്ടു. ഇതിനെല്ലാം വക എവിടുന്നു്? അതും മകനന്വേഷിച്ചില്ല. വിശപ്പു് വലക്കുമ്പോരം അമ്മയും പെങ്ങളും മുണ്ടു മുറുക്കിയുടുത്തിരുന്നതു് മകൻ, പെങ്ങളുടെ കട്ടേട്ടൻ കാണാറില്ലായിരുന്നു.

അയൽവാസിയാണു് അച്ചുതൻ മുതലാളി. അയാളാണു് ഞങ്ങളുടെ ആശാകേന്ദ്രം. ആ മഹാൻെറ—ഞാനങ്ങിനെത്തന്നെ വിളിച്ചുകൊള്ളട്ടെ,–രണ്ടു കൊച്ചുകുട്ടികരംക്കു് ട്യൂഷ്യൻ എടുത്താണു് അച്ഛൻ അച്ഛൻെറ മകനെ കോളേജിൽ പഠിപ്പിച്ചതു്. അതുകൊണ്ടും ഫീസു കൊടുക്കാനും ചിലവു നടത്താനും മാത്രം വരുമാനമുണ്ടായില്ല. എന്നിരിക്കിലും അച്ചുതൻ മുതലാളിയുടെ ദീഘായുസ്സിന്നുവേണ്ടി പ്രാത്ഥിക്കാതിരിക്കാൻ നിവ്വാഹമില്ല. പ്രാത്ഥിക്കുകതന്നെ ചെയ്യു.

ഫീസു് ! ഒരിററു് കഞ്ഞിവെള്ളം കുടിക്കാൻ വകയില്ലാത്ത ഞാൻ ഫീസു് കൊടുക്കണംപോലും. ഞങ്ങരം ഉയന്ന സമുദായത്തിൽ പെട്ടവരായതു്കൊണ്ടു്. സമുദായമഹിമ ! തീയ്യു് അടുപ്പിന്നെതിരെ ദിവസങ്ങളോളം തീണ്ടാചരിച്ചാലും ശരി, ഉടുതുണി വാങ്ങാൻ കാശില്ലാതെ, നാണം മറക്കാൻ ഗതിയില്ലാതെ, നാണംകെട്ടാലും ശരി–സമുദായ മഹിമ ! എവിടുന്നു കിട്ടിയീസമുദായമഹിമ ? തൻെറ പ്രപിതാമഹന്മാർ. അവരാണിതിന്നെല്ലാം ഉത്തരവാദികരം. നിറഞ്ഞ വയറും വിരിഞ്ഞ ശരീരവും തെളിഞ്ഞ മനസ്സുമായി അല്ലലറിയാതെ ജീവിച്ചവക്കു് സമുദായ വിഭജനവും അതിൻെറ മഹിമതുലനം ചെയ്യലും ഒരു വിനോദം മാത്രമായിരുന്നു. പക്ഷെ ഇന്നതു് എലിയെ പിടിച്ച പൂച്ചയുടെ വിനോദമാണു്. അമ്മയ്ക്കു പ്രസവവേദന. മകരംക്കു് വീണവായന.

ഫീസുകൊടുക്കാൻ പണം തികയാതെ വന്നുതുടങ്ങി. എല്ലാം അച്ഛൻെറ ട്യൂഷ്യൻ കൊണ്ടു മാത്രം കഴിയണ്ടെ ? ഒരു കൊച്ചനുജത്തിയുണ്ടു് വളന്നുവരുന്നു. മുതിരുംതോറും ചിലവധികരിക്കുകയല്ലെ ?

വസന്തം വന്നു. ഒച്ചയുണ്ടാക്കാതെ കടന്നുപോയി. ഒന്നല്ല രണ്ടു പ്രാവശ്യം. ഇന്നൊരു ബി. ഏ. വിദ്യാർത്ഥിയാണ് ഞാൻ. വൈകുന്നേരം കോളേജു വിട്ടു മൂളിപ്പാട്ടുമായി വീട്ടിലോട്ടു കയറിച്ചെന്നു. ചാണകം മെഴുകിമിനുക്കിയ അകത്തേക്കു കടന്നപ്പോൾ,... അതിന്നും ബോധമണ്ഡലത്തിൽ തളംകെട്ടി കിടപ്പുണ്ട്. ചകിരിനാരുകൾ കൂമ്പാരമായി കൂട്ടിയതിന്നടുത്ത് അമ്മ തലകുനിച്ചിരിക്കുന്നു. ഒരു കഷ്ണം കീറച്ചാക്കിൽ, ചാക്കിന്റെ കീറാത്ത ഭാഗത്ത് ശോകഗാനത്തിന്നൊരു താളം കണക്കെ അമ്മയുടെ കൈ തരുപ്പിടിക്കുന്നുണ്ട്. ചാണകം മെഴുകുകയാണോ? സൂക്ഷിച്ചു നോക്കി. അല്ല. കൈക്കടിയിലൂടെ എന്തോ ഒന്നു പിരിമുറുകി ഇഴഞ്ഞുവരുന്നു. സർപ്പം കണക്കെ. ചൂടി! അതെ. ചൂടി പിരിക്കുകയാണമ്മ. ചകിരിനാരിന്റെ കൂമ്പാരത്തിന്ന് ഉയരം കുറയുന്നുണ്ട്. ചൂടി പിരി!! ഒരു മകനെ കോളേജിലയക്കാൻ! നാശത്തിന്റെ വക്കത്തെത്തിയ ഒരു കുടുംബത്തെ പൊട്ടിത്തകരാതെ സൂക്ഷിക്കാൻ! പട്ടിണികിടന്ന് കുഴിഞ്ഞ ആ കണ്ണുകളിലേക്കു ഞാനൊന്നു നോക്കുക മാത്രം ചെയ്തു. അല്ലാതെ എന്തു ചെയ്യും? താൻ നിസ്സഹായനാണ്. അവിടെ-ആ കൺകോണുകളിൽ നനവൂറിയിരുന്നു. മധുരം പോയിട്ടു പുളിപോലുമില്ലാത്ത കട്ടൻകപ്പി അമ്മ കൈയിൽ തന്നപ്പോൾ അവരുടെ കൈവെള്ള പുറത്തു കണ്ടു. അതു് ചുകന്ന് തോലുപോയിരിക്കുന്നു. ചൂടി പിരി...........എല്ലാം ആർക്കുവേണ്ടി?

ചൂടിപിരിച്ചു കൈവെള്ള ചുകന്ന കരങ്ങളുടെ നീററലോ, ട്യൂഷ്യൻ കൊടുക്കുന്ന കുട്ടികളൊടു ശബ്ദമുയർത്തി മടുത്ത കണ്ഠത്തിന്റെ തളർച്ചയോ മകനറിഞ്ഞില്ല. ഒന്നുമാത്രം അറിയാം. പിറന്നുഎന്ന ഒരേ ഒരു കാരണംകൊണ്ടുതന്നെ സന്തോഷിക്കാനും ദുഃഖാത്മകങ്ങളായ ചിന്തകളെയെല്ലാം ചിരിച്ചു് ചിരിച്ചു് ദൂരെ അകററിയെറിയാനും താൻ അർഹനാണ്. എല്ലാവീലർ ഒരിക്കൽ പറയുകയുണ്ടായി "ചിരിക്കൂ. ലോകം നിങ്ങളോടൊത്തു ചിരിക്കും. കരഞ്ഞുനോക്കൂ. നിങ്ങളൊററക്കു മാത്രം കരയേണ്ടിവരും." ഞാനതിൽ വിശ്വസിച്ചു. ആ വാചകം അക്ഷരംപ്രതി ഞാൻ ശരിവെച്ചു.

ദിവസങ്ങൾ ഒച്ചപോലെ ഒച്ചവെയ്ക്കാതെ ഞരങ്ങി നീങ്ങി. വിധി കരാളനൃത്തം ഒന്നുകൂടി നടത്തി. രാത്രി ഏകദേശം പതിനൊന്നുമണിയായിക്കാണും. എണ്ണതീർന്നു പുകഞ്ഞുകത്തുന്ന ചിമ്മിനി അടുത്തുപിടിച്ചു് വായിക്കുകയാണ് ഞാൻ. വാതിലിൽ മുട്ടുന്ന ശബ്ദം. അച്ഛന്റെ ട്യൂഷ്യൻ കഴിഞ്ഞുള്ള വരവാണ്. വാതിൽ തുറന്നു കൊടുത്തു. ഒരു തേങ്ങൽ...........

എന്ത്? തനിക്കൊന്നും മനസ്സിലായില്ല. അച്ഛനാണോ മുന്നിൽ നില്ക്കുന്നതു്? അതെ. തീർച്ച. ഇക്കാലമത്രയും അച്ഛന്റെ കൂടെ ജീവിച്ചിട്ട് ഇന്നാണ് അച്ഛൻ കരയുന്നതു് കാണുക. ഇതുവരെ കണ്ടിട്ടില്ലാത്ത സംഭവമാണതു്. ആകാശം പൊട്ടി വീഴുമെന്ന്പോലും ആരെങ്കിലും പറഞ്ഞാലും അച്ഛൻ വിറക്കില്ലായിരുന്നു. ബുദ്ധിമുട്ടുകളും തീരാ പ്രശ്നങ്ങളും മുന്നിൽ നിരന്നാലും അദ്ദേഹത്തിന്റെ പാദം ഇടറിയിരുന്നില്ല. പക്ഷേ........ ഇന്ന്! ഒന്നും മനസ്സിലാവു

ന്നില്ല. വിളക്കു് കരിന്തിരി കത്തി കെടാറായിരിക്കുന്നു. വെളിച്ചം കുറഞ്ഞു വരികയാണു്. എന്നിട്ടും അതിന്നു ചുററും ഒരു ഈയ്യാം പാററ ചുററിപ്പറക്കുന്നുണ്ടു്. അമ്മ അച്ഛനോടു കാരണം ചോദിച്ചു. അച്ഛൻ വിവരം പറഞ്ഞു. അച്ഛതൻ മുതലാളിയുടെ രണ്ടു കുട്ടികളേയും ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർത്താൻ പോവുകയാണു് പോൽ. അവക്കു് നല്ലവണ്ണം ഇംഗ്ലീഷറിയാവുന്ന ഒരാളെ ട്യൂഷ്യനെടുക്കാൻ കിട്ടണം. അച്ഛന്നു് ഇംഗ്ലീഷത്രവശമല്ല. വെറും ലോവർ പ്രൈമറി സ്കൂം ടീച്ചറല്ലെ. അവക്കു് ഒരു ബി. എസ്സി.ക്കാരനെ കിട്ടി. അച്ഛനെ തല്ക്കാലം പിരിച്ചുവിട്ടിരിക്കുന്നു.

കാര്യമറിഞ്ഞപ്പോൾ കരളൊന്നു കാളി. പുകഞ്ഞു കത്തിയ മണ്ണെണ്ണവിളക്കു് പെട്ടെന്നു കെട്ടു. പാററപാറി നടന്നു തീനാളം തല്ലികെടുത്തതോ, അതോ തന്നത്താൻ എണ്ണവററി കെട്ടതോ? എന്തോ. ചുററുപാടും ഇരുട്ടാണു്. കട്ടപിടിച്ച ഇരുട്ടു്. അതു മാത്രമറിയാം.

പട്ടിണിയും പ്രാരബ്ധവുമായിരുന്നു പിന്നത്തെ അനുഭവം. കോളേജിൽ പോവാൻ ഇനി കഴിയില്ലെന്നു് മുഖത്തുനോക്കി അച്ഛൻ പറഞ്ഞില്ല. അതു കണ്ടറിയേണ്ടിവന്നു. ചൂടിപിരിമാത്രം! അതിൽ മിച്ചം വരുന്ന ചില്ലറക്കാശാണു് ഇന്നു് ഈ കുടുംബത്തിന്റെ ആലംബം. അന്നത്തിന്റെ വററു കണ്ട കാലം മറന്നു. കപ്പ പുഴങ്ങിയതും കട്ടൻ കാപ്പിയും മാത്രമാണു് ആഹാരം. അങ്ങനെയുള്ള താൻ എങ്ങിനെ കോളേജിൽ പോകും? പഠിപ്പു് നിർത്തി. ബിരുദധാരിയല്ലാത്ത ഒരു എക്സ്—കോളേജ് സ്റ്റുഡൻററു് പുറത്തുവന്നു. എന്തിന്നു്? ഉദ്യോഗം തെണ്ടുവാൻ മാത്രം.

കാലത്തിന്നു് കുലുക്കമില്ലായിരുന്നു. പാപത്തിന്റെ കരാളദേവത ഒന്നുകൊണ്ടും വിറയ്ക്കാറുമില്ല. കാലം കടന്നുപോയി. പക്ഷെ ആ കരാളദേവത..........അവരം മാത്രം കടന്നുപോകാൻ തയ്യാറായില്ല. പത്രംവായന ഒരു തൊഴിലായിതീർന്നു. ലോകവിവരങ്ങളം അറിയാനല്ല. അറിവു് സമ്പാദിക്കുവാനുമല്ല. വല്ല സ്ഥലത്തും ഉദ്യോഗം ഒഴിവുണ്ടോ എന്നറിയാൻവേണ്ടി മാത്രം. മദ്രാസിലെ ഒരു നെയ്ത്തുമില്ലിൽ ക്ലാർക്കിനെ ആവശ്യമുണ്ടെന്നു പത്രത്തിൽ കണ്ടു. മിനിമം പരീക്ഷായോഗ്യത: സ്കൂംഫൈനൽ പാസ്സായിരിക്കണം. ഉടനെതന്നെ അപേക്ഷിച്ചു. ഇൻററർവ്യൂകാർഡുകിട്ടി. ജോലി കിട്ടുമെന്നു് ഉറപ്പിച്ചു. സ്കൂംഫൈനൽകാരനെയാണു് അവക്കാവശ്യം. പക്ഷെ ഞാൻ എക്സ്—കോളേജ് സ്റ്റുഡൻററാണല്ലോ.

ഇൻററർവ്യൂവിന്നു് മദ്രാസ്‌വരെ പോവണം. യാത്രച്ചിലവും മററു പ്രശ്നങ്ങളും. പണം വേണ്ടെ? കുറഞ്ഞതു് ഒമ്പതു് രൂപയെങ്കിലും വേണം. അമ്പതു ചില്ലിക്കാശുപോലും വീട്ടിലില്ല. അച്ഛൻ അദ്ദേഹത്തിന്റെ സ്നേഹിതനോടു അമ്പതുരൂപ കടം വാങ്ങി. മകനു ജോലി കിട്ടുമെന്ന ഉറപ്പിന്മേൽ! ശമ്പളം കിട്ടിയാലുടനെ തിരിച്ചുതരാമെന്ന വാഗ്ദാനത്തിന്മേൽ!

വൃദ്ധപിതാവിന്റെയും കണ്ണീരിൽ ഈറൻമാറാത്ത അമ്മയുടെയും മുതിർന്നുവരുന്ന പെങ്ങളുടെയും ഒരേ ഒരു ആശാകേന്ദ്രം.

അതെ ഞാൻ വണ്ടികയറി മദ്രാസിലേക്കു്. തികച്ചും ശുഭപ്രതീക്ഷയോടെ.


''പോയിവരൂ. മംഗളം ഭവിക്കട്ടെ.'' അച്ഛൻ പടിയിറങ്ങിയപ്പോൾ പറഞ്ഞ വാക്കുകൾ! പക്ഷെ ഇൻററർവ്യൂവിന്നു് ഹാജരായപ്പോൾ ....... ബിസിനസ്സ് മാനേജർ പറഞ്ഞ വാക്കുകൾ ! ഗ്രാഡ്വേററ്സ് ജോലിക്കപേക്ഷിച്ചിട്ടുണ്ടു് പോലും. തെണ്ടികൾ! കരയാൻ വേണ്ടി പിറന്ന വൻെറ തേങ്ങലുപോലും കണ്ടറിയാത്ത കള്ളപ്പരിഷകൾ ! ........... ചിന്ത താളം പിഴച്ചതാണു്. ഇതൊന്നും പറയാനവകാശമില്ല. മററുള്ളവരും സ്വതന്ത്രരാണു്. തന്നെപ്പോലെ മററുള്ളവക്കും അപേക്ഷിക്കാനവകാശമുണ്ടു്.---സ്കൂൾഫൈനൽകാരനായാലും ഗ്രാഡ്വേററായാലും.

തിരിച്ചു വണ്ടികയറി. വീട്ടിലേക്കു് എങ്ങിനെ കയറും? നിറഞ്ഞകണ്ണുകളിൽ തെളിഞ്ഞുകണ്ടതു് ഇതുമാത്രം --- മകൻെറ ശമ്പളം വാങ്ങി അസനവില്വാദി എണ്ണ തേച്ചു കളിക്കാൻ കൊതിച്ചിരിക്കുന്ന പിതാവു് ! പുളിയിലക്കരയൻ മുണ്ടു് സ്വപ്നം കാണുന്ന തോരാത്ത കണ്ണുകളോടുകൂടിയഅമ്മ!! കീറിയ ബ്ലൌസുമാത്രം ഇട്ടു പഴകിയ ആവശ്യങ്ങൾ നിറവേററപ്പെടാത്ത മൂതിർന്നുവരുന്ന സഹോദരി ! ! !

# കടമകളുടെ മുമ്പിൽ

എം. പി. ശ്രീധർ, II B. Sc.

ക്യാമ്പിൻെറ ഒരു വശത്തു നിന്നും കാപ്പി കള്ള ബെൽ കേട്ടുകൊണ്ടാണ് രാജൻ ഉണർന്നതു. അയാഠം ധൃതിപ്പെട്ടു. ശത്രുവിൻെറ വരവ് എപ്പോഴുമാകാം.



ഒരു വിധം എഴുന്നേററ്, പല്ലു തേച്ച് കാപ്പി കുടിച്ചു അയാഠം മുററത്തേയ്ക്കിറങ്ങി. ആ കണ്ണുകളിൽ ഉറക്കം മതിയായിട്ടില്ല. ഉറങ്ങാൻ സമയമില്ല.

ഉറക്കം !

ഇതുവരെ എല്ലാവരും ഒന്നുറങ്ങിക്കിടന്നതുതന്നെ വിസ്മൃതമായിപ്പോയി. അതുകൊണ്ടു തന്നെ ഇപ്പോഠം ഉറങ്ങാൻ സമയമില്ല.

ഒരൊററ ചിന്തമാത്രം.

മാതൃഭൂമി !

ജനിച്ചു വളരുന്ന മണ്ണ് ! അതു വിലയേറിയതാണ്.

മലയാളിയും പഞ്ചാബിയും എല്ലാവരും ഒന്നിച്ച് തയ്യാറെടുത്തിരിക്കുന്നു. എല്ലാവരും ഒന്നിച്ച് ! അവർ പലപ്പോഴും ഭിന്നിച്ചിരുന്നു.

പക്ഷെ, ഇന്ന് അവർ ഒററക്കെട്ടാണ്.

അക്കൂട്ടത്തിൽ മലബാറിലെ ഒരു കൊച്ചു ഗ്രാമത്തിൽ ജീവിക്കുന്ന രാജനും....

എന്തും മറന്നു, എല്ലാം മറന്നു അയാളും തയ്യാറെടുത്തിരിയ്ക്കുയാണ്.

അയാഠം ക്യാമ്പിൻെറ തെക്കു വശത്തേക്കു നടന്നു നീങ്ങി ചുററും ഒന്നു കണ്ണോടിച്ചു. വല്ലാത്ത മഞ്ഞ്. ആകെ ഒരു മൂടപ്പെട്ട സ്ഥിതി.

അയാഠം തെക്കോട്ടു തന്നെ നോക്കിനില്ക്കുകയാണ്. ഹൃദയം ആ കൊച്ചു വീട്ടിലും ദേഹം ഇവിടെയും. അപ്പോഠം അയാളുടെ ചുണ്ടുകഠം സുന്ദരമായ ആ ഗാനം മന്ത്രിക്കുന്നുണ്ടായിരുന്നു.

“മാമലകഠംക്കപ്പുറത്ത്,
മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു നാടുണ്ട്.”

ആ മനോഹരമായ നാട്ടിലുള്ള ഒരു കൊച്ചു ഗ്രാമത്തിൽ രാജൻെറ കൊച്ചു പെങ്ങഠം അമ്മിണി മണവാട്ടിയാകാൻ പോകുയാണ്.

ആ വിവരം അറിഞ്ഞപ്പോഠം അയാഠം തുള്ളിച്ചാടിപ്പോയി. തുടർന്ന് ഒരു വിഷാദവും ! !

താൻ ആററു നോററു ആശിച്ചിരുന്ന ഒരേ ഒരു സുദിനം ഇന്നു അയാളറിയാതെ കടന്നു പോകും. അതിന്നിടയ്ക്ക് എന്തെല്ലാം സംഭവിക്കും ...?

ഓക്കാൻ കൂടി വയ്യ !

തനിയ്ക്കെല്ലാമായിരുന്നു അവഠം.

വളരെ താണു കേണു അയാഠം ലീവിന്നപേക്ഷിച്ചു നോക്കി. ഈ അടിയന്തിരാവസ്ഥയിൽ ലീവ് ചോദിക്കുന്നതു നിഷ്ഫലമാണെന്നറിഞ്ഞിട്ടും അയാഠം അങ്ങനെ ചെയ്തു. അവളെ ഓർത്തു മാത്രം.

സ്വരണയിൽ തീച്ചൂളയിലേക്കാനയിട്ടുയാണ് അയാളുടെ ഗ്രാമം. ബാല്യകാലജീവിതത്തിലെ മധുരക്കിനാവുകൾ നെയ്തെടുത്ത ഗ്രാമം. അതു വിട്ടിട്ടു മൂന്നു കൊല്ലങ്ങൾ കഴിഞ്ഞുപോയി. അയാൾക്ക് പോകാൻ ഇതിനു മുമ്പ് ലീവ് കിട്ടിയിരുന്നു. പക്ഷെ, പോയില്ല. കുറെ പണമെല്ലാം കയ്യിലാക്കിയിട്ടേ നാട്ടിൽ പോകാവൂ എന്നു അയാൾ ശഠിച്ചിരുന്നു.

ഇപ്പോൾ, ആവശ്യം വന്നപ്പോൾ സാധിക്കുന്നില്ല. വിധിതന്നെ വിധി. അയാൾ സമാധാനിച്ചു.

''കൊച്ചേട്ടാ" എന്നുള്ള അവളുടെ വിളി, കൊഞ്ഞനം കാട്ടൽ, പൊട്ടിച്ചിരി, എല്ലാം അയാൾക്ക് ഓർമ്മവരികയാണ്, വെള്ളിത്തിരയിലെന്നപോലെ.

അവൾ ദേഷ്യപ്പെട്ട് കൊഞ്ഞനം കുത്തുമ്പോൾ രാജൻ പറയും.

''ഈ പെണ്ണിനു് ഒരു ചെക്കനേംകൂടി കിട്ടേല്ല''

''അതിനു് ചേട്ടനെന്താ ഇത്ര നഷ്ടം'' എന്നു പറഞ്ഞു മുഖവും വീർപ്പിച്ചു അവൾ ഓടിക്കളയും. അതു കാണാൻ അയാൾക്കു വളരെ ഇഷ്ടമായിരുന്നു.

ആ അമ്മിണിയ്ക്കുതന്നെ ഇന്നു് ഒരു സെക്കണ്ടറിസ്കൂൾ അദ്ധ്യാപകനെ കിട്ടിയിരിക്കുന്നു.

അവൾ ഭാഗ്യവതിയാണു്.

അയാൾക്കെല്ലാം ഓർമ്മവരികയാണു്.

ജോലി അന്വേഷിച്ചു മടുത്തപ്പോൾ അവസാനത്തെ ഊഴം പട്ടാളമായിരുന്നു. അതു കിട്ടുകയും ചെയ്തു. എന്തുമാകട്ടെ ഒരു ജോലിയായല്ലോ. അതായിരുന്നു അയാളുടെ സമാധാനം.

അന്നു് താൻ വീട്ടിനോടു് യാത്ര പറയുമ്പോൾ അവളുടെ കണ്ണുകൾ കലങ്ങിമറിഞ്ഞിരുന്നു. അവൾ അകത്തേക്ക് ഓടിക്കളഞ്ഞു.

''അമ്മിണീ, ഞാൻ പോയിവരട്ടെ" അവസാനമായി അവളോടു യാത്ര ചോദിച്ചതു് തൊണ്ട ഇടറിക്കൊണ്ടായിരുന്നു. ഉത്തരമൊന്നും കേട്ടില്ല. വെറും കുറെ തേങ്ങലുകൾ മാത്രം. ഒരുവിധം പടി ഇറങ്ങി നടന്നപ്പോൾ അയാൾക്ക് തിരിഞ്ഞുനോക്കാതിരിക്കാൻ കഴിഞ്ഞില്ല. ''ചേട്ടാ'' എന്നുള്ള അവളുടെ വിളി ഇപ്പോഴും മനസ്സിൽ മുഴങ്ങുകയാണു്. ഒരു പ്രതിധ്വനി പോലെ.

അന്നു തീരുമാനിച്ചതാണു് അവളുടെ വിവാഹദിവസം. മേത്തരം ഒരു സാരിയുമായി എത്തിച്ചേരണം. അല്ല, അവളുടെ വിവാഹം തന്നത്താൻ നടത്തണം. അവയെല്ലാം തന്റെ കടമകളാണു്.

ജീവിതത്തിൽ പലതും അനുഭവിച്ചു സായാഹ്നദശയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന മാതാപിതാക്കന്മാരുടെ ചുമലിലേററാതെ ആ ഭാരം താൻതന്നെ ഏല്ക്കുക. അതായിരുന്നു ഏററവും വലിയ ലക്ഷ്യം. അതു തീർച്ചപ്പെടുത്തിക്കൊണ്ടുതന്നെയാണു് അയാൾ ഇതുവരെ നാട്ടിൽ പോകാഞ്ഞതും.

പക്ഷെ, അപ്രതീക്ഷിതമായി ഒരാഴ്ച മുമ്പു് ആ വിവരം താനറിഞ്ഞു. ഒരു ഭയത്തോടുകൂടിയായിരുന്നു ആ എക്സ്പ്രസ്സ് കത്തു് അയാൾ പൊളിച്ചുവായിക്കുവാൻ തുടങ്ങിയതു്.

അയാൾക്കു് വിശ്വസിക്കാൻ കഴിഞ്ഞില്ല. അമ്മിണിയുടെ വിവാഹം നിശ്ചയിച്ചു. ഒരു സെക്കണ്ടറി അദ്ധ്യാപകനാണു് വരൻ. ഉടൻ വരണം. അതായിരുന്നു ആ കത്തിലെ ഉള്ളടക്കം. ഒരു നിമിഷംകൊണ്ടു് അയാൾ സ്വർഗ്ഗത്തിന്റെ മണിമാളികയിലേയ്ക്കാനയിക്കപ്പെട്ടുപോയി. അടുത്തനിമിഷത്തിൽ ഒരൊററച്ചാട്ടം. വേദനകളുടെ ലോകത്തിലേയ്ക്കു്....!

താൻ എല്ലാമായി കരുതിയിരുന്ന ഏകസഹോദരിയുടെ വിവാഹശുഭമുഹൂർത്തത്തിൽ പങ്കെടുക്കാൻ കഴിയാതിരിക്കുക. അയാളെ നന്നെ വിഷമിച്ചു.

അയാൾ തിരിഞ്ഞു കേമ്പിലേയ്ക്ക് നടന്നുപോയി. എല്ലാവരും ഡ്രസ്സണിഞ്ഞിരുന്നു. അക്കൂട്ടത്തിൽ അയാളും തയ്യാറായി.

അയാളുടെ ബെഡ്ഡിന്നരികെ ഉണ്ടായിരുന്ന ഒരു എഴുത്തും ഒരു ബില്ലും കയ്യിലെടുത്തുകൊണ്ടു അയാൾ നിന്നുപോയി.

''എങ്ങനെയെങ്കിലും കൊച്ചേട്ടൻ വരണം''

ആ വാചകം ഒരാവൃത്തികൂടി വായിച്ചു. അപ്പോൾ കലങ്ങി മറഞ്ഞിരുന്ന ആ കണ്ണുകളിൽ നിന്നു ഒരിററു കണ്ണുനീർ ആ കടലാസ്സിലേയ്ക്കടർന്നുവീണു. അങ്ങനെ ആ എഴുത്തിലെ മഷി പരന്നുപോയി. അയാൾ ആ സാരിയുടെ ബില്ലെടുത്തു ഒന്നുകൂടി പരിശോധിച്ചു. നാല്പത്തഞ്ചുരൂപ.

ഒരൊററ സമാധാനം മാത്രം. ഒരു സാരിയും വേറെ നൂറുരൂപയും!

ആ സാരിയേക്കാളും അവൾ വിലകൊടുക്കുക അയാളുടെ വരവിനാണെന്നു അയാൾക്കറിയാം. അതുകിട്ടുമ്പോൾ അവൾ വിചാരിക്കുമോ,

''എന്താ ഏട്ടൻ വരാത്തതു, ഇഷ്ടോല്ലാഞ്ഞിട്ടാണോ''

ഇഷ്ടം !

പക്ഷെ, ആ ഇഷ്ടത്തേക്കാളും വലിയ ഒരു കടമ, മണ്ണ്. മണ്ണിൻെറ രക്ഷ.

ജീവിതം ഒരു പുതിയ വഴിത്തിരിവിലേയ്ക്ക് പ്രവേശിയ്ക്കാൻ പോകുന്ന അവളുണ്ടോ ചിന്തിക്കുന്നു മണ്ണിനെപ്പററി!

അല്ലെങ്കിലും അവളൊരു കുട്ടിക്കളിക്കാരിയാണ്.

പ്രിയസഹോദരീ,

'മനോഹരമായ മണപ്പന്തലിൽ ദീപങ്ങളുടെയും നിറപറകളുടെയും അരികിൽവെച്ച് വരണമാല്യം അണിയാൻ പോകുന്നതിൻെറ ശുഭമുഹൂർത്തത്തിൽ പങ്കെടുക്കാൻ എനിക്കു കഴിയുകയില്ല. ഞാൻ നിസ്സഹായനാണ്. അപ്പോൾ സ്വാതന്ത്ര്യദാഹികളായ ഭാരതത്തിലെ ഓരോജീവനുംവേണ്ടി, വടക്കൻ അതിർത്തികളിൽ പടപൊരുതുകയായിരിക്കും ഞാൻ, നിനക്ക് നന്മവരട്ടെ.''

അങ്ങനെയാണ് അയാൾ ആ കത്തിന്നു മറുപടി എഴുതിയതു്. അവൾ എന്തും വിചാരിക്കട്ടെ.

മാർച്ചിങ്ങിനുള്ള വിസിൽ മുഴങ്ങി.

അയാളും നുഴഞ്ഞുകയറുകയാണ്. മഞ്ഞിൻ കട്ടകൾ നിറഞ്ഞുനില്ക്കുന്ന കുന്നുകളിലൂടെ, കമാൻഡറുടെ ''ഓർഡർ'' അല്ലാതെ മററൊന്നും കേൾക്കാനില്ല.

നിശ്ശബ്ദത!

സൂര്യൻ തലക്കുമുകളിലായി, രാജൻെറ ദേഹത്തിൽനിന്നു ഒഴുകിയിരുന്ന വിയർപ്പുതുള്ളികൾ ഡ്രസ്സെല്ലാം നനച്ചിരിക്കുന്നു. എല്ലാവരും ക്ഷീണിച്ചുപോയി ശത്രുവിൻെറ സാമീപ്യമൊന്നും കണ്ടില്ല, തെല്ലു വിശ്രമിയ്ക്കാനായി അവർ നിന്നു,

അപ്പോഴെല്ലാം അയാളുടെ മനസ്സ് ഒരു യന്ത്രംപോലെ പ്രവർത്തിക്കുകയാണ്. ആ കൊച്ചു വീട്ടിലെ മണിപ്പന്തൽ !

താൻ കാണാത്ത, കാണുവാൻ സാധിയ്ക്കാത്ത കല്യാണപന്തലിനെപ്പററി സങ്കല്പങ്ങൾ ചെറിയതന്തുക്കൾ നെയ്തെടുക്കയാണ്.

പെട്ടെന്നു ''ഓർഡർ''കിട്ടി

ശത്രുസൈന്യം അടുത്തെത്തിയിരിക്കുന്നു.

ഓർഡറുകൾ വീണ്ടും വീണ്ടും മുഴങ്ങുകയാണ്. എല്ലാവരും തോക്കും എടുത്തു തയ്യാറായി നിന്നു. രാജനും.

അപ്പോഴും മനസ്സ് സ്വച്ഛന്ദം വിഹരിക്കുകയായിരുന്നു.

കുസൃതിച്ചിരിയോടുകൂടിയുള്ള മുഖം! കല്യാണപ്പന്തൽ! മണവാളൻ! വരണമാല്യം ചാർത്തൽ! ആൾക്കൂട്ടം എല്ലാം അയാളുടെ ബോധമണ്ഡലത്തിൽ തെളിഞ്ഞുവരികയാണ്.

ഠും ഠും !!

രണ്ടു വെടി മുഴങ്ങി. അപ്പോഴാണ് അയാൾ തന്നെപ്പററിത്തന്നെ ചിന്തിച്ചത്. അയാളും തോക്ക കയ്യിലെടുത്തു തയ്യാറായി നിന്നു. ഓർഡർ കിട്ടാൻ... !

രക്തബന്ധമെല്ലാം മറന്നു, വിശാലമായ മനുഷ്യബന്ധത്തിന്നു വേണ്ടി ജീവിതം ബലിയർപ്പിക്കാൻ അയാളും തയ്യാറായി.

ജനിച്ച മണ്ണ്!

അതു നീധിയാണ് ! !

അതിനെ കളങ്കം വരുത്താൻ ശ്രമിക്കുന്ന മഞ്ഞപ്പട്ടാളത്തോടു എതിരിടും. പൊരുതും.

രാജൻ ചീറിപ്പാഞ്ഞു. രക്തം തിളക്കുകയാണ്, അതിൻെറ പരമാവസ്ഥയിൽ. പുകകൊണ്ടും മററും നിറഞ്ഞിരിക്കുകയാണ് അന്തരീക്ഷം.

മനുഷ്യാത്മാക്കൾ കിടന്നു പിടയുന്നു.

എല്ലാം, എല്ലാം നശിക്കുകയാണ്!!

രാജൻ തോക്കിൻെറ കാഞ്ചി ഒന്നുകൂടി വലിച്ചു. തെരുതെരെ പായുകയാണ് ഉണ്ടകൾ.

സമാധാനത്തിനുവേണ്ടി മാത്രം !

ആ കലുഷിതമായ അന്തരീക്ഷത്തിലും അയാളുടെ മനസ്സിൽ അമ്മിണിയുടെ കൊച്ചുമുഖം ഇടയ്ക്കിടെ കടന്നു വരുന്നുണ്ടായിരുന്നു. ഒരു നേരിയ പുഞ്ചിരിയോടുകൂടി.

എങ്കിലും,

മഹത്തായ കടമകളുടെ മുമ്പിൽ ആ ചിന്ത അയാളുടെ ബലിഷ്ഠമായ കൈകളുടെ ശക്തി കുറയ്ക്കാൻ പര്യാപ്തമായിരുന്നില്ല.

ജയ് ഹിന്ദ്

# എന്റെ മോൻ ജയിച്ചു

**രവി, II B. Com.**



''കുട്ടാ'' മുഴുവനും കുടിക്കു് .... ഉം .... ''എന്താ നോക്കണു'' .... തന്റെ ഇഷ്ടതോഴിയിൽ നിന്നതിന്ന സ്നേഹമസൃണമായ സ്വരം കേട്ടു് കുട്ടൻ അതു മുഴുവൻ ഒററ വലിക്കു് കഴിച്ചശേഷം നന്നായൊന്നമർത്തി മൂളി.

കയറുമായി വന്നിരുന്ന വാച്ചുണ്ണിച്ചേട്ടൻ അതു് കണ്ടു് തെല്ലിട നിന്നിമേഷനായി കണ്ണിൽ വെള്ളം നിറച്ചുകൊണ്ടു നിന്നു. ആ വൃദ്ധന്റെ ഓർമ്മകൾ ചിറകുവെച്ചു് ഉയരുകയാണു്. തന്റെ മകൾ .... തന്റെ ആകെയുള്ളവളാണതു്. തന്റെ ജീവസർവ്വസ്വവുമാണു്. പക്ഷേ അതാലോചിക്കുമ്പോഴേക്കു് അദ്ദേഹത്തിന്റെ സകല വികാരങ്ങളും മേഘത്തിൽ ചന്ദ്രനെപ്പോലെ മറയുകയാണു്. അദ്ദേഹത്തിന്റെ മകളിന്നു് പ്രായംതികഞ്ഞു് നില്ക്കുന്നൊരു യുവകോമളയാണു്.

പക്ഷെ ആ പ്രശ്നം അദ്ദേഹത്തെ ഒരിക്കലും അലട്ടാതിരിക്കത്തക്കവിധം സൌന്ദര്യം വാരിക്കോരി പ്രകൃതി വല്ലിയെ അനുഗ്രഹിച്ചിട്ടുണ്ടു്. സ്നേഹനിധിയായ പിതാവു് തന്റെ ഏക മകൾക്കു് ഇട്ട പേരാണു് ''വള്ളി''. അതദ്ദേഹത്തിന്റെ മരിച്ചുപോയൊരു കൊച്ചുപെങ്ങളുടെ പേരാണു പോലും. പരിഷ്കാരം വന്നെത്തിയപ്പോഴേക്കും 'വള്ളി' 'വല്ലി'യായി മാറി. വല്ലിയുടെ നില്പും നടപ്പും സ്വരവും ആരേയും പിടിച്ചുനിർത്തത്തക്കതാണു്. തല അല്പനേരം താഴ്ത്തി ഒതുങ്ങി കുലീനത്വം സ്ഫുരിപ്പിക്കുന്ന തരത്തിലുള്ള ആ നടത്തം .... അത്ര തടിച്ചതല്ലെങ്കിലും മെലിഞ്ഞു് വെളുത്ത ശരീരം .... മനോഹരമായ മുഖത്തു് കറുത്ത പരൽമീൻപോലെയുള്ള രണ്ടു് കണ്ണുകൾ .... പവിഴത്തെ വെല്ലുന്ന മനോഹാരിതയാർന്ന ചുകന്ന ചുണ്ടുകൾ ... ഇടതൂർന്നു ചുരുണ്ടു് നിതംബംവരെയെത്തുന്ന നല്ല നീളമുള്ള മുടി ഒററയിൽ പിന്നിയിട്ടിരിക്കും ... അല്ലെങ്കിൽ ഈറാനായി കോതിയിട്ടിരിക്കും. ഇത്രയുമാണവളുടെ പ്രത്യേകതകൾ.....മുടികൊണ്ടു് ദിനംപ്രതി കുതിരവാലും പരിപ്പുവടയും തേനീച്ചക്കൂടുമൊന്നും അവൾ നെയ്തെടുക്കാറില്ല. ചുരുക്കിപ്പറഞ്ഞാൽ ഒരു ഫിലിംസ്റ്റാറിന്റെ കട്ടുണ്ടവൾക്കെന്നു് ഒരിക്കൽ കണ്ട ആരും തലകുലുക്കി സമ്മതിക്കും !

സൌന്ദര്യവതിയായ തന്റെ മകളേയും കുട്ടനേയും മാറിമാറി നോക്കിക്കൊണ്ടു് ആ പാവം അവിടെത്തന്നെ നിന്നുപോയി. മകളെ ഭേദപ്പെട്ട തറവാട്ടിൽ ജനിച്ച നല്ലവനായ ഒരു യുവാവിനെക്കൊണ്ടു് വിവാഹം ചെയ്യിക്കണമെന്ന മോഹം അടുത്തു

തന്നെ സാക്ഷാല്ക്കരിക്കാൻ പോകയാണ്. അതിലും മാനവരാശിയെന്നപോലെ അദ്ദേഹത്തേയും അലട്ടന്നൊരു പ്രശ്നമുണ്ട്. .... "സ്ത്രീധനം'' .... ചില്ലറകൊണ്ടൊന്നും തൃപ്തിപ്പെടുന്നവരല്ല വരപക്ഷക്കാർ. മുവ്വായിരം ക. പണമായും രണ്ടായിരം ക. ആഭരണങ്ങളായും അവർ ആവശ്യപ്പെട്ടിരിക്കയാണ്.

കുട്ടനും മൈലനും അദ്ദേഹത്തിൻെറ സ്നേഹത്തിന്നു് പാത്രമായ മററു രണ്ടു മക്കളാണ്. എന്നാലും അവരംക്കധികം ഇഷ്ടം കുട്ടനോടാണ്. കാരണം അവൻ അല്പം കുസൃതിയാണ് മാത്രവുമല്ല അവൻെറ ബലമേറിയ ശരീരവും സുന്ദരമായ ഒത്ത നിറവും ആരേയും ആകഷിക്കത്തക്കതാണ്. തുടച്ച്യയായി മൂന്നുകൊല്ലം ഒന്നാമതായി ''ഹാട്രിക്ക്'' നേടിയവരാണാവീരന്മാർ. പാവപ്പെട്ടവനെങ്കിലും തൻെറ മക്കളെ നന്നാക്കി വളർത്തിയെടുത്ത വാച്ചുണ്ണിച്ചേട്ടൻ തൻെറ മക്കളുടെ ജയത്തിൽ സന്തോഷാശ്രുക്കരം പൊഴിച്ചു.

നാലാമത്തെ മത്സരമാണ് 'ചിറമാലി' കണ്ടത്തിൽവെച്ച നടത്തുന്നത്. അതിന്നു് പങ്കെടുക്കാതിരിക്കുന്നതു് ഒരു കറവാണ് പ്രത്യേകിച്ചും ഹാട്രിക്ക് നേടിയ ആ വീരന്മാർ ...! ഇപ്രാവശ്യം അവരെകൊണ്ടു് പോകുന്നതിൽ വേറൊരു ഉദ്ദേശംകൂടിയുണ്ടു് നമ്മുടെ വാച്ചുണ്ണിച്ചേട്ടന്നു്. കഴിഞ്ഞതവണ തന്നെ അവരുടെ മിടുക്ക് കണ്ടു് പലരും കണ്ണുവെച്ചതാണ്. എന്നാൽ വാച്ചുണ്ണിച്ചേട്ടനെ ഭയന്നു് ആരും ഒന്നും ചോദിച്ചില്ലെന്നേയുള്ളു. പക്ഷേ ഇന്നദ്ദേഹം തൻെറ ഓമനമകളായ വള്ളിയുടെ ശ്രേയസ്സിന്നു്വേണ്ടി തൻെറ മററു് രണ്ടു മക്കളെ കയ്യൊഴിക്കാൻ നിബ്ബന്ധിതനായിരിക്കയാണ്. തൻെറ പ്രാണൻെറ പ്രാണനായ മക്കളെ കയ്യൊഴിക്കാൻ അദ്ദേഹത്തിന്നു് മനസ്സ് വന്നില്ലെങ്കിലും തൻെറ ഓമനമകളുടെ ഭാവിയോർത്തും മക്കരംക്ക് ഒരു പക്ഷേ വേറൊരു ആളുടെ പകൽ നിന്നും കൈവന്നേക്കാവുന്ന ഭാഗ്യമോർത്തും ആ വൃദ്ധൻ കണ്ണുനീരിൽ കുതിന്ന ഒരു അന്ത്യതീരുമാനമെടുത്തു. തൻെറ വാത്സല്യഭാജനങ്ങളായ, തൻെറ മകളുടെ ഇഷ്ടതോഴരായ കുട്ടൻകാളയേയും, മയിലൻ കാളയേയും അന്നത്തെ കാളപൂട്ടു പ്രദർശനം കഴിഞ്ഞ ശേഷം വില്ക്കുക. ആ പണം കൊണ്ടു് തൻെറ മകളുടെ താലികെട്ട് നന്നായി നടത്തുക .... !!!

വാച്ചുണ്ണിച്ചേട്ടൻെറ കാളകരം പങ്കെടുക്കുന്നുണ്ടെന്നറിഞ്ഞതോടെ കാണികരം ആ കഠിനവെയിൽപോലും വകവെക്കാതെ വന്നുനിരന്നു. ആദ്യത്തെ മൂന്നു റൌണ്ടുകളും കുട്ടന്മാർതന്നെ ജയിച്ചു. ആ ഭയങ്കരമായ ഓട്ടത്തിന്നു് മുൻപിൽ മറെറല്ലാവരും ചൂളിയതിലത്ഭുതമില്ല .... ! "കുട്ടാ .... വിടല്ലേടാ .... ! മയിലാ .... വലത്തൊയിഞ്ഞു്കൊടുക്ക് ........ ! കുട്ടാ ... ! മയില്ലാ ........ !'' എന്നീ വിളികരം ഉയന്നപ്പോഴേക്കും അവർ സകല ശക്തികളും സംഭരിച്ച് ഓട്ടം തുടങ്ങി. സന്തോഷത്തള്ളലിൽ കാണികളിൽ ചിലർ മേല്പോട്ടു ചാടുന്നു .... ! മററുചിലർ കൈകൊട്ടുന്നു .... ! ആർത്തു് വിളിക്കുന്നു .... വിസിലടിക്കുന്നു .... ! കണ്ടത്തിലാണെങ്കിൽ തടിക്ക് ബോധമില്ലാതെ കുട്ടനേയും മയിലനേയും വിളിച്ചാർത്തുകൊണ്ടു് ആ വൃദ്ധൻ തൻെറ വാദ്ധക്യത്തെപോലും വകവെക്കാതെ ചാടിനടക്കുന്നു. വാച്ചുണ്ണിച്ചേട്ടൻെറ ശബ്ദം കേട്ടാൽ കുട്ടന്മാർ കൂടുതൽ ഉന്മേഷവാന്മാരായി പായാൻ തുടങ്ങും. അതു് കണ്ടപ്പോരം വാച്ചുണ്ണിച്ചേട്ടന്നു് തൻെറ

മകളെ ഓമ്മവന്നു....! അതോടൊപ്പം രണ്ടു കണ്ണിലും വെള്ളം നിറഞ്ഞു. ആ കണ്ണുനീർത്തുള്ളികൾ അദ്ദേഹം ഒപ്പിയെടുത്തതു് ആരും‌തന്നെ കണ്ടിരിക്കയില്ല....!

അവസാനത്തെ മത്സരത്തിൽ ആകെ എട്ടു് ജോഡി കാളകളാണു് പങ്കെടുത്തിരുന്നതു്. ഒന്നാമത്തെ ജോഡി കണ്ടത്തിലിറങ്ങിയതോടെ ആളുകൾ ആപ്പ്‌വിളി മുഴക്കി. പക്ഷേ പൂട്ടു് തീരെ നന്നായില്ല. രണ്ടാമത്തേതു് പ്രതീക്ഷിച്ചതിലും വഷളായി. മൂന്നാമതായി കുട്ടനും മൈലനും ജനങ്ങളുടെ ഹർഷാരവങ്ങൾക്കിടയിൽ കണ്ടത്തിലിറക്കപ്പെട്ടു. ആളുകൾ ശ്വാസം അടക്കിപ്പിടിച്ചിരിക്കയാണു്. ജഡ്ജ്ജുകൾ സ്റ്റോപ്പ് വാച്ചിലേക്കു് ഉററുനോക്കിക്കൊണ്ടിരിക്കുന്നു. അതാ ഓട്ടം തുടങ്ങിക്കഴിഞ്ഞു, ആളുകൾ അവക്കൊപ്പം ആർത്തുവിളിച്ചുകൊണ്ടോടുന്നു. വാച്ചുണ്ണിച്ചേട്ടൻ ''വിടല്ലടാ .... കുട്ടാ .... ! കുട്ടാ .... മയിലാ ഇടത്തൊായിക്ക് .... ! വലത്തു് മററു് മയിലാ വിടല്ലടാ ... വടക്കു് അടുക്കട്ടെ'' എന്നീ ഡയറക്ഷൻസ് കൊടുത്തുകൊണ്ടിരിക്കയാണു്. കുട്ടന്മാരും അദ്ദേഹത്തിന്റെ പ്രതീക്ഷകളും കുതിച്ചുപായുകയാണു്. ഓട്ടം കണ്ടു പലരും അവയെ എന്തു് വില കൊടുത്തും കൈവശമാക്കണമെന്ന വാശി കയറി. വേലു മുതലാളി തന്റെ ദല്ലാലിയെ ഉടനെ ശട്ടംകെട്ടി. മററു പല കാളക്കമ്പക്കാരിലും ഇവയെ സ്വന്തമാക്കണമെന്ന മോഹവും. ഇവയെ വില്ക്കുണ്ടിവരുമല്ലോ എന്ന വിചാരം വാച്ചുണ്ണിച്ചേട്ടനിലും വ്യത്യസ്തവികാരങ്ങളുളവാക്കി. കുട്ടന്മാരുടെ ഓട്ടം കണ്ടു് ജനാവലി ഒന്നിച്ചാർപ്പുവിളിക്കുവാൻ തുടങ്ങി ''വാച്ചുണ്ണിച്ചേട്ടൻ പൂട്ടു് ജയിച്ചു."!! ''കുട്ടൻ'' അവനാണു് വാച്ചുണ്ണിച്ചേട്ടന്റെ മാനം രക്ഷിച്ചവൻ. ലക്ഷ്യത്തിലേക്കിനി അഞ്ചെട്ടുവാര കൂടിയേ എത്താനുള്ളു എന്നാൽ അതിന്നു മുമ്പായി അതാ ഭയങ്കരമായ ഒരു ശബ്ദം .......! അതോടൊന്നിച്ചൊരു വേദനാജനകമായ അമറലും. ആളുകൾ ആകെ ഉല്കണ്ഠാകുലരായി.... വാച്ചുണ്ണിച്ചേട്ടൻ പൊട്ടിക്കരയുകയാണു്. കുട്ടൻ മൂന്നു കാലിന്മേലാണു് ഓടുന്നതു് ........ ! അതെ .. അവന്റെ വലതു് കാലിലെ എല്ലു് കണങ്കാലിന്നല്പം മീതെ വെച്ചു് പൊട്ടിപ്പോയിരിക്കുന്നു. എന്നാൽ ആ കർമ്മധീരൻ അസഹ്യമായ ആ വേദന വകവെക്കാതെ തന്റെ യജമാനന്റെ മാനം രക്ഷിക്കാൻ ....... തന്റെ കാണികളെ സന്തോഷിപ്പിക്കാൻ .... ? !!! ശേഷിച്ച കാലുകളിൽ ഒരു ഭഗീരഥപ്രയത്നം നടത്തി നാലാമതും തന്റെ യജമാനനു വമ്പിച്ച പെരുമയും വിജയവും സമ്പാദിച്ചു കൊടുത്തു. ലക്ഷ്യത്തിലെത്തിയ കുട്ടൻ ദയനീയമായമറിക്കൊണ്ടു് നിലംപതിച്ചു .... ! ആളുകൾ വാച്ചുണ്ണിച്ചേട്ടനോടൊപ്പം ഓടിക്കൂടി. അദ്ദേഹം പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. തന്റെ മകന്റെ കാലു് പൊട്ടിയിരിക്കുന്നു. അതോടെ തന്റെ മനക്കോട്ടകളും....ഹാ.... കഷ്ടം....മനുഷ്യന്റെ അതിർ കടന്ന ആഗ്രഹത്തിമപ്പിൽ .... ! പേരിനും പെരുമക്കും വേണ്ടിയുള്ള സ്വാർത്ഥപരമായ പരക്കംപാച്ചിലിൽ തന്റെ യജമാനന്നു് വേണ്ടി ജീവിതം പാഴാക്കിയ ഒരു സാധു ജീവി .... !!!

വിഭിന്നാഭിപ്രായങ്ങളെക്കൊണ്ടു് വീർപ്പുമുട്ടിയ ആ അന്തരീക്ഷത്തിൽ വാച്ചുണ്ണി

ച്ചേട്ടൻ ബോധശൂന്യനായി നിലം പതിച്ചു....! അതിനെ തുടർന്നു് അഭിപ്രായ പ്രകടനങ്ങളുടെ ഒരു തല്ലുതന്നെ അവിടെ നടന്നു. കാലു് കെട്ടിയാലൊന്നും ശരിയാവില്ല എന്നൊരു കൂട്ടർ.....അതല്ല അതിലപ്പുറവും നമ്മുടെ ''———''കണിയാരെ കിട്ടിയാൽ ശരിയാവുമെന്നു് മറെറാരു കൂട്ടർ....ചിലർ സഹതാപം പ്രകടിപ്പിച്ചു. ''കാലു് ശരിയാവാൻ വളരെ പണച്ചിലവുണ്ടു്. ഇവിടത്തന്നെ നിറുത്തി ചികിത്സിക്കേണ്ടിവരും ....ശരിയായാലും പ്രവർത്തിക്കും പൂട്ടിന്നും ഒന്നും പററുകയില്ല. അതിനാൽ ഇറച്ചിവിലക്കു് വില്ക്കുകയാണു് നല്ലതു്'' എന്നൊരു കൂട്ടർ....!!! ഇതു് കേട്ടോ എന്തോ ദുഃഖാകുലനായ മൈലനെ നോക്കി കുട്ടൻ വേദനാജനകമായി ഒന്നമറി. ആ നാലു കണ്ണുകളിൽനിന്നും ചുടു കണ്ണുനീർ കുടുകുടാ പ്രവഹിച്ചു. മൂന്നാലാളുകൾ ഇതിന്നിടെ വാച്ചുണ്ണിച്ചേട്ടനെ മറെറാരു സ്ഥലത്തേക്കു് മാററിയിരുന്നു. കുറച്ചു് ശുദ്ധവായുവേററപ്പോൾ അദ്ദേഹത്തിന്നു് ബോധം വീണു. എഴുന്നേററിരുന്നു ശൂന്യതയിലേക്കു് കണ്ണുകളയച്ചുകൊണ്ടു് അദ്ദേഹം എന്തൊക്കെയോ അവ്യക്തമായി പിറുപിറുത്തു. ''കുട്ടൻ........ന്റെ മോൻ ജയിച്ചു ........!! സ്ത്രീധനം ....! മോളേ....വള്ളീ....! അന്റെ കല്യാണം.... സ്ത്രീധനം.... !!! കുട്ടാ ........!! ....! വീണ്ടും അദ്ദേഹം ബോധശൂന്യനായി. അപ്പോൾ അതിലുപരിയായി കുട്ടന്റെ ദീനരോദനം ഉയർന്നുകൊണ്ടിരുന്നു.

# ഓർമ്മകൾ

വി. കെ. ചന്ദ്രശേഖരൻ നായർ, II B. Sc.

പുറത്തു്, അരിമുല്ലമൊട്ടുകൾ പ്രകൃതിയുടെ മനോഹാരിത തിങ്ങുന്ന കാവ്യഭംഗിയിൽ പുളകമണിഞ്ഞു. പൊട്ടിച്ചിരിയ്ക്കുന്ന ചെമ്പരത്തിപ്പൂവിൻെറ ഇതളുകളിൽ അന്തികിരണങ്ങൾ അരുണാഭപകർത്തി. തുറന്നുകിടന്ന ജാലകത്തിലൂടെ കുളിരണിഞ്ഞ തെന്നലുകൾ ഒഴുകിയെത്തി. മനസ്സിലാകെ ഒരുന്മേഷം പകന്നു. തഴച്ചുവളന്നു നില്ക്കുന്ന സൂര്യകാന്തിയിൽ എൻെറ നയനങ്ങൾ തടഞ്ഞു. ഞാൻ ജന്നലഴികൾക്കിടയിൽ മുഖമമത്തി. ഓർമ്മകൾ ഓടിയണഞ്ഞു.

ആട്ടിൻ കുട്ടിയുടെ ആത്തനാദം കാതുകളിൽ മുഴങ്ങുന്നതായിതോന്നി. കുളിത്തോഴിയായ കുഞ്ഞാടു് തൻെറ ഏറ്റുകൊണ്ടു് നിലത്തു കിടന്നു പിടഞ്ഞപ്പോൾ പാവം ഗീത പൊട്ടിക്കരഞ്ഞു. സങ്കടത്തോടെ കരഞ്ഞു തളന്നു മയങ്ങിക്കിടന്ന ഗീതയെ പ്പൊത്തിപ്പിടിച്ചുമ്മവച്ചു.

ആ പൂച്ചെടി നട്ടതു് ലളിതയാണെങ്കിലും, അതിനു് നിത്യവും വെള്ളം കോരിനനക്കുന്നതു് താനായിരുന്നു. രാവിലെ ഉണന്നാൽ സൂര്യകാന്തിയുടെ അടുത്തെത്തിയതിനു ശേഷമേ താൻ കാപ്പിപോലും കുടിക്കാറുള്ളു.

''കിനാവു കണ്ടു നില്ക്കുവാ'' തിരിഞ്ഞു നോക്കുമ്പോളുണ്ടു് പിന്നിൽ ലളിത.

''ഞാനാ നോട്ടു പകത്താൻ തുടങ്ങുവായിരുന്നു'' കുററബോധം കലന്നമട്ടിൽ ഞാൻ പറഞ്ഞു.

''അല്ലാന്നു് ഞാൻ പറഞ്ഞോ?''

''വിററടിക്ക്യാച്ചാ പറേണേ, ചിരിക്കാനാ''

''ചിരിക്കാനാ! ചിരിക്കട്ടെ'' അവൾ കളിയാക്കിപ്പറഞ്ഞുകൊണ്ടകത്തേക്കു പോയി.

പെണ്ണിൻെറ ഒരു കളി കണ്ടില്ലേ? വലിയ സുന്ദരിയാന്നാ ഭാവം. ധാവണി ചുററാൻ തുടങ്ങിയിട്ടേയുള്ളു നടപ്പിൻെറ ഒരു ഗമ കണ്ടില്ലേ?

ഓ! മലയാളം നോട്ടു പകത്തിക്കഴിഞ്ഞിട്ടില്ല. അതു വാങ്ങിക്കാനാണോ അവൾ വന്നതു? ആയിരിക്കാം. ഞാൻ ബാക്കി നോട്ടു പകത്താൻ തുടങ്ങി.

പാത്രസൃഷ്ടികളുടെ പ്രാധാന്യത്തെപ്പററി ശ്രീ കുട്ടികൃഷ്ണമാരാർ ഇങ്ങനെ പറയുന്നു. ''രചനാഭംഗിയിലും രാഗാദി വണ്ണനകളിലും അത്ഥകല്പനകളിലുമൊക്കെ എന്തെല്ലാം വൈജാത്യങ്ങളുണ്ടായാലും അവയൊന്നുമല്ല ഇതിവൃത്തപരങ്ങളായ കാവ്യങ്ങളിൽ പ്രാധാന്യം. കാവ്യത്തിൻെറ ആത്മാവെന്നു പറയപ്പെടുന്ന രസവും മുഖ്യമായും അതിനെ അവലംബിച്ചത്രേ വ്യക്തമാകുന്നതു്.''

നോട്ടു് എഴുതിക്കഴിഞ്ഞു ബുക്കു് മടക്കിവെച്ചു കസേലയിൽനിന്നും എണീക്കാൻ ഭാവിക്കവേ കണ്ടതു്— ഗീത ടൈംപീസു് എടുത്തു തിരിച്ചും മറിച്ചും നോക്കുന്നതാണു്. താൻ ശ്രദ്ധിച്ചു.

സൂചിയുടെ ചലനത്തിലോ, ഡയലിൻെറ ഭംഗിയിലോ, മററോ അവൾ ആറ്റാളം കണ്ടെത്തുകയാവാം. ആ കരുന്നു ഹൃദയം വെറും ഒരു ടൈംപീസിൻെറ സാന്നിദ്ധ്യത്തിൽ എത്രമാത്രം സന്തോഷിക്കുന്നു. ടിക്കു് .... ടിക്കു് .... ടിക്കു് .... എന്ന ശബ്ദം അവളുടെ കരളിൽ കവിത പകരു

ന്നുണ്ടാവണം. അല്ലെങ്കിലെന്തിനാണ് അതെടുത്ത് ചെവിയോടടുപ്പിച്ചു പിടിച്ചിരിക്കുന്നത്.

കിണ്ണിം .... കൈതെററി — താഴെ വീണു. ഗീത ഞെട്ടിപ്പിടഞ്ഞെഴുന്നേററു. താനത് തറയിൽനിന്നും കുനിഞ്ഞെടുത്തു. അവരാ ഓടി കോലായിലിരുന്ന അമ്മയുടെ മടിയിൽ കയറി.

''ചേച്ചിയുടെ പുന്നാരമോള് കാണിച്ച പണി കണ്ടോ?'' ഞാൻ ചേച്ചിയെ വിളിച്ചു.

''ന്താ .... ൻെറ ... പൊന്നു രവ്യേ ....'' ഒരു കുസൃതിച്ചിരിയോടെ തങ്കച്ചേച്ചി ഉമ്മറത്തേക്കു വന്നു.

"ഒ .... ന്നു .... ല്ല്യേ'' താനും കളിയാക്കുന്ന ഭാവത്തിൽ.

''ഒ .... ന്നു .... ല്ല്യേ'' ചേച്ചിയുടെ പുറകിൽ നിന്നു ലളിത.

''പെണ്ണു കേറിയങ്ങ് വിലസണ്ട്ട്ടോ''

''അവളെ നിന്നെക്കൊണ്ട് കെട്ടിക്ക്യാൻ പൂവ്വാ'' ചേച്ചി തൻെറ നേരേ നോക്കിച്ചിരിച്ചു.

ലളിത ചേച്ചിയുടെ കൈത്തുമ്പിന്മേൽ നുള്ളി അകത്തേക്ക് ഓടി.

ഞാൻ തിരിഞ്ഞു വായനമുറിയിലേക്കു നടന്നു. കസേലയിലിരുന്നു ചെറുപുഞ്ചിരിയോടെ കണ്ണാടി എടുത്തു നോക്കി. മുടി ചീകി. മുഖത്തല്പം പൗഡറു തടവി.

ഓ. അവളുടെ ഒരു നാണം. തനിക്കും ലജ്ജ അനുഭവപ്പെടുന്നപോലെ തോന്നി. ഹൃദയത്തിൽ ആഹ്ലാദത്തിൻെറ കൊച്ചലച്ചാർത്തുകരാ ഓളം തല്ലി.

കുട്ടിക്കളികളൊരുക്കി, മനസ്സിനെ ആനന്ദാനുഭൂതിയിൽ ലയിപ്പിക്കുന്ന ഗീത, വാത്സല്യവും അറിവും പകർന്ന് ജീവിതത്തിനു ഒരുദ്ദേശവും ലക്ഷ്യവും കൈവരുത്തുന്ന അച്ഛനമ്മമാർ, സഹോദരസ്നേഹത്താൽ ദൈനംദിന ജീവിതത്തിനു മാററുകൂട്ടുന്ന ചേച്ചി, കരളിലിക്കിളിപകരുന്ന കളിത്തോഴിയായ ലളിത :

ഹാ ! ജീവിതം എത്ര മധുരമാണ്.

എന്തോ ശബ്ദം കേട്ടെന്നപോലെ ഞാൻ വാതിൽപ്പൊളി നീക്കിനോക്കി. ലളിത സ്വന്തം കൈകൊണ്ടു നട്ട് താൻ നനച്ച് അമ്മയുടേയും ചേച്ചിയുടേയും ലാളനമേററു വളർന്നു പൂവണിയാറായ സൂര്യകാന്തിയുണ്ട് ഗീതയുടെ കുഞ്ഞാടിൻെറ വായിൽ. ആ കാഴ്ചകണ്ട് ദേഹം കോരിത്തരിച്ചു. എന്നിൽ സങ്കടവും ദേഷ്യവും ഇരമ്പി — തറയിൽ കിടന്ന മരക്കഷണമെടുത്തു താനതിനെ ലക്ഷ്യമാക്കി എറിഞ്ഞു.

ടേ .... അതു കൃത്യം ചെന്നു കുഞ്ഞാടിൻെറ തലയ്ക്കു കൊണ്ടു.

''എന്താ രവീ അത്'' ഒച്ചകേട്ട് ഉമ്മറത്തു നിന്ന ചേച്ചി തിരിഞ്ഞുനോക്കി. ഗീത കിടന്നു കരയാൻ തുടങ്ങി.

''നീയെന്താ മോനേ .... ഈ കാട്ടീത്'' അമ്മ മൂക്കത്ത് വിരൽവച്ചു.

''മ്മേ..േ....േ.....മ്മേ....േ....േ.....'' പിടയുന്ന ആട്ടിൻ കുട്ടിയുടെ പ്രാണവേദന.

ഞാൻ ഞെട്ടിയുണർന്നു നോക്കുമ്പോളുണ്ടു പ്രേമ കാപ്പിയുമായി കട്ടിലിനരികെ നില്ക്കുന്നു.

''ന്താ ... ഇത്ര ആലോചിച്ചു കിടന്നിരുന്നത്? ഞാൻ ഇത്തിരി നേരമായി ഇവിടെ നില്ക്കുന്നു.''

''ബാല്യകാലത്തെപ്പററി ഓർക്കുകയായിരുന്നു''

''ഉം .. ബാല്യകാലസഖിയെപ്പററിയായിരിക്കും.''

ഭാര്യയുടെ വാക്കുകേട്ട് ഞാൻ പുഞ്ചിരിച്ചു.

# ഒരു രാത്രി

എം. കെ. കുമ്പള, B. Sc. III



ഇതൊരു രാത്രിയിൽ നടന്ന കഥയാണ്. രാത്രി എന്ന് പറയുമ്പോൾ 'അറേബ്യൻ രാത്രി' കളിലെ, മനുഷ്യനെ മത്ത് പിടിപ്പിക്കുന്ന മായാജാലങ്ങളുടേയും, മാന്ത്രികക്കോട്ടകളുടെയും, മാണിക്യക്കല്ലുകളുടേയും കഥയായിരിക്കുമെന്ന് തെററിദ്ധരിക്കരുത്. അസ്തമയസൂര്യൻ ആഴിയുടെ അടിത്തട്ടിലേക്ക് ആണ്ടുപോയപ്പോൾ രാത്രിയാകുന്ന ചാരസ്ത്രീ തന്റെ കറുത്ത സാരിത്തുമ്പുകൊണ്ട് ഭൂമുഖത്തെ മൂടിപ്പുതപ്പിച്ചതു മൂലമുണ്ടായ ഘോരമായ കൂരിരുട്ടിൽ, സ്വൈരവിഹാരം നടത്തുന്ന കൊള്ളത്തലവന്മാരുടേയും, കൊലപാതകികളുടേയും പരാക്രമങ്ങൾ നിറഞ്ഞ സംഭവബഹുലമായ 'ഒരു രാത്രി'യുടെ കഥയായിരിക്കുമെന്നും നിങ്ങൾ സംശയിച്ചേക്കാനിടയുണ്ട്. അങ്ങനെ സംശയിക്കുകയാണെങ്കിൽ നിങ്ങൾക്ക് നിരാശപ്പെടേണ്ടി വരും. പിന്നെ ഈ 'ഒരു രാത്രി'ക്ക് ഇത്രയധികം പ്രാധാന്യമെന്തെന്നല്ലേ? പറയാം.

വളരെ നിസ്സാരമായ, കേൾക്കുന്നവർ ചിരിച്ചു തള്ളിക്കളയുന്ന, ഒരു വിഡ്ഢിത്തത്തിന്റെ കഥയാണിത്. പക്ഷെ എന്നെ സ്സംബന്ധിച്ചേടത്തോളം ഇതൊരു 'മറക്കാൻ വയ്യാത്ത' അനുഭവം കൂടിയാണ്. സംഭവത്തിന്റെ അപ്രധാന്യമോർക്കുമ്പോൾ ലജ്ജതോന്നുന്നുവെങ്കിലും സന്ദർഭത്തിന്റെ ഗൌരവം കണക്കിലെടുത്തുനോക്കുമ്പോൾ അതിന്ന് പ്രാധാന്യം കല്പിക്കാതെ നിവൃത്തിയില്ല. അതികമൊന്നും നീട്ടിക്കൊണ്ടു പോകുന്നില്ല; സംഭവത്തിലേക്ക് തന്നെ കടന്നു കളയാം.

കോളേജ് 'റിഓപ്പനിങ്ങി'ന്റെ തലേന്നാൾ രാത്രിയാണ് സംഭവം നടന്നത്. പിറേറന്ന് പുലർച്ചക്ക് നാട്ടിൽ നിന്നും പുറപ്പെടുന്ന വണ്ടിക്ക് പോകാനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു കഴിഞ്ഞ ശേഷം വളരെ വൈകീട്ടാണ് ഉറങ്ങാൻ കിടന്നത്. വായനമുറിയിൽ ഞാൻ തനിച്ചാണ് കിടക്കാറുള്ളത്. കിടക്കുന്നതിന്നു മുമ്പ്, അതിരാവിലെ വിളിച്ചുണർത്താൻ വേണ്ടി വീട്ടുകാരോട് പ്രത്യേകം പറഞ്ഞേല്പിച്ചിരുന്നു. വണ്ടി തെററിയാൽ പത്തു മണിക്ക് മുമ്പ് കോളേജിലെത്താൻ കഴിയുകയില്ല. പിറേറന്ന് ചെയ്തുതീർക്കേണ്ട കാര്യങ്ങളോരോന്നായി ആലോചിച്ചുകൊണ്ടിരിക്കെ, ഞാനറിയാതെ തന്നെ നിദ്രാദേവി എന്നെ ആശ്ലേഷിച്ചു.

എന്തോ ശബ്ദം കേട്ടിട്ടാണ് ഞാൻ ഞെട്ടിയുണർന്നത്. ചുററും കട്ടപിടിച്ച കൂരിരുട്ട്. സമയം മദ്ധ്യരാത്രി കഴിഞ്ഞു കാണുമെന്നാണ് തോന്നുന്നത്. മേശപ്പു

ത്തുനിന്നും ഒരു പുസ്തകം താഴെ വീഴുന്ന ശബ്ദം കേട്ടപ്പോഠം ഞാനങ്ങോട്ടു തിരിഞ്ഞു നോക്കി. ഞാൻ അന്തം വിട്ടുപോയി! കണ്ണു തിരുമ്മിക്കൊണ്ടു് വീണ്ടും സൂക്ഷിച്ചു നോക്കി ....... എന്റെ മേശപ്പുറത്തു് ഒരു വെളുത്ത രൂപം ഇരിക്കുകയാണു്! എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഞാനെന്താണീ കാണുന്നതു? മദ്ധ്യരാത്രിയിൽ എന്റെ കിടപ്പുമുറിയിലേക്കു് ഒരാഠം കടന്നു വന്നിരിക്കുന്നു! ഞാനാകെ വിയർത്തൊലിച്ചുപോയി. ശബ്ദിക്കാൻ നാവു് പൊങ്ങുന്നില്ല...............മുറിക്കകത്തു് ഈ 'പുള്ളി' എങ്ങനെ കടന്നു വന്നു? ആലോചിച്ചിട്ടൊരു പിടിയും കിട്ടുന്നില്ല. വീട്ടിന്റെ പ്രവേശനവാതിൽ കടന്നു രണ്ടുമൂന്നു് മുറികഠം പിന്നിട്ടുവേണം ഞാൻ കിടക്കുന്ന മുറിയിലേക്കു് പ്രവേശിക്കാൻ. അപ്പോഠം ... പുറത്തേക്കുള്ള വാതിൽ പൂട്ടീട്ടില്ലെന്നോ? അങ്ങനെ വരാൻ വഴിയില്ല. കാരണം, വാതിൽ പൂട്ടിയതു് ഞാൻ തന്നെ കണ്ടതാണു്. പിന്നീടാരും തുറക്കാനിടയില്ല. കുററി പുറത്തുനിന്നും വല്ല വിധേനയും നീക്കം ചെയ്തതായിരിക്കുമോ? ഒന്നും വ്യക്തമല്ല.

അതാ, വീണ്ടും പുസ്തകങ്ങഠം അനങ്ങുന്ന ശബ്ദം! അവൻ മേശപ്പുറത്തുള്ള എന്റെ സൂട്ട്കേസ്സ് പരിശോധിക്കുകയാണോ? എങ്കിൽ മഹാ കഷ്ടം തന്നെ. എനിക്കു് മേശയുടെ ഭാഗത്തേക്കു് നോക്കാൻതന്നെ പേടിതോന്നി. ഞാൻ കണ്ണിറുകിയടച്ചു കളഞ്ഞു! അവൻ സൂട്ട്കേസ്സ് അങ്ങനെ തന്നെ പൊക്കിയെടുത്തുകൊണ്ടു് പോയ്ക്കളയുമോ? അതിനകത്തു് പല വേണ്ടപ്പെട്ട സാധനങ്ങളുമുണ്ടു്. ദൈവമേ! അങ്ങനെ വരുതേ! ഞാൻ പ്രാർത്ഥിച്ചു. കെമിസ്ട്രി നോട്ടുപുസ്തകങ്ങഠം, സർട്ടിഫിക്കററുകഠം, പ്രസ്സിൽ ഏല്പിക്കാൻ കരുതിയിരുന്ന ഒന്നു് രണ്ടു് ലേഖനങ്ങഠം, പേന, ഫീസടക്കാനുള്ള പണം—അങ്ങനെ ഒട്ടവളരെ സാധനങ്ങളുണ്ടായിരുന്നു ആ സൂട്ട്കേസിനകത്തു്. വേറെന്തു് കൊണ്ടുപോയാലും തരക്കേടില്ല, പുസ്തകങ്ങളും സർട്ടിഫിക്കേററുകളും കൊണ്ടുപോകാതിരുന്നാൽ മതിയായിരുന്നു. പ്രത്യേകിച്ചും, കഷ്ടപ്പെട്ടെഴുതിയുണ്ടാക്കിയ നോട്ടുപുസ്തകങ്ങഠം!

ശ്വാസംപോലും ഉച്ചത്തിൽ കഴിക്കാതെ ഒരു ശവം കണക്കെ കിടക്കുകയായിരുന്നു ഞാൻ. അവന്റെ കയ്യിൽ വല്ല മാരകായുധങ്ങളുമുണ്ടെങ്കിലോ? കള്ളന്മാർ എപ്പോഴും കരുതലോടുകൂടിയിരിക്കും. ഞാൻ ശബ്ദിക്കുകയാണെങ്കിൽ അവനെന്നെ കുത്തിമുറിവേല്പിച്ചു ഓടിക്കളയാനിടയുണ്ടു്. നൈരാശ്യവും, ഭീതിയും മൂലം അവൻ വല്ല കടുകൈയും പ്രവർത്തിക്കുകയാണെങ്കിൽ അതനുഭവിക്കേണ്ടതു് ഞാനല്ലേ?

പെട്ടെന്നെനിക്കൊരു യുക്തി തോന്നി, ഞാൻ കിടക്കുന്ന കട്ടിലിനടുത്തുതന്നെയാണു് മുറിയുടെ വാതിൽ. പെട്ടെന്നു് പുറത്തേക്കു് ചാടിക്കടന്നു് വാതിൽ പുറത്തുനിന്നും അടച്ചു കളയുക! എങ്കിൽ എനിക്കു് രക്ഷപ്പെടാം, അതോടൊപ്പം പുള്ളിയേയും പിടികിട്ടും, പക്ഷെ കിടന്നേടത്തുനിന്നും അനങ്ങാൻ പോലും ധൈര്യം വരുന്നില്ല. ജീവിതത്തിൽ ആദ്യമായിട്ടാണു് ഇത്തരമൊരു അനുഭവമുണ്ടാകുന്നതു്. ഒരു കള്ളനുമായി ഒററക്കു്, അതും കിടപ്പുമുറിയിൽവെച്ചു് ഈ അസമയത്തിങ്ങനെ കൂട്ടിമുട്ടേണ്ടിവരിക! ഓർക്കാൻപോലും കഴിയുന്നില്ല.

അവസാനം ഞാൻ സർവ്വധൈര്യവും സംഭരിച്ചുകൊണ്ടു് പുറത്തേക്കൊരു ചാട്ടം വെച്ചുകൊടുത്തു്! തുടന്നു മിന്നൽവേഗ

ത്തിൽ വാതിലടച്ചു പുറത്തുനിന്നും കുററിയിട്ടു കളഞ്ഞു!!

അദ്ധ്വരാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് വാതിൽ കൊട്ടിയടച്ച ശബ്ദം കേട്ടപ്പോൾ വീട്ടുകാരെല്ലാവരും ഞെട്ടിയുണന്നു. അടുത്തമുറിയിൽ നിന്നും ''എന്തു പററി'' യെന്നു ചോദിച്ചുകൊണ്ടു അനുജൻ ഓടിവന്നു.

ഒരു മിനുട്ടുനേരത്തേക്കു് എനിക്കു് ഒന്നും പറയാൻ കഴിഞ്ഞില്ല. എൻെറ ഹൃദയം അതിവേഗത്തിൽ തുടിക്കുകയായിരുന്നു. വീണ്ടും അനുജൻ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു.

''കള്ളൻ എൻെറ മുറിയിൽ''.

അപ്പോഴേക്കും വീട്ടുകാരെല്ലാവരും ''എന്തു്? എന്തു്പററി''യെന്നു ചോദിച്ചുകൊണ്ടു ഞങ്ങളെ സമീപിച്ചു. ഒരു മഹാസാഹസകൃത്യം ചെയ്തതുപോലെ ഞാൻ സംഭവങ്ങൾ പിതാവിനെ പറഞ്ഞു കേൾപ്പിച്ചു.

''നീ പോയി അമ്മാവനെ വിളിക്കു!''.

പിതാവു് അനുജനെ പറയഞ്ഞച്ചു. തൊട്ടടുത്ത വീട്ടിലായിരുന്നു അമ്മാവനും കുടുംബവും താമസിക്കുന്നതു്. ടോർച്ചുമായി അമ്മാവൻ ഓടിയെത്തി. അപ്പോഴേക്കും അനുജൻ അയൽവീട്ടിലെ ''ലാഫ്ട്ട്വുസ്സി''നേയും കൂട്ടിക്കൊണ്ടു് വന്നു.

ഇടയ്ക്കു് ''ലാഫ്ട്ട്വുസ്സി''നെക്കുറിച്ചു് രണ്ടു് വാക്കു്: അദ്ദേഹത്തിൻെറ ശരിയായ പേരെന്താണെന്നു് എനിക്കു് നല്ല നിശ്ചയമില്ല. അധികമാക്കും നിശ്ചയമുണ്ടായിരിക്കുകയില്ലെന്നാണെൻെറ വിശ്വാസം. പക്ഷെ ലാഫ്ട്ട്വുസ്സ് എന്ന പേരിൽ അയാൾ പ്രസിദ്ധനാണു്. സ്ഥലത്തെ ഒരു കായികാഭ്യാസിയും ധൈര്യശാലിയുമായ ചുറുചുറുക്കുള്ള ഒരു യുവാവാണയാൾ. എന്നെ അദ്ദേഹത്തിന്നു് വലിയ ഇഷ്ടമാണു്. ആക്കും എന്തു സഹായം വേണമെങ്കിലും ചെയ്യാൻ എപ്പോഴും തയ്യാറാണദ്ദേഹം. സ്വജീവൻപോലും പരിഗണിക്കാതെ എന്തു സാഹസകൃത്യം ചെയ്യാനും അയാൾ സന്നദ്ധനാണു്. ഞങ്ങൾക്കെല്ലാവക്കും അയാളെ വലിയ കാര്യമാണു്. പക്ഷെ അയാൾക്കു് അല്പം ആവേശം കൂടുതലാണെന്നു് മാത്രം!

''അവൻെറ എല്ലു ഞാൻ തകക്കും! ആരാണവൻ? അവൻ അത്രയ്ക്കായോ?'' ലാഫ്ട്ട്വുസ്സ് അട്ടഹസിച്ചു. ഈ കോലാഹലമെല്ലാം കേട്ടപ്പോൾ അടുത്ത വീട്ടിലെ 'അന്തിച്ചാ'വും 'ബത്തേരിയുപ്പു'വും ഓടിവന്നു. 'ബത്തേരിയുപ്പു'വിൻെറ കൈയിൽ ഒരു വെട്ടുകത്തിയുണ്ടായിരുന്നു. ''കള്ളനോ! എവിടെയവൻ?''

ബത്തേരിയുപ്പു ആരോടെന്നില്ലാതെ ചോദിച്ചു. ലാഫ്ട്ട്വുസ്സിനെപ്പോലെതന്നെ അല്പം ആവേശക്കൂടുതലുള്ള മറെറാരു ചെറുപ്പക്കാരനാണു് ബത്തേരിയുപ്പു്. അന്തിച്ച ഒരു മദ്ധ്യവയസ്സനാണു്. അയാളുടെ കൈയിൽ ഒരു ചൂരൽ വടിയുണ്ടായിരുന്നു.

''ആരും കുഴപ്പമുണ്ടാക്കരുതു്. അവനെ നമ്മൾക്കു് പോലീസിലേല്പിക്കാം.'' അമ്മാമൻ പറഞ്ഞു.

''പോലീസോ! എന്തു് പോലീസ്? ഞാനിവിടെയിരിക്കെ പോലീസിൻെറ ആവശ്യമുണ്ടോ? അവൻെറ കാര്യം ഞാൻ നോക്കിക്കൊള്ളാം'' ലാഫ്വുസ്സ് ഉച്ചത്തിൽ ആത്തുവിളിച്ചു.

''എന്തായാലും നമുക്കു് കള്ളനേതാണെന്നു നോക്കാം'' അന്തിച്ച അഭിപ്രായപ്പെട്ടു.

''ജയിലിൽ നിന്നും ചാടിപ്പോന്ന ആ കേഡിക്കിട്ടനാണെന്നാ തോന്നുന്നതു്. മ

റാക്കും ഇത്ര ധൈര്യം വരില്ല'' ബത്തേരിയുപ്പ പറഞ്ഞു.

എല്ലാവരും എന്റെ കിടപ്പുമുറിയുടെ അടുത്തേക്കു് വന്നു.

''ഇവൻ അകത്തേക്കെങ്ങനെ കടന്നു വെന്നതാണ് പ്രശ്നം. വീട്ടിന്റെ പുറത്തേക്കുള്ള വാതിൽ ശരിക്കും പൂട്ടിയിട്ടുണ്ടായിരുന്നു'' ഞാൻ പറഞ്ഞു.

''ഞാൻ മുറിയുടെ വാതിൽ തുറക്കട്ടെ ?'' ലാഫ്ട്ട്വുസ്സ് ചോദിച്ചു.

''സൂക്ഷിക്കണം! കിട്ടന്റെ പക്കൽ ഒരു കൈത്തോക്കുണ്ടെന്നു് കേട്ടിട്ടുണ്ടു്'' അന്തിച്ച താക്കീതു് നല്കി.

''എന്നാൽ പോലീസു വന്നശേഷം മുറിയുടെ വാതിൽ തുറന്നാൽ മതി''. അമ്മാവൻ ലാഫ്ട്ട്വുസ്സിനെ തടുത്തു.

''നിങ്ങൾക്കു് ധൈര്യമില്ലെങ്കിൽ നിങ്ങളങ്ങോട്ടു് മാറി നിന്നോളീൻ. ഞാൻ ഒററക്കു ഇവനോടൊരു കൈ നോക്കും!''

ലാഫ്ട്ട്വുസ്സ് വിടുന്ന ഭാവമില്ല.

''അവന്റെ ചങ്കിന്റെ ഞരമ്പു് ഞാൻ തകർക്കും, പോലീസിന്റെ ആവശ്യമൊന്നുമില്ല വാതിൽ തുറക്കു!'' ബത്തേരിയുപ്പ ആവേശത്തോടെ വെട്ടുകത്തി ഉയർത്തി.

''ഏതായാലും അവൻ ഒററക്കല്ലേ? നമ്മൾകുറേപേരുണ്ടല്ലോ. അവന്നു് ഒന്നും ചെയ്യാൻ കഴിയില്ല. വാതിൽ തുറന്നു നോക്കാം''

അന്തിച്ച വീണ്ടും അഭിപ്രായപ്പെട്ടു.

''എടാ! നിന്റെ പക്കലുള്ള ആയുധങ്ങൾ താഴെവെച്ചു നീ കീഴടങ്ങിക്കോളൂ. ഇല്ലെങ്കിൽ നിന്റെ കുടൽമാല ഞാൻ ചീന്തിക്കളയും!''

നിവർത്തിപ്പിടിച്ച കഠാരിയുമായി ലാഫ്ട്ട്വുസ്സ് ഗർജ്ജിച്ചു. പിന്നീടു് ആരുടെ സമ്മതത്തിന്നും കാത്തുനില്ക്കാതെ ലാഫ്ട്ട്വുസ്സ് വാതിലിന്റെ കുററി നീക്കം ചെയ്തു........സംഭ്രമജനകങ്ങളായ നിമിഷങ്ങൾ! ബത്തേരിയുപ്പ വെട്ടുകത്തി ഉയർത്തിപ്പിടിച്ചു. അന്തിച്ച തൂരലിന്റെ പിടിമുറുക്കി. അമ്മാവൻ ടോർച്ചു കത്തിച്ചു. ഞാൻ അല്പം പിറകോട്ടു മാറിനിന്നു. എന്തായിരിക്കും സംഭവിക്കുക? അവസാനം ഇവിടെ ഒരു ചോരക്കളമായി മാറുമോ?

''അവൻ കീഴടങ്ങുകയാണെങ്കിൽ ഒന്നും ചെയ്യരുതു്!'' അമ്മാവൻ പറഞ്ഞു.

''താഴെ വെക്കടാ നിന്റെ ആയുധങ്ങൾ!'' ഒരു സിംഹത്തെപ്പോലെ ഗർജ്ജിച്ചു കൊണ്ടു് ലാഫ്ട്ട്വുസ്സ് വാതിൽ തള്ളിത്തുറന്നു് അകത്തേക്കു് കുതിച്ചു. പിന്നാലെ ബത്തേരിയുപ്പവും...........

പെട്ടന്നെല്ലാവരും നിശബ്ദരായി. കാരണം മുറിക്കുള്ളിൽ ആരുമുണ്ടായിരുന്നില്ല!

''എവിടെപ്പോയി!'' എല്ലാവരും ഒപ്പം ചോദിച്ചു. അപ്പോഴേക്കും അവിടെ കൂടിയവരെയെല്ലാം വിഡ്ഢികളാക്കി ക്കൊണ്ടു് ഒരു വെളുത്ത പൂച്ച മുറിയിൽ നിന്നും പുറത്തേക്കു് ചാടി!

എനിക്കു പിണഞ്ഞ അമളി മനസ്സിലായതോടെ ഞാൻ ആരുടേയും ശ്രദ്ധയിൽ പെടാതെ വീട്ടിന്റെ പിൻവശത്തു ചെന്നു് അഭയംപ്രാപിച്ചു കഴിഞ്ഞിരുന്നു.!

ചെറുകഥ

# "ഒരു വേദനയും ഒരു സംതൃപ്തിയും"

**ടി. കെ. അനുജൻ, II B. Sc.**

കാററാടികളിൽ തട്ടി നേരിയ മർമ്മരത്തോടുകൂടി ഒഴുകിവരുന്ന തണുത്ത കാററ് ജാലകത്തിലൂടെ അകത്തു പ്രവേശിച്ചു. പെട്ടെന്നു് കുളിർ അനുഭവപ്പെട്ടു. പുതപ്പെടുത്ത് ദേഹത്തിൽ ചുററി വീണ്ടും എഴുതാനിരുന്നു. കുറച്ചകലെ ഇളംനീല നിറത്തിലുള്ള ട്യൂബ് ലൈററിന്റെ വെളിച്ചത്തിൽ ഗെയ്ററിൽ പാറാവ് നില്ക്കുന്ന ഗൂർഖയെ ജാലകത്തിലൂടെ നോക്കികണ്ടു. വൈദ്യുതദീപത്തിന്നു ചുവട്ടിൽ പാതിയടഞ്ഞ മിഴികളുമായി എഴുതാനിരിക്കുമ്പോൾ സുഹൃത്തുക്കൾ കളിയാക്കി.



''ഓ! അവൻ ക്ലാസ്സടിക്കാനുള്ള പഠിത്തമല്ലെ.'' ചന്ദ്രനാണ് പറഞ്ഞതെന്നു തോന്നുന്നു.

പ്രിയ സുഹൃത്തുക്കളെ നിങ്ങൾ തെററിദ്ധരിച്ചിരിക്കുന്നു.

അങ്ങകലെ നാഴികകൾക്കപ്പുറം കൊടും മഞ്ഞിന്റെ ക്രൂരതയെ സഹിച്ച് അതിർത്തിയിൽ കാവൽ നില്ക്കുന്ന ആ പട്ടാളക്കാരനേതാണ് ......

സ്നേഹിതരെ, എനിക്ക് പറവാനുള്ളതും എഴുതാനുള്ളതുമെല്ലാം ആ കാക്കിയുടുപ്പ് ധരിച്ച് നില്ക്കുന്ന യുവാവിനെക്കുറിച്ചാണ്.

എല്ലാം ഓർമ്മകളാണ് ...... മായാത്ത ഓർമ്മകൾ ........

ഭാസ്കർ ........... മാപ്പുതരൂ !!!

മഞ്ഞുമലകളിൽ നിലയുറപ്പിച്ച് രാഷ്ട്രത്തെ കാത്തു സംരക്ഷിക്കുന്ന പ്രിയ യോദ്ധാവേ ....... മാപ്പുതരൂ !!!

ഹൃദയം വേദനിക്കുകയാണ്. കാററും കോളും നിറഞ്ഞ കടലിൽ ഇരച്ചു പായുന്ന തിരമാലകൾ കണക്കെ ഹൃദയം കലങ്ങിമറിയുകയാണ്. ചീനക്കാരന്റെ പീരങ്കികളിൽനിന്നും ഉതിർന്ന് വീഴുന്ന തീയുണ്ടകൾക്കെതിരെ സധീരം ചെറുത്തുനില്ക്കുന്ന താങ്കൾ ധന്യനാണ്—

ആശംസകൾ ...........

പക്ഷെ..—

ആശംസകളോട് തികച്ചും നീതി പ്രവർത്തിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ടോ. മനഃസ്സാക്ഷി എന്തൊക്കെയോ പുലമ്പുന്നു. താങ്കൾക്കെതിരെ ഞാൻ തെററു ചെയ്തുവോ ?

പറയൂ ........ ഭാസ്കർ !!!

ഒരു മറുപടിക്ക് ദാഹിക്കുകയാണ്. ഇളകിമറിയുന്ന ഹൃദയത്തിന്ന് ശാന്തി ലഭിക്കാൻ മാത്രം.

എന്തിനധികം പറയുന്നു. ദൈവം നമുക്കെതിരായി കുരിശുയുദ്ധം ആരംഭിക്കുകയല്ലെ ചെയ്തത്. എന്നാൽ, ആ സതീർത്ഥ്യ ബന്ധത്തിന്റെ ആരംഭം തികച്ചും മേന്മയേറിയതായിരുന്നില്ലെ ?

വിദ്യാലയത്തിൽ ഒപ്പം പഠിച്ചു. പക്ഷെ, ഓർക്കാപ്പുറത്ത്, അപ്രതീക്ഷിത

മായ സംഭവത്തിന്നു് മാപ്പുസാക്ഷികളാവാൻ ദൈവം എന്തിന്നിടവരുത്തി.

ഒപ്പം കളിച്ചുപഠിച്ച നമ്മൾ വിദ്യാലയത്തിൽ ഒരു പ്രധാന സംഭാഷണവിഷയമായിരുന്നു. ഉയരത്തിലും പ്രായത്തിലും മുന്തിനില്ക്കുന്ന താങ്കൾ മററുള്ളവരിലെല്ലാം ആധിപത്യം പുലർത്തിയിരുന്നു. താങ്കളുടെ ആജ്ഞകൾ ശിരസാവഹിക്കുവാൻ ഞാനെപ്പോഴും തയ്യാററായിരുന്നു.

ഒരു ഞെട്ടിയിൽ വിരിഞ്ഞ കുസുമങ്ങൾ പോലെ നാം ജീവിച്ചു. പരിമിതമായ ചുററുപാടിൽ വിദ്യാലയനേതൃത്വം താങ്കൾ കരസ്ഥമാക്കി. എന്തെന്തു ഭയാശങ്കകളോടുകൂടിയാണു് മററുള്ളവർ നമ്മെ വീക്ഷിച്ചിരുന്നതു്.

എപ്പോഴും നമുക്കു് വലിയ ഉദ്യോഗത്തെക്കുറിച്ചു് മാത്രമെ പറവാനുണ്ടായിരുന്നുള്ളു. പക്ഷെ അന്നൊന്നും തൊഴിലില്ലായ്മ ഭീകരനൃത്തമാടുന്ന ഈ കേരളത്തെക്കുറിച്ചു് ചിന്തിച്ചതേയില്ല. വിശാലമായ ലോകത്തു് എല്ലാ വാതിലുകളും നമുക്കായി തുറന്നിടുമെന്നായിരുന്നല്ലോ വിശ്വാസം. എന്നാൽ ഭാവി തലമുറക്കു് ആശിപ്പാനായി ഒന്നും അവശേഷിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം നാമറിഞ്ഞിരുന്നില്ല.

സുഹൃത്തേ, രാത്രിയുടെ ഭയാനകതയിൽ, മരംകോച്ചുന്ന തണുപ്പിൽ സൂക്ഷ്മനിരീക്ഷകനായി വർത്തിക്കുന്ന താങ്കളെ കൺമുന്നിൽ കാണുന്നു. ശത്രുസൈന്യത്തെ പരാജയപ്പെടുത്തി മുന്നേറുന്ന താങ്കളെ സ്വീകരിക്കാൻ ഇതാ പുഷ്പമാല്യവുമായി വരുന്നു.

ഓർമ്മകൾ ....... ഓർമ്മകൾ ....... അവ എന്നും മായാത്തതാണല്ലോ !

സ്കൂൾഫൈനൽ പരീക്ഷക്കു് നാം ഒപ്പമെഴുതി. പരീക്ഷാഫലം വന്നപ്പോൾ ഞാൻ ജയിച്ചിരിക്കുന്നു. ഭാസ്കർ....... നിങ്ങളുടെ നമ്പർ ഞാൻ കണ്ടില്ല. അതെ, ഒരു ഉരുക്കുമനുഷ്യന്റെ കണ്ണിൽനിന്നും ചുടുകണ്ണീർ ഒഴുകുന്നതു് ഞാൻ ആദ്യമായി കണ്ടു.

അവിടെനിന്നും ഒരു പരാജയത്തിന്റെ കഥ ആരംഭിക്കുന്നു...............

ദിനങ്ങൾ ആരുമറിയാതെ പിന്നിട്ടുകൊണ്ടിരുന്നു. ഞാൻ ഒരു കലാലയ വിദ്യാർത്ഥിയായി. എന്റെ പ്രിയ സുഹൃത്തിനെയും കൈവിട്ടു് മായാലോകത്തേക്കു് [ഭാസ്കർ ........ എന്തൊക്കെയാണു് കോളേജു് എന്നു് വെച്ചാൽ നാം ധരിച്ചിരുന്നതു്. ഒന്നും വ്യക്തമല്ല. ഒരു മൂടൽമഞ്ഞു മാത്രം.] വന്നുചേർന്നു. പുതിയ ചുററുപാടുകളുമായി ഇണങ്ങി. പുതിയ സുഹൃത്തുക്കളെ സമ്പാദിച്ചു. പക്ഷെ ദേഹത്തിന്റെ ഒരുഭാഗത്തു് ക്ഷതമേററപോലെ. അതു് താങ്കളുടെ കുറവുകൊണ്ടു മാത്രമാണു്.

എങ്കിലും നാം പരസ്പരം അടുത്തിരുന്നു. താങ്കളുടെ ഓരോ കത്തും എത്രയൊക്കെ ഉൽക്കണ്ഠയോടുകൂടിയാണു് ഞാൻ കാത്തിരുന്നിരുന്നതു്. ഒരു വർഷമായി താങ്കളുടെ യാതൊരു വിവരവുമില്ല.

വർഷങ്ങൾ രണ്ടെണ്ണം മൂകമായി കടന്നുപോയി. ഞാനൊരു ഡിഗ്രീക്ലാസ്സു് വിദ്യാർത്ഥിയായി. ഒരു പിടി ഓർമ്മകൾ...., അവ എന്നെ എപ്പോഴും അലട്ടുകയാണു്. അവ മറക്കപ്പെടാത്തതാണു്........ അവ മാച്ചുപ്പെടാത്തതാണു്.........

അന്നത്തെ സായാഹ്നത്തിൽ തിരക്കു് പിടിച്ച ആ നഗരവീഥിയിലൂടെ സുഹൃത്തുമായി നീങ്ങുകയായിരുന്നു. പരസ്പരം തിരക്കി നടക്കുന്ന ജനക്കൂട്ടത്തിൽനിന്നും ഒഴിഞ്ഞുമാറി നടക്കുവാൻ ഞങ്ങൾ ശ്രമിച്ചു. ധൃതിപിടിച്ചു് ഓടുന്ന മോട്ടോർ കാറുകൾ.... അവക്കിടയിലൂടെ ഓടുന്ന സൈക്കിളുകൾ..—

പുഞ്ചിരിയിൽ മുല്ലപ്പൂവിരിയുന്ന മന്ദഹാസവുമായി വെള്ളവസ്ത്രം ധരിച്ച ഒരു പററം പെൺകിടാങ്ങൾ ഞങ്ങൾക്കെതിരെ വരുന്നുണ്ടായിരുന്നു. റോഡെല്ലാംതന്നെ തങ്ങളുടേതാണെന്ന ഭാവത്തോടുകൂടിയാണ് അവർ നടന്നിരുന്നത്. പെട്ടെന്ന് വളരെ വേഗത്തിൽ ഓടിച്ചുവന്ന കാറും എതിരെ വന്ന സൈക്കിളും തമ്മിൽ സ്വല്പം പിണക്കമുണ്ടായി. അവിടം ബഹളമാനമായിത്തീർന്നു. ഇതിന്നിടയിൽ തിരക്കിൽപെട്ട് പെൺകുട്ടികളിൽ ഒരാളുടെ കൈയ്യിലുള്ള പുസ്തകം ചിന്നിച്ചിതറി എന്റെ കാല്ക്കൽ വന്നുവീണു. ഞാനവയെടുക്കാനായി താഴത്തേക്ക് കുനിഞ്ഞു. ഹവായിചെരിപ്പിന്റെ നേർത്തസ്വരം സമീപത്തേക്ക് നീങ്ങുന്നതായി എനിക്ക് തോന്നി· നീട്ടിപിടിച്ച കൈകളുമായി ഞാൻ തലയുയർത്തി.

''താങ്ക്സ്'' മധുരസ്വരത്തിൽ ആ പെൺകുട്ടി പറഞ്ഞു. അവരെ ഞാൻ സൂക്ഷിച്ചു നോക്കി. നല്ലവണ്ണം പരിചയമുള്ള— ഈ പെൺകുട്ടി ഏതാണ് ..........

''ഓ! ലീല.'' ഞാനറിയാതെ ഉച്ചരിച്ചുപോയി.

പെൺകുട്ടി അത്ഭുതപ്പെട്ട് എന്നെ തുറിച്ചു നോക്കി. ആ മുഖത്ത് പുഞ്ചിരി പൊട്ടിവിരിയുന്നതു് കണ്ടു.

''ഇതാര് വിജയനോ ?" അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

''ഇത്ര ക്ഷണത്തിൽ തിരിച്ചറിഞ്ഞോ ?''

''ക്ഷമിക്കണം ! ഈ കൂളിങ്ഗ്ലാസ്സിന്നുള്ളിൽ തിരിച്ചറിഞ്ഞില്ല കെട്ടോ. വിജയനിപ്പോൾ എന്തു ചെയ്യുന്നു.''

''അല്ലെങ്കിലും എന്നെയെങ്ങിനെയറിയാനാണ്. ഞാൻ കോളേജിൽ പഠിക്കുന്നു. ലീല ഇപ്പോഴും പഠിക്കുന്നുണ്ടോ ?"

''ഉം ! നിങ്ങളൊക്കെ ഭാഗ്യവാന്മാർ ! ഈ പാവം ഇവിടെ നഴ്സിങ്ങിനു് പഠിക്കുന്നു. മറുവശത്തേക്ക് സ്നേഹിതകളെ നോക്കി അവൾ പറഞ്ഞു. ''മേരീ പ്ലീസ്സ് വെയ്ററ് എ മിനിട്ട്. ഐ ആം കമിങ്ങ്''. വീണ്ടും അവർ എന്റെ നേരെ തിരിഞ്ഞു.'' ''വിജയനെ ഞാൻ അറിയില്ലെന്നു് പറയുന്നതെന്നു്''.

''ഓ ! ഒന്നുമില്ല. ഭാസ്കറിനെയല്ലെ അറിയുക എന്നു വെച്ച് പറഞ്ഞതാണ്.''

''ഭാസ്കർ !'' ആ ശബ്ദം ഞാനുച്ചരിച്ച മാത്രയിൽ അവളുടെ മുഖത്തു് ശോണിമ പരക്കുന്നത് കണ്ടു. ശ്രദ്ധയോടുകൂടി അശ്രദ്ധമാംവണ്ണം ഒതുക്കിവെച്ച അവളുടെ കൊച്ചളകങ്ങൾ നെററിയിൽ വീണുകിടന്നിരുന്നു. ആഭരണങ്ങളൊന്നും അണിഞ്ഞിട്ടില്ല. എങ്കിലും സൌന്ദര്യം മുററിനില്ക്കുന്നു· ''ഭാസ്കർ ഇപ്പോൾ ആർമിയിലാണെന്നറിയില്ലെ.''

ആ മുഖം ഇരുണ്ടു ! ഹൃദയം വിങ്ങിപ്പൊട്ടുകയാണോ ? മൂകമായ ഭാഷയിൽ കണ്ണുകൾ സംസാരിക്കുകയായിരുന്നോ ?

[പ്രിയ സോദരി—ഒരു പക്ഷെ എന്നെക്കാളും മുമ്പെ ഈ കഥ നിങ്ങളറിഞ്ഞിരിക്കാം.]

ഭാസ്കർ .... ആരെപ്പററിയാണു് ഇത്രയും പറഞ്ഞത്. താങ്കളുടെ ഹൃദയത്തിൽ മായാപ്രതിഷ്ഠ ചെയ്ത ദേവതയെക്കുറിച്ച്— ഭംഗിയിൽ വസ്ത്രധാരണം ചെയ്ത് ക്ലാസ്സ് മുറിയിലേക്ക് കടന്നുവരുന്ന ആ പെൺകുട്ടിയെക്കുറിച്ച് ഓർമ്മവരുന്നു. ഭാസ്ക്കർ .... ആ പെൺകുട്ടി നിങ്ങളുടേതു മാത്രമാണ്. വിശ്വസിക്കൂ !!!

ഞങ്ങൾ യാത്ര പിരിഞ്ഞു പോന്നപ്പോൾ മനസ്സ് മന്ത്രിച്ചു.

'പ്രിയ സോദരി, നിനക്ക് ഞാൻ നന്മ നേരുന്നു'.

ലീലയെക്കുറിച്ച് ഓക്കുമ്പോരം താങ്കരം ഒട്ടു വിലായി എഴുതിയ, വേദന നിഴലിക്കുന്ന വരികരം ഓമ്മവരുന്നു........

''—വിജയൻ, ലോകം എനിക്ക് ശൂന്യമാകുവാൻ പോകയാണു്. ചുററും ഇരുട്ട് വ്യാപിക്കുവാൻ തുടങ്ങുകയാണു്. ഇരുരം മൂടുവാൻ പോകുന്ന ഈ സന്ദർഭത്തിൽ അല്പം വെളിച്ചം നല്ലാൻ ആരുമില്ലെന്നോ. ഞങ്ങളുടെ വീടിന്നു് താങ്ങും തണലുമായിരുന്ന അമ്മാമൻ മരിച്ചു. അമ്മയേയും കൊച്ചു പെങ്ങളേയും താങ്ങേണ്ട ഭാരം ഈ കൊച്ചു ചുമലിൻ വീണിരിക്കുന്നു. നമ്മുടെ അയൽപക്കത്തുള്ള മാസ്റ്റക്ക് സ്ഥലമാററമായി. അദ്ദേഹം എനിക്ക് വേണ്ടപ്പെട്ട ഒരാളായിരുന്നു. ലീലയുടെ അച്ഛനെന്ന നിലക്കല്ല. ഒരു ഗുരുവും പിതാവുമായിട്ട്. ഇന്നലെ അവരം യാത്ര പറവാൻ വന്നു. 'ഭാസിച്ചേട്ടനെ ഇനിയെന്നു കാണും' എന്നവരം ചോദിച്ചപ്പോരം ഞാൻ മൂകമായിരുന്നു. അവളുടെ മുഖത്ത് ഓളം വെട്ടുന്ന ശോകച്ഛവി മിടിക്കുന്ന ഹൃദയത്തോടെ ഞാൻ നോക്കിക്കണ്ടു. വിജയൻ........എല്ലാം നഷ്ടപ്പെട്ടവനാണ് ഞാൻ. ''ആ നല്ലകാലം കഴിഞ്ഞിരിക്കുന്നു. യവനിക താഴവാൻ പോകുകയാണ്.... വീണ്ടും നാം എവിടെവെച്ച് കണ്ടുമുട്ടുമെന്നറിയില്ല—''

സുഹൃത്തെ, വീണ്ടും നാം കണ്ടുമുട്ടുന്നതെപ്പോഴാണു്.

ഓ! ഓക്കുകവയ്യ!

അല്ല! എനിക്കതു് തുറന്നു പറയണം. ഹൃദയഭാരം അല്പമൊന്നൊഴിയണം. എല്ലാം തുറന്നു പറഞ്ഞാൽ മനസ്സിന്നു് ആശ്വാസമുണ്ടാകും.

ആ ശപിക്കപ്പെട്ട ദിവസം.................

ജീവിതത്തിലാക്കും സംഭവിക്കരുതെന്നാണ് ആഗ്രഹം.

ഒഴിവുദിവസമായ അന്നു്, ഒരു ബന്ധുവിനെ കാണാനായി യാത്രതിരിച്ച ദിവസം........... അദ്ദേഹത്തെക്കണ്ടു് വൈകുന്നതിന്നു് മുമ്പുതന്നെ മടങ്ങണമെന്നായിരുന്നു ഉദ്ദേശം. പട്ടണതിരക്കിൽനിന്നും ഒഴിഞ്ഞു മാറി നില്ക്കുന്ന കൂററൻ ആഫീസ്കെട്ടിടത്തിന്നു മുമ്പിൽ എന്നെയും വഹിച്ച് ബസ്സു് വന്നു നിന്നു. ബസ്സിൽനിന്നിറങ്ങി, ഗെയിററ് കടന്നു് പോർട്ടിക്കോവിലേക്ക് കേറി. മുമ്പിൽ കണ്ട ഒരു പ്യൂണിനോടു് കാണേണ്ട ആളെക്കുറിച്ച് പറഞ്ഞുകൊടുത്തു. ഞാൻ സാവധാനം സന്ദശകമുറിയിലേക്ക് നീങ്ങി. മേശപ്പുറത്തു വെച്ചിരുന്ന മാസികയുടെ താളുകരം അശ്രദ്ധമാംവണ്ണം മറച്ചിരിക്കുമ്പോഴാണ് ഗോപിഏട്ടൻ കടന്നുവന്നതു്.

''വിജയന്നു് വഴിയോ, മറോ തെററിപ്പോയോ?''

''ഒരിക്കലുമില്ല. എങ്കിൽ ഇവിടെയല്ലല്ലോ എത്തുക!

''ഞാൻ കണ്ടിട്ടു് വളരെനാളായല്ലോ. ആളൊക്കെ കുറെ ഭേദപ്പെട്ടിരിക്കുന്നുവല്ലോ. കോളേജിലെ ചോറിന്നു് ഗുരുത്വം കൂടുതലാണോ?''

''ചേട്ടൻ നമ്മെ മിഴുങ്ങുവാൻ ഭാവിക്കുകയാണോ? കുറച്ചുദിവസമായി ഇങ്ങോട്ടു വരണമെന്നു വിചാരിച്ചിട്ടു്. പരീക്ഷയുടെ തിരക്കുകൊണ്ടു് ഒത്തില്ലെന്നേയുള്ളു.''

''അച്ഛനെ ഞാൻ ഇതിന്നിടക്ക് കണ്ടു. നിങ്ങളുടെയെല്ലാം വിവരം അറിഞ്ഞു.''

''അപ്പോരം വാസന്തിചേച്ചി ഇവിടെയില്ലെ?''

''ഇല്ല, എക്കമോഡേഷനൊന്നും ശരിയായിട്ടില്ല. ഇപ്പോരം സ്ഥലം മാററം കി

ട്ടിയിട്ടല്ലെ ഉള്ളു. സൌകര്യങ്ങളൊക്കെ യായിട്ടേ അവരം വരികയുള്ളു. നിനക്കിന്നു പോകണ്ടല്ലോ? നമുക്ക് ലോഡ്ജിൽ കൂടാം.

''അയ്യോ! അതുപററില്ല! ഞാൻ ഹോസ്റ്റലിൽ പറയാതെയാണ് വന്നിട്ടുള്ളത്. ഇന്നുതന്നെ മടങ്ങണം".

ഞങ്ങരം വീണ്ടും കുറെ പറഞ്ഞിരുന്നു.

''കിർണം.... കിർണിം....'' തുടരെ തുടരെയുള്ള ബെൽ അടിക്കുന്നത് കേട്ടു.

''വിജയൻ, ഞാനതൊന്നു് അറേൻറ് ചെയ്തു് വരട്ടെ. വേഗം വരാം.'' പോകുന്ന വഴിക്ക് പ്യൂണിനെ വിളിക്കുന്നതു് കേട്ടു. എന്താണ് പറഞ്ഞതെന്നു് ശ്രദ്ധിച്ചില്ല. എൻെറ ശ്രദ്ധ ഭിത്തിയിൽ അലങ്കരിച്ചുവെച്ച ചിത്രങ്ങളിലേക്ക് പതിഞ്ഞു. അതിലൊരു ചിത്രം വളരെ ഇഷ്ടപ്പെട്ടു.

കരകാണാത്ത ഒരു സമുദ്രം. പായക്കപ്പലുകളും മററും അങ്ങിങ്ങായി അലയുന്നുണ്ടു്. സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിലേക്ക് താണു്പോകുകയാണ്. അതിന്നിടയിൽ കുതിച്ചുപായുന്ന തിരമാലകരംക്കിടയിൽ ഒരു കൊച്ചു വള്ളവും വള്ളക്കാരനും. അയാരം കരകാണാതെ അലയുകയാണോ? — ഒരു സജീവചിത്രം. ഞാൻ വളരെനേരം നോക്കിയിരുന്നു.

മേശപ്പുറത്തു് കപ്പുകരം വെക്കുന്നപോലെയുള്ള ശബ്ദം കേട്ടു് ഞാൻ തിരിഞ്ഞുനോക്കി. ഇടത്തുകൈകൊണ്ടു് കെററിലും വലത്തുകൈകൊണ്ടു് കപ്പുകളും നിരത്തിവെക്കുവാൻ ഭാവിക്കുകയായിരുന്നു, ആ കാക്കിയുടുപ്പു ധരിച്ച ചെറുപ്പക്കാരൻ. കാക്കിയുടുപ്പുധരിച്ച ആ പ്യൂണിനെ ഞാൻ സസൂക്ഷ്മം ശ്രദ്ധിച്ചു. തലതാഴ്ത്തിയിരുന്ന അയാരം തലയുയർത്തി.

എന്തു്!!! ''ഭാസ്ക്കർ..........." അതൊരലർച്ചയായിരുന്നു.

ഒരു ഓഫീസ്സാണെന്നുള്ള ബോധവുംകൂടി എനിക്ക് നഷ്ടപ്പെട്ടിരുന്നുവോ എന്നു് സംശയിക്കുന്നു. നിറഞ്ഞ നയനങ്ങളോടെ അയാരം എന്നെ നോക്കി. കൈയ്യിലുള്ള പളുങ്കുപാത്രം മിനുത്ത ഇഷ്ടികനിലത്തു് വീണു പൊട്ടിത്തകർന്നു.

ആ കണ്ണുകളിൽനിന്നും ചുടുകണ്ണീർ ഒഴുകുകയാണോ? ............ പൊട്ടിത്തെറിക്കാനൊരുമ്പെടുന്ന അഗ്നിപർവ്വതത്തിൽ നിന്നും ലാവാ താഴോട്ടു് ഒഴുകുകയാണോ?..............

''ഭാസ്ക്കർ ഇതെന്തു കഥ? നിങ്ങരം എങ്ങിനെ ഇവിടെയെത്തി. ഈ വേഷത്തിൽ എനിക്കു് ചായ കൊണ്ടുവരികയോ?'' ഞാൻ പുലമ്പി.

അയാരം പൊട്ടിക്കരഞ്ഞു.

''വിജയൻ, നമുക്കു വീണ്ടും കാണാം.''

അത്രമാത്രം കേട്ടതായി ഓർമ്മയുണ്ടു്.

കുറച്ചുദിവസത്തിന്നു ശേഷം ഗോപിഏട്ടൻെറ ഒരെഴുത്തു് കിട്ടി. — ''വിജയൻ, അത്തരമൊരു സംഭവത്തിന്നു് പങ്കാളിയാവേണ്ടി വന്നതിൽ ഞാൻ അത്യധികം വ്യസനിക്കുന്നു. ഭാസ്ക്കർ എന്നോടു് വിവരമെല്ലാം പറഞ്ഞു. എനിക്കും അതിൽ അതിയായ ഖേദമുണ്ടു്. ആക്കായാലും താങ്ങുവാൻ കഴിവുള്ളതല്ല. നിൻെറ കത്തു് വായിച്ചു. നീ ചെയ്ത തെററു് എന്താണെന്നു് എനിക്കു് മനസ്സിലായില്ല. ഞാനല്ലെ ചായകൊണ്ടുവരുവാൻ പറഞ്ഞതു്. അപ്പോരം ഞാനല്ലെ കുററക്കാരൻ!

ഭാസ്ക്കർ ജോലി രാജിവെച്ചു. പട്ടാളത്തിൽ ചേരുന്നതിന്നുള്ള കത്ത് ഇന്നലെ കിട്ടി. വിജയനോട് എല്ലാ വിവരവും പറയുവാൻ എഴുതിയിരുന്നു. വിജയൻ ഒട്ടും ദുഃഖിക്കരുത് ഒരു പരാജയത്തിൻെറ കഥ ഇവിടെ വെച്ചവസാനിച്ചിരിക്കുന്നു. ഭാസ്ക്കറിന്നു നല്ല ഭാവിയുണ്ട്. എത്രയും അഭികാമ്യമായ തൊഴിലിന്ന് അവൻ പോയിരിക്കുകയാണ്. അവന്നു വേണ്ടി നാം പ്രാത്ഥിക്കുക.''—

ആ കത്ത് വായിച്ചപ്പോഴം ഞാൻ കരഞ്ഞില്ല. കരയാനുള്ള കരുത്ത് എനിക്ക് നഷ്ടപ്പെട്ടിരുന്നു.

ഭാസ്ക്കർ, ഇന്നെനിക്ക് പാശ്ചാത്താപമില്ല. കാരണം, രാഷ്ട്രത്തിൻെറ അവിഛിന്നതയെ ചോദ്യം ചെയ്തുകൊണ്ടുവരുന്ന ചൂകപ്പ് വഗ്ഗക്കാർക്കെതിരായി, വളന്നുവരുന്ന യുവസമൂഹത്തിൻെറ മുന്നോടിയായി താങ്കളെ ഞാൻ കാണുന്നു. 'രാഷ്ട്രത്തിൻെറ വിളി' ഇന്നു യന്നു വരുയാണ്....

അതെ, ഞാൻ അഭിമാനത്തോടുകൂടി വിളിച്ചുപറയും—

'എൻെറ സുഹൃത്ത് വടക്കനെതിർത്തിയിലുണ്ടെന്ന്.'

ഭാസ്ക്കർ....ഞാൻ അതിൽ തികച്ചും അഭിമാനംകൊള്ളുന്നു.

..........................................................................

ഞാൻ നിവന്നിരുന്നു....

സഹപാഠികളുടെ നേത്ത ക്ലർക്കംവലി ഉയന്നുവരുന്നു........

നാഴികമണി രണ്ടടിക്കുന്നതു ഞാൻ കേട്ടു...........


അപ്പോഴും ഇളം നീലനിറത്തിലുള്ള ട്യൂബ് ലൈററിന്നു ചുവട്ടിൽ പാറാവ് നിൽക്കുന്ന ഗൂർക്കയെ ഞാൻ കണ്ടു.....

ഒരു വേദനയും....ഒരു സംതൃപ്തിയും....

# "തകരക്കഷണങ്ങൾ"

എ. ഷറാഫുദ്ദീൻ, II B. Sc,

ജനലഴികളിൽക്കൂടി നിലാവെളിച്ചം അരിച്ചരിച്ചെത്തിയപ്പോൾ പ്രശാന്ത രമണീയമായ നിശ പതിവിലും മനോഹരമായിത്തോന്നി.



ഹൃദയംപോലെ നിർമ്മലവും പ്രശാന്തവുമായ ചന്ദ്രിക. നവമ്പർ മാസത്തിലെ കുളിർ കോരിയിടുന്ന രാത്രി ഇതാ അവസാനിക്കാറായി. കിഴക്ക് വെള്ളകീറിയപ്പോൾ രാത്രിയുടെ നിശ്ശബ്ദത അവസാനിച്ചു. ഹോസ്റ്റലിൽ വൈദ്യുതപ്രകാശം നിരനിരയായി തെളിഞ്ഞുവന്നു.

ഞാനെഴുന്നേററ് ലൈററിട്ടു. വാച്ചിലേക്ക് നോക്കി. മണി അഞ്ചര കഴിഞ്ഞിരിക്കുന്നു. ടൈംടേബിൾ പരിശോധിച്ചു. അന്ന് വ്യാഴാഴ്ചയായിരുന്നു. പ്രാക്ടിക്കലുള്ള ദിവസം. അന്ന് ഒൻപതു മണിക്ക് മുമ്പ് ക്ലാസ്സിലെത്തേണ്ടതാണ്. ഇല്ലെങ്കിലുള്ള അനുഭവം വ്യക്തമാണ്. പഞ്ചസാരയിൽ പൊതിഞ്ഞ കുറെ ശകാരങ്ങൾ സമ്മാനിച്ചുകൊണ്ട് മാസ്റ്റർ കണ്ണുകളിലേക്ക് തുറിച്ചുനോക്കും. അതോർത്തപ്പോൾ കർത്തവ്യബോധം ഉണർന്നെഴുന്നേററു. പെട്ടെന്ന് സോപ്പും തോർത്തുമായി കുളിമുറിയിലേക്ക് പോയി. പ്രാക്ടിക്കലുള്ള ദിവസമായിരുന്നതുകൊണ്ട് കുളിമുറിയിലും തിരക്കുണ്ടായിരുന്നു. നിരാശനായി ഞാൻ മുറിയിലേക്ക് മടങ്ങി.

ആകാശത്തിലേക്കുയർന്നുപോകുന്ന സിഗററിന്റെ പുകച്ചുരുളുകളെ നോക്കി ഞാൻ നിർന്നിമേഷനായി ജനലിന്നഭിമുഖമായി നിന്നു. അടുത്തുള്ള മാവിൻചില്ലകളിൽനിന്നും അപ്പോഴും മഞ്ഞുതുള്ളികൾ ഉതിർന്നുവീഴുന്നുണ്ടായിരുന്നു. ഒരു കാക്ക മാവിൻചില്ലയിൽ കുത്തിക്കുനി സ്ഥലം പിടിച്ചിരിക്കുന്നു. അത് "കാകാ" എന്നാർത്തുവിളിക്കാൻ തുടങ്ങി. അതിന്റെ സ്വാഭാവികശബ്ദത്തോടൊപ്പം ഒരു വളകിലുക്കവും കേട്ടു. ഞാൻ ആ ശബ്ദം പുറപ്പെട്ട ദിക്കിലേക്ക് നോക്കി. എന്റെ നെററി ചുളിഞ്ഞു. തൂവലുകൾ മിക്കതും കൊഴിഞ്ഞു എല്ലിനോട് ചേർന്നിരിക്കുന്ന തൊലി ദൈന്യതയോടെ പുറത്തു കാണിച്ചുകൊണ്ടുള്ള ഒരു കാക്ക!

അത് ചുററും കണ്ണോടിച്ചശേഷം അടുത്ത ചില്ലയിലേക്ക് പറന്നിരുന്നു. ആ വളകിലുക്കം വീണ്ടും ആവർത്തിച്ചു. അതിന് പറന്നുയരാൻ കരുത്തില്ല. അതിന്റെ ആരോഗ്യം എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. എന്റെ നോട്ടം അതിന്റെ കഴുത്തിലേക്കു ചെന്നെത്തി. ഒരു പരീക്ഷണശാലയിലെന്നപോലെ ഞാനതിനെ ശ്രദ്ധിച്ചു. കുറെ തകരക്കഷണങ്ങൾ കൊണ്ടൊരു മാല ആരോ അതിന്റെ കഴുത്തിൽ മുറുകെ കെട്ടിയിരിക്കുന്നു.

"തകരക്കഷണങ്ങൾ" ആ വാക്കുകൾക്ക് ഞാനുമായി എന്തോ ബന്ധമുണ്ടെന്നെനിക്കു തോന്നി.

കൊയ്ത്ത് കഴിഞ്ഞു പാടത്ത് മേയാനിറങ്ങിയ പശുക്കളെപ്പോലെ കഴിഞ്ഞ കാലസ്മരണകൾ എന്റെ മനസ്സിലേക്കു തിക്കിത്തിരക്കി കടന്നുവന്നു. വർഷങ്ങൾക്ക് മുൻപ്-ഞാനൊരു ലോവർ പ്രൈമറിസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ, കൈതപ്പൂവിന്റെ നിറമുള്ള കൈത്തണ്ടുകൾ എന്റെ കഴുത്തിൽ ചുററിയിട്ട് ഒരു ചിത്രശലഭത്തെപ്പോലെ മുതുകിൽ പററിപ്പിടിച്ച് എന്റെ ചെവിയിൽ അവൾ മന്ത്രിച്ചു. എന്നെ നോക്കി അവൾ ചിരിച്ചു. ആ മുല്ലമൊട്ടുകൾ കാട്ടിയുള്ള ചിരി അഴകററതായിരുന്നു. പിറേറ ദിവസം ഞായറാഴ്ചയാണ്. ഞാനവളുടെ വീട്ടിൽ കളിക്കാൻ ചെല്ലണം അതാണവളെന്റെ കാതിൽ മന്ത്രിച്ചത്. കളിയെന്നു കേട്ടപ്പോൾ എനിക്കുത്സാഹമുണ്ടായി. ഞങ്ങൾ അയൽക്കാരാണ്. ഒരേ ക്ലാസ്സിൽ പഠിക്കുന്നവരുമാണ്.

ഞായറാഴ്ച ഞാനവളുടെ വീട്ടിലേക്കു തിരിച്ചു. പ്രഭാതത്തിന്റെ പ്രഭാസ്ഫുരണത്തിൽ പ്രകമ്പിതമായ പ്രകൃതി എന്നെ പുളകമണിയിച്ചു. മുള്ളുവേലി കടന്നെത്തിയപ്പോൾ കാ-കാ-കാ എന്നുള്ള കരുണാർദ്രമായ ശബ്ദം എന്നെ സ്വീകരിച്ചു. കളിക്കാനുള്ള ആവേശത്താൽ പടിപ്പുര കടന്ന് ഞാൻ നാലുകെട്ടിനുള്ളിലേക്കോടിക്കയറി. അവൾ സ്വർണ്ണവർണ്ണത്തിലുള്ള ബാഡ്ജുകൾ പിടിപ്പിച്ച ഒരു പച്ചപ്പാവാടയാണുടുത്തിരിക്കുന്നത്. മുഖത്തൊരു ജേതാവിന്റെ ഗൌരവമുണ്ടായിരുന്നു. കയ്യിൽ ഒരു ചരട് നീട്ടിപ്പിടിച്ചിരുന്നു. ചരടിന്റെ അററത്ത് ജീവച്ഛവംപോലെ ഒരു കാക്കക്കുഞ്ഞ് കണ്ണടച്ചു തപസ്സിരിക്കുന്നു. ചരട് വലിക്കുമ്പോൾ ആ മിണ്ടാപ്രാണി കാ-കാ എന്നുറക്കെ നിലവിളിച്ചുകൊണ്ട് മേല്പോട്ടുയരും. അതു കണ്ടവൾ ആർത്തു ചിരിക്കും. ചരട് വലിച്ചും വിട്ടും ആ ജീവിയെ നോവിച്ചു രസിക്കുമ്പോഴാണ് ഞാൻ കടന്നുചെന്നത്. എന്നെകണ്ടപ്പോൾ അവൾ അനങ്ങാതെ നിന്നു.

ഞാനാ കാക്കക്കുഞ്ഞിനെ നോക്കി. അതിന്റെ അടഞ്ഞ കണ്ണുകളിൽനിന്നും ജലം ഒഴുകിയിരുന്നു. അതിന്റെ കാലിൽ ചരടിന്റെ കെട്ട് വല്ലാതെ മുറുകിയിരുന്നു. എനിക്ക് സഹതാപം തോന്നി. കൂടുതൽ സമയം അത് കണ്ടുകൊണ്ടു നിൽക്കാൻ എനിക്ക് തോന്നിയില്ല. ഞാനവളുടെ മുമ്പിലേക്ക് കുറേക്കൂടി നീങ്ങിനിന്നു. കുറച്ചധികാരസ്വരത്തോടെ വിളിച്ചു.

"ശാരദേ......"

അവൾ ക്രൂരമായ വിനോദം തുടർന്നുകൊണ്ടേയിരുന്നു. ഞാൻ വീണ്ടും വിളിച്ചു.

"ശാരദേ......."

"ഉം"

"ആ കാക്കക്കുഞ്ഞിനെ നമുക്കു പറത്തിവിടാം"

അവൾ മുഖം കറുപ്പിച്ചു നിന്നു.

അത് കരയുന്നത് കണ്ടില്ലെ. അതിന്ന് നോവുന്നു.

"ശാരദേ"

അവൾ മനസ്സില്ലാമനസ്സോടെ ചരട് എന്റെ കയ്യിലേക്ക് തന്നു.

ഇതിനകം ഒരുക്കൂട്ടം കാക്കകൾ ശബ്ദമുണ്ടാക്കിക്കൊണ്ട് ഞങ്ങളുടെ ചുററും പറന്നുനടന്നു. കുറെയെണ്ണം നാലുകെട്ടിന്റെ മുകളിലിരുന്നു ഞങ്ങളുടെ നേരെ ഒച്ചവെച്ചു. എതിരാളിയെ തകർക്കാൻ ഉന്നംവെക്കുന്ന പടയാളികളെപ്പോലെ അവ പതുങ്ങിയിരുന്നു.

പെട്ടെന്നാണത് സംഭവിച്ചത്. അതിൽ ഒരെണ്ണം പ്രതികാരബുദ്ധിയോടെ എൻെറ തലയെ ലക്ഷ്യമാക്കി പറന്നതാണ്. ഞാൻ കുഞ്ഞിനെയും എടുത്തു നാലുകെട്ടിൻെറ വരാന്തയിലേക്ക് കയറി രക്ഷപ്പെട്ടു. അവളിതെല്ലാം ഒരു രസത്തോടെ നോക്കി നിന്നു. ഒരു കൂട്ടം കാക്കകൾ അവളുടെ നേരെ പറന്നുചെന്നു. അവൾ വാവിട്ട് നിലവിളിച്ചുകൊണ്ട് എൻെറയടുത്തേക്കോടിയെത്തി.

അവളുടെ കണ്ണുകളിൽ കോപം നിഴലിച്ചിരുന്നു,

''ഒരു വല്യ ആളുവന്നിരിക്കുന്നു......'' അവൾ പറഞ്ഞു. കാക്കകുഞ്ഞിനെ കഴുത്തു ഞെരിച്ചു കൊല്ലാൻ അവൾ ഒരു വിഫലശ്രമം നടത്തി.

ഞാൻ ഒരു കാക്കക്കുഞ്ഞിനേയും കൈക്കലാക്കി നാലുകെട്ടും പടിപ്പുരയും കടന്നു ഇടവഴിയിലൂടെ വീട്ടിലേക്കോടി. കാക്കകുഞ്ഞിനു കുറെ വറ്റും വെള്ളവും കൊടുത്തു് ഞാൻ ചെറിയ തകരക്കഷ്ണങ്ങൾ കൊണ്ടൊരുമാല അതിനെ അണിയിച്ചു. കെട്ടഴിച്ചു് ഒരു തൈതെങ്ങിൻെറ പൊന്തയിൽ നിക്ഷേപിച്ചു.

അടുത്ത ദിവസം ഉണർന്നപ്പോൾ കേട്ടതൊരു മണികിലുക്കമായിരുന്നു. അങ്ങ് വിദൂരതയിലേക്കു പറന്നകലുന്ന ആ കാക്കകുഞ്ഞിനേയും നോക്കി ഞാൻ നിന്നുപോയി. പാരതന്ത്ര്യത്തിൻെറ ശൃംഖല പൊട്ടിച്ചെറിഞ്ഞുകൊണ്ട് സ്വാതന്ത്ര്യത്തിലേക്കു വഴുതിവീണപോലുള്ള ഒരനുഭവമായിരുന്നു അതു്. സ്കൂളിലേക്കു പോകുന്ന വഴിക്കും തിരിച്ചു വരുന്ന വഴിക്കും ആ മണികിലുക്കം കേൾക്കാൻ വേണ്ടി—അഥവാ സ്വാതന്ത്ര്യത്തിൻെറ കാഹളധ്വനി കേൾക്കാൻവേണ്ടി ഞാനാശിച്ചിട്ടുണ്ട്. വഴിയുടെ ഇരുവശത്തേക്കും ആർത്തിയോടെ ശ്രദ്ധിച്ചിട്ടുണ്ട്. അപ്പോഴൊക്കെയും തൊട്ടുപുറകിൽ നിന്നും അവളുടെ വളകിലുക്കം മാത്രം കേട്ടു. ഒക്കത്തടുക്കിപ്പിടിച്ച പുസ്തകകെട്ടും, ചോററുപാത്രവുമായി സുസ്മേര വദനവുമായി എന്നെ പിന്തുടരുന്ന ശാരദയുടെ വളകിലുക്കം മാത്രം.

വർഷങ്ങൾക്കപ്പുറം നടന്ന ആ സംഭവം മിഴിവോടെ ഞാനോർക്കുന്നു. ഏതാനും വർഷങ്ങൾക്കുശേഷം ഞാൻ കോളേജിലേക്ക് വരാൻ യാത്രചോദിക്കാൻ വേണ്ടി ചെന്നപ്പോൾ അവൾ പടിഞ്ഞാറേ ആകാശത്തിലെ മുന്തിരിത്തോപ്പുകളെ നോക്കി പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയായിരുന്നു. ഒരു മഴവില്ലിൻെറ അഴകാർജ്ജിച്ചു കഴിഞ്ഞ അവൾ എന്നെ കണ്ടപ്പോൾ ഒരു നിമിഷം നിന്നു. ചുണ്ടുകൾക്കിടയിൽ ഒരു പുഞ്ചിരി തെളിഞ്ഞു. ചൂണ്ടാണിവിരലിൻെറ നഖം കടിക്കുന്നു. നിലത്തു് നാണത്തോടെ കാലുകൊണ്ടൊരു ചിത്രം വരക്കുന്നു. അതെൻെറ ചിത്രമാണെന്നെനിക്കു തോന്നി. ഞാൻ അവളോടു യാത്രചോദിച്ചു.

''എന്നെ മറക്കരുത്...........കത്തയക്കുമോ?'' അവൾ സംശയം പ്രകടിപ്പിച്ചു.

''നിൻെറ വളകിലുക്കമുള്ള ഒരു കാക്കയുണ്ടു. നമ്മുടെ പഴയ കാക്കക്കുഞ്ഞു......''

അവൾ പൊട്ടിച്ചിരിച്ച്. വളകൾ കൂട്ടിമുട്ടുന്ന ശബ്ദത്തോടെ അവൾ ചിരിച്ചു. അനന്തകാലത്തോളം ആ വളകിലുക്കം കേട്ടുകൊണ്ടിരിക്കാൻ ഞാനാഗ്രഹിച്ചിട്ടുണ്ട്. ശുഭപ്രതീക്ഷകളോടെ ഉയന്ന മനുഷ്യനാകാൻവേണ്ടി ഇങ്ങു വിദൂരതയിൽ വന്ന ഞാൻ അവൾക്കെഴുതിയ കത്തിലെ വരികൾ.

''പനിനീർപ്പൂക്കളെ താലോലിക്കുന്ന പെൺകുട്ടി, എൻെറ വാടിക്കരിയാറായ സ്വരണാവാടിയ്ക്കു ജീവൻ നല്കിയത് നീയാണ്. എൻെറ ഹൃദയവാതിലുകൾ നിനക്കുവേണ്ടി എപ്പോഴും തുറന്നിട്ടിരി

ക്കം. നിന്റെ മണികിലുക്കം പോലുള്ള പൊട്ടിച്ചിരി കേൾക്കാൻ ഈ കാതുകൾ ക്കു കൊതിയുണ്ട്.''

പക്ഷേ........

ഇന്നവൾ ഒരു ഭാര്യയാണ്. ഓർമ്മകളെ നുള്ളിനോവിക്കുന്ന കഴിഞ്ഞ കാലത്തെ ഒരു കാമുകി മാത്രം! കുട്ടിക്കു മുലകൊടുക്കു മ്പോൾ അവൾ പൊട്ടിച്ചിരി ചിരിക്കാം. അവളുടെ വളയുടെ പൊട്ടിച്ചിരി. ആ പൊട്ടിച്ചിരികേട്ട് കുട്ടി ആനന്ദിച്ചിരി ക്കാം. ആ മണികിലുക്കംപോലുള്ള പൊട്ടി ച്ചിരി എന്റെ മുമ്പിൽ അവസാനിച്ചിരി ക്കുന്നു. ആ ഭൂതകാലസ്മരണകളുടെ മുമ്പിൽ ഞാനെന്റെ തിരശ്ശീല താഴ്ത്തിക്കഴിഞ്ഞു.

കഴുത്തിൽ തകരക്കഷണങ്ങളണിഞ്ഞ ഈ കാക്കയെ കാണുമ്പോൾ, ഈ മണി കിലുക്കം കേൾക്കുമ്പോൾ ഞാനറിയാതെ തന്നെ ഭൂതകാലത്തേക്കു നീങ്ങിപ്പോകുന്നു. ആ വളകിലുക്കം എന്റെ ഹൃദയത്തിന്റെ താഴ്‌വാരങ്ങളിൽ പ്രതിധ്വനിക്കുന്നു. ഞാ നേററവും ഇഷ്ടപ്പെട്ടിരുന്ന ആ വളകിലുക്കം ഇന്നെനിക്ക് വിലക്കപ്പെട്ട കനിയാണ്. പക്ഷെ ഞാനിന്നും അതാസ്വദിക്കുന്നു. അ തെനിക്കു പ്രദാനം ചെയ്യുന്നത് ഈ കാക്ക യാണ്. അന്നവർ വെറുത്തിരുന്നു. ക്രൂരമാ യ വിനോദത്തിന് കരുവാക്കിയിരുന്ന ആ കാക്കക്കുഞ്ഞ്! അന്നതിനെ രക്ഷിച്ച പ്പോൾ കോപം നിഴലിക്കുന്ന കണ്ണുകളോ ടെ അവൾ പറഞ്ഞ വാക്കുകൾ ഇന്നും ഞാ നോർക്കുന്നു.

''ഒരു വല്യ ആള് വന്നിരിക്കുന്നു........''

കാപ്പി കുടിക്കാനുള്ള മണി കിലുങ്ങി യപ്പോഴാണ് ഞാൻ ചിന്തയിൽനിന്നുമു ണർന്നത്. കുളിക്കാതെ ഷർട്ടുമെടുത്തിട്ട് ഡൈനിംഗ്ഹാളിലേയ്ക്ക് പോയി. അവി ടെ അതാ! ആ ജനലിന്റെ കമ്പിയിൽ മേശപ്പുറത്തിരിക്കുന്ന ദോശകളെ നോക്കി ക്കൊണ്ട് ആ കാക്കയിരിക്കുന്നു. എന്നെ കണ്ടപ്പോൾ പെട്ടെന്നത് പറന്നകന്നു. ആ മണികിലുക്കം ആവർത്തിക്കപ്പെട്ടു.

ഇന്നാ കാക്ക എന്റെ ഒരു നിത്യാതി ഥിയായിത്തീർന്നിരിക്കുന്നു. ഞാൻ ആഹാ രങ്ങൾ ജനലിൽക്കൂടി എറിഞ്ഞുകൊടുക്കും. ഒരു മണിനാദത്തോടെ പറന്നുവന്നു ആഹ രിക്കും. ആ മണിനാദം കേൾക്കാൻവേണ്ടി മാത്രം! തകരക്കഷണങ്ങൾ കൂട്ടിമുട്ടുന്ന മധുരസ്വരം കേൾക്കാൻവേണ്ടി മാത്രം!

# വേദനിയ്ക്കുന്ന ഓർമ്മകൾ

വി. ആയിഷാബീബി, I B. A.

അന്തിത്തുടപ്പിന്റെ മനോഹാരിതയിൽ പകലിന്റെ നനുത്ത മഞ്ഞവെളിച്ചം അല്പാല്പമായി അലിഞ്ഞുചേർന്നുകൊണ്ടിരുന്നു. എങ്ങുനിന്നോ ഒരിളം തെന്നൽ പൂക്കളോട് കിന്നാരം പറഞ്ഞുകൊണ്ട് കാററാടി മരങ്ങളിലൂടെ ചൂളം വിളിച്ച് കടന്നുപോയി.

കുറെ നേരമായി ഈ ഇരിപ്പു തുടങ്ങിയിട്ട്. എന്റെ പ്രിയപ്പെട്ട രാജേട്ടൻ വിധിയുടെ കരാളഹസ്തങ്ങൾക്കിരയായി കാലയവനികയ്ക്കുള്ളിൽ അന്തർദ്ധാനം ചെയ്തിട്ട് ഇന്നേക്ക് രണ്ടു വർഷം തികയുകയാണ്. അതിനിടയ്ക്ക് ഈ ലോകത്തിൽ എന്തെല്ലാം സംഭവവികാസങ്ങളുണ്ടായി. വാലൻടീനടെറഷ്ക്കോവ ബഹിരാകാശ സഞ്ചാരം കഴിഞ്ഞു് സുരക്ഷിതമായി ഭൂമിയിൽ തിരിച്ചെത്തി.

മനസ്സു നിറയെ വേദനിക്കുന്ന ഓർമ്മകളാണ്. ഓർമ്മകളുടെ തീച്ചൂളയിൽക്കിടന്നു് ഹൃദയം നീറുകയാണ്. മാറാല പിടിച്ച ഭൂതകാലത്തിലേയ്ക്കു് അറിയാതെ തന്നെ ചിന്തകൾ ചിറകുവിരുത്തി പറക്കുകയാണ്—രണ്ടു വർഷം പുറകോട്ടു്— ചേട്ടനുമൊത്ത് ജീവിച്ച ആ കാലത്തിലേയ്ക്കു്. ആ സുന്ദരദിനങ്ങളെല്ലാം ഇങ്ങിനി വരാതവണ്ണം പോയ്ക്കഴിഞ്ഞു. അവയെല്ലാം ഇന്നും മായാത്ത സ്മരണകളായി മനസ്സിൽ അള്ളിപ്പിടിച്ചിരിക്കുകയാണ്. (അവ ഒരിക്കലും മായുകയില്ല. പ്രിയപ്പെട്ട ചേട്ടാ ... നിങ്ങൾക്കുവേണ്ടി അതെങ്കിലും ഈ കൊച്ചു സഹോദരിയിൽ അവശേഷിയ്ക്കട്ടെ !)

രാജേട്ടനും ഞാനും അച്ഛനും അമ്മയും മാത്രം അംഗങ്ങളായുള്ള ഒരു കുടുംബമായിരുന്നു ഞങ്ങളുടേതു്. സാമ്പത്തികമായി ഈശ്വരൻ ഞങ്ങളെ കനിഞ്ഞനുഗ്രഹിച്ചിരുന്നുവെങ്കിലും ചേട്ടൻ ജോലിക്കുപോയി. കണ്ണെത്താത്ത ദൂരത്ത്—കേരളത്തിന്നുമപ്പുറത്തുള്ള നഗരത്തിലെ കമ്പനിയിലെ അസിസ്റ്റൻറു് എഞ്ചിനീയറായിരുന്നു. ചേട്ടന്നു ജോലികിട്ടി എന്നറിഞ്ഞ ആ ദിവസത്തെ ഇന്നും ഞാനോക്കുന്നു.

രാവിലെ ഞാൻ കോളേജിൽ പോകാൻ പുറപ്പെടുകയായിരുന്നു. അപ്പോഴാണ് പോസ്റ്റുമാൻ ഒരു കവർ ചേട്ടന്റെ കയ്യിൽ കൊണ്ടുക്കൊടുത്തതു്. കവറു പൊളിച്ച് എഴുത്തു വായിച്ചപ്പോൾ ചേട്ടൻ സന്തോഷംകൊണ്ടു് തുള്ളിച്ചാടി. ചേട്ടനെ ''—''ത്ത് ഒരു കമ്പനിയിലെ അസിസ്റ്റാണ്ടു് എഞ്ചിനീയറായി നിയമിച്ചുകൊണ്ടുള്ള ഓർഡറായിരുന്നു അതു്. അന്നു വീട്ടിൽ എന്തൊരുത്സാഹത്തള്ളിച്ചയായിരുന്നുവെന്നോ ! എല്ലാവരിലും സന്തോഷം തിരതല്ലിയിരുന്നു. പിറെറദിവസം കാല

ത്തെ ട്രെയിനിന്നായിരുന്നു ചേട്ടന്നു പോകേണ്ടിയിരുന്നതു്. രാത്രിതന്നെ യാത്രക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി. രാത്രി ഏറെച്ചെല്ലുന്നതുവരെ അമ്മയും അച്ഛനും രാജേട്ടനും യാത്രയെസ്സംബന്ധിച്ചും മററും സംസാരിച്ചുകൊണ്ടിരുന്നു.

‘‘രമേ...’’ ചേട്ടൻ വിളിച്ചു. ‘‘ഞാൻ ലീവിൽ വരുമ്പോൾ നിനക്കു് ടെറിലിനിന്റെ നല്ല സാരിയും നൈലക്സിന്റെ ബ്ലൌസും കൊണ്ടുവരാം കെട്ടൊ. നീ കരയണ്ട പൊട്ടിപ്പെണ്ണേ .... ഞാനുടനെ വരില്ലെ..’’

ഉറങ്ങാൻ കിടന്നുവെങ്കിലും എനിക്കു തീരെ ഉറക്കം വന്നില്ല. തന്റെ പ്രിയപ്പെട്ട ചേട്ടൻ—എല്ലാററിനുമുള്ള ചേട്ടൻ—ഒരേ സമയത്തു് കരയിക്കലും ചിരിപ്പിക്കുകയും ചെയ്യുന്ന ചേട്ടൻ—ഞങ്ങളെ വിട്ടു് അങ്ങു ദൂരെ—ആയിരം നാഴികകൾക്കപ്പുറത്തേക്കു് പോകുകയാണെന്നോർത്തപ്പോൾ ഞാനറിയാതെതന്നെ കരഞ്ഞുപോയി.

പ്രഭാതം പൊട്ടിവിടരുന്നതിന്നു മുമ്പുതന്നെ എല്ലാവരും എഴുന്നേററു. കാപ്പികുടിയെല്ലാം കഴിഞ്ഞു ചേട്ടൻ യാത്രക്കൊരുങ്ങി. അച്ഛനും അമ്മയും ഞാനും യാത്രയയപ്പിന്നു റെയിൽവെ സ്റ്റേഷനിലേക്കു് ചേട്ടനെ അനുഗമിച്ചു.

ഏതാനും മിനുട്ടുകൾക്കകം സമരമുന്നണിയിൽനിന്നും കുതിച്ചെത്തിയ ഒരു ജേതാവിനെപ്പോലെ, ചൂളം വിളിച്ചുകൊണ്ടു് വണ്ടി സ്റ്റേഷനിൽ വന്നുനിന്നു. പ്ലാററു് ഫോറം യാത്രക്കാരെക്കൊണ്ടു നിറഞ്ഞു. അമ്മയോടും അച്ഛനോടും യാത്ര ചോദിച്ചുകൊണ്ടു് ചേട്ടനും കമ്പാർട്ടുമെൻറിൽ കയറിയിരുന്നു. അമ്മയും ഞാനും കരഞ്ഞുപോയി. അച്ഛൻ കണ്ണീരൊപ്പുന്നതു് ഒരു പക്ഷെ ചേട്ടൻ കണ്ടിട്ടില്ലായിരിക്കും.

‘‘രമേ....’’ ചേട്ടൻ വിളിച്ചു. അവന്നെന്തോ പറയാനുണ്ടായിരുന്നു. തള്ളിവരുന്ന സങ്കടം അതു പൂർണ്ണമാക്കാനനുവദിച്ചില്ല.

‘‘രാജേട്ടാ....’’ ഞാൻ വിളിച്ചു. പക്ഷെ, ചേട്ടൻ ആ വിളി കേൾക്കുകയുണ്ടായില്ല. അപ്പോഴേക്കും വണ്ടി സ്റ്റേഷൻ വിട്ടു കഴിഞ്ഞിരുന്നു.

കൃത്യനിഷ്ഠയും സാമർത്ഥ്യവുംകൊണ്ടു് ചേട്ടൻ വേഗത്തിൽ കമ്പനി മാനേജരുടേയും മററു ആഫീസ്സർമാരുടേയും വിശ്വാസത്തിന്നും സ്നേഹത്തിന്നും പാത്രീഭൂതനായി. കാലം അതിവേഗം കടന്നുപോയി. ആഴ്ചതോറും ഏട്ടന്റെ കത്തുകൾ വരാറുണ്ടു്. അന്നു ഡിസംബർ 1-ാംനു-യായിരുന്നു. ജനുവരിമാസം ആദ്യം ലീവിൽ വരുന്നുണ്ടെന്നെഴുതിയ കത്തായിരുന്നു അന്നു കിട്ടിയതു്. അമ്മ ആനന്ദാശ്രുപൊഴിക്കയാണു്. അച്ഛന്റെ മുഖത്തൊരു മന്ദഹാസം പൊട്ടിവിടർന്നു. കോളേജിൽനിന്നും വന്ന എന്റെ കയ്യിൽ ആദ്യം കിട്ടിയതു് ചേട്ടന്റെ കത്തായിരുന്നു. ഹൌ ! എനിക്കു് കാപ്പിയും വേണ്ട, പലഹാരവും വേണ്ട, ഡിസമ്പർ 31-ാം കഴിഞ്ഞു കിട്ടണം. എന്തൊരു വെമ്പൽ ! ദിവസങ്ങൾ നീങ്ങുന്നില്ല. നീളമുള്ള രാപ്പകലുകൾ ഇഴയുകയാണു്. ഈശ്വരാ ! എന്റെ ചേട്ടൻ വരുന്ന ദിവസം എന്നു് സന്തോഷമായിരിക്കും.

അങ്ങനെ പുതുവത്സര പൊൻപുലരിയും വന്നണഞ്ഞു. മഞ്ഞണിഞ്ഞ

പ്രഭാതം ഉഷാദേവി ചെമ്പട്ടുചേലയുമുടുത്തു പൊൻതാലവുമേന്തി കിഴക്കൻ ദിക്കിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, എൻെറ ഹൃദയത്തിൽ—പൊന്നുചേട്ടൻെറ ആഗമനവേള ആസന്നമായെന്ന ചിന്ത പൊൻതിരി കത്തിച്ചു. ചെങ്കതിരോൻെറ തങ്കക്കതിരുകൾ ഭൂമിദേവിയെ തലോടുമ്പോൾ സഹോദരസ്നേഹത്തിൻെറ പൊന്നല എൻെറ ഹൃത്തിൽ ആനന്ദത്തിൻെറ കൊച്ചലകൾ സൃഷ്ടിച്ചുകൊണ്ടിരുന്നു.

"ഞാൻ ജനുവരി 8-ാംനു- കാലത്തെ ട്രെയിനിന്നു അവിടെയെത്തുന്നതാണെന്ന'' ചേട്ടൻെറ കമ്പിവാർത്ത ഞങ്ങളുടെ കുടുംബത്തെ ആനന്ദത്തിലാറാടിച്ചു. ഒരുത്സവത്തിൻെറ പ്രതീതിയായിരുന്നു ആ പരിസരം മുഴവനും! തുമ്പയോടും തുമ്പിയോടും ആ കമ്പി വാർത്ത പകരുകയാണ് അമ്മ.

"എന്തൊരു തുള്ളലാണ് പെണ്ണേ. അടങ്ങിയൊതുങ്ങി നടക്ക്. ചേട്ടൻ നിൻെറ ഈ തുള്ളലെങ്ങാനും കണ്ടാൽ മണ്ടയ്ക്കിട്ടു കിഴുക്കും. പെൺകുട്ടികൾ അടങ്ങിയിരിക്കണം.'' അമ്മയുടെ ശാസനയാണ്. അതെൻെറ ആഹ്ളാദത്തിമിർപ്പിനെ തെല്ലൊന്നമർത്താൻ ശ്രമിച്ചുവെങ്കിലും അതെല്ലാം പരാജയപ്പെട്ടു.

ചേട്ടൻ കൊണ്ടുവരുന്ന പൂമ്പട്ടുസാരിയുമുടുത്ത് കോളേജിൽ പോയാൽ തെല്ലൊരസൂയയോടെ എന്നെ നോക്കുന്ന സ്നേഹിതകളെ ഭാവനയിൽ കാണുവാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിയ്ക്കുകയാണ് .... പെട്ടന്ന് ഒരു സൈക്കിളിൻെറ ബെല്ലടി ശബ്ദം എൻെറ ചിന്തയെ തട്ടി ദൂരെത്തെറിപ്പിച്ചുകളഞ്ഞു. കമ്പിശിപ്പായി! ചേട്ടൻ പുറപ്പെട്ട കമ്പിവാർത്തയുമായിയെത്തിയ ശിപായിക്കെന്തെങ്കിലും ഒരു സമ്മാനം കൊടുത്തെങ്കിലോ എന്നുപോലും തോന്നിപ്പോയി. എൻെറ തോന്നലിനെക്കാത്തു നില്ക്കാതെ കമ്പി അച്ഛനെ ഏല്പിച്ചു അയാൾ ഗെയിററു കടന്നു.

അടുക്കളയിൽനിന്നും ശർക്കരയുപ്പേരിയുടെ മണം പൊന്തിവരുന്നുണ്ട്. ചേട്ടന്നു് വേണ്ടി അമ്മ വിഭവങ്ങൾ തയ്യാറാക്കുകയാണ്. വെളിച്ചെണ്ണയും കരിയും കയ്യിൽനിന്നും തുടച്ചുകൊണ്ട് അമ്മ ഉമ്മറത്തേക്കോടിവന്നു. കമ്പി പൊട്ടിച്ചു വായിച്ചുതീർന്നതോടെ—

''ചതിച്ചല്ലൊ..മോനെ'' എന്നു പറഞ്ഞു അച്ഛൻ ബോധശൂന്യനെപ്പോലെ നിലത്തുതന്നെയിരുന്നു. അമ്മ ബോധമില്ലാതെ കിടക്കുകയാണ്. വേലക്കാരൻെറ നിലവിളികേട്ടോടിയെത്തിയ അയൽക്കാർ താങ്ങിയെടുത്തു കിടത്തിയ സ്ഥലത്തിൽ രക്തം തളംകെട്ടി നില്ക്കുന്നു. നെററിയിലൊരു കെട്ടുമുണ്ട്. ബോധം വന്നുവെങ്കിലും എൻെറ ചിന്താശക്തി നഷ്ടപ്പെട്ടതായി എനിക്കു തോന്നി. എല്ലാം ശൂന്യം. വിളറിവെളുത്ത അന്തരീക്ഷംപോലെ ഞങ്ങളുടെ വീടും നിർജ്ജീവമായിക്കിടക്കുകയാണ്. ഇനി എന്തിന്നു ജീവിക്കണം—ജീവിതത്തിലെ ആശാകേന്ദ്രം — അതെ എൻെറ പൊന്നുചേട്ടൻ മരിച്ചു ആ വാർത്ത ഞങ്ങളുടെ ഹൃദയങ്ങളെ തരിപ്പണമാക്കി. ഈ വീട്ടിലിനി രാജേട്ടൻെറ പൊട്ടിച്ചിരികളൊ തമാശകളൊ അലയടിക്കുകയില്ല. ആ നാദം എന്നന്നേക്കുമായി നിലച്ചുപോയിരിക്കുന്നു.

തൻെറ പ്രിയപ്പെട്ട അമ്മയേയും അ ഛനേയും ഓമന സഹോദരിയേയും കാ ണാൻ നാട്ടിലേയ്ക്കു ഹൃദയം നിറയെ പ്രതീ ക്ഷകളുമായി പുറപ്പെട്ടതാണ്. വഴിയിൽ വെച്ച് വിമാനം തീപിടിച്ചു തകർന്നുവീണു. എന്തു ചെയ്യാം ! നിയതിയുടെ നീതിയെ ആർക്കു തടുക്കാൻ കഴിയും. അങ്ങനെ എല്ലാം അവസാനിച്ചു.

*　　*　　*

സൂര്യൻ വീണ്ടും ഉദിക്കുകയും പതിവു പോലെ അസ്തമിക്കുകയും ചെയ്യുന്നു. ദിവ സങ്ങളും ആഴ്ചകളും മാസങ്ങളും കടന്നുപോ യി. എൻെറ പ്രിയപ്പെട്ട രാജേട്ടൻ ഈ ലോകത്തോട് എന്നെന്നേക്കുമായി യാത്ര പറഞ്ഞിട്ട് രണ്ടുവർഷം തികയുന്ന ദിവസ മാണിന്ന്.

എൻെറ പ്രിയപ്പെട്ട രാജേട്ടാ.... എൻെറ ''രാജേട്ടാ....'' എന്നുള്ള വിളി കേൾക്കാൻ ഇന്നാരുമില്ല. നിങ്ങൾക്കുവേ ണ്ടി നിങ്ങളുടെ ഈ ഓമന സഹോദരിക്ക് എന്തുചെയ്യാൻ കഴിഞ്ഞു? നിങ്ങളെ അ ന്ത്യമായി ഒരു നോക്കു കാണാൻ പോലും സാധിച്ചില്ല.

പ്രിയപ്പെട്ട രാജേട്ടാ .... നിങ്ങളുടെ പാവനസ്മരണക്കുമുമ്പിൽ കുറെ കണ്ണുനീരു മാത്രമാണീ സഹോദരിയ്ക്കർപ്പിക്കാനുള്ളത്.

അമ്മവന്നു വിളിച്ചപ്പോഴാണ് ഞാൻ ചിന്താലോകത്തിൽനിന്നും തിരിച്ചെത്തി യത്. പൌർണ്ണമിച്ചന്ദ്രൻെറ പാലൊളി പ്രഭ അവിടമെങ്ങും വ്യാപിച്ചു കഴിഞ്ഞി രുന്നു. അങ്ങകലെ ഒരു രാക്കുയിൽ നീട്ടി പ്പാടി. ആ ഗാനമാധുരി അനശ്വരതയുടെ വിരിമാറിൽ അലിഞ്ഞു ചേരുകയാണ്. അതുവരെ ഞാൻ കരയുകയായിരുന്നുവെന്നു പിന്നീടാണെനിക്കു മനസ്സിലായത്. ഒ ന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ സന്ധ്യാ നിലൻ മുല്ലപ്പൂക്കളുടെ പരിമളവും വഹിച്ചു കൊണ്ട് അതിലെ കടന്നുപോയി. അ പ്പോഴും ആ രാക്കുയിൽ തൻെറ ഗാനം ഈ ണത്തിലിരുന്ന് നീട്ടി പാടുകയാണ്.

# വേർപാടും വേദനയും

കെ. കുഞ്ഞീതുട്ടി, I B. Sc.

പെട്ടിയും ബേഗുമെല്ലാം അപ്പർ ബെത്തിൽ കയററി ഒരു ഭാഗത്തു് ഒതുക്കിവെച്ചശേഷം ജനലിന്നരികിലുള്ള ഒരു സീററിൽതന്നെ സുധാകരൻ സ്ഥലം പിടിച്ചു. പാൻറിൻെറ പോക്കററിൽനിന്നും കൈലേസെടുത്തു് അയാൾ നെററിയിലും, മുഖത്തുമുള്ള വിയർപ്പുകണങ്ങൾ തുടച്ചു. അയാൾ ഒന്നുകൂടി ആ പ്ലാററ്ഫോമിലേക്കു് നോക്കി. 'ലീലയുടെ അച്ഛൻ കണ്ണു് തുടക്കുന്നു. എന്തൊരു സ്നേഹമുള്ള മനുഷ്യൻ'.

ഒരു നീണ്ട വിസിലടിയോടുകൂടി സ്റ്റേഷൻ മാസ്റ്റർ കയ്യിലുണ്ടായിരുന്ന പച്ച കൊടി വീശി തൻെറ ആചാരം നിവ്വഹിച്ചു. ഇനിയവിടെ നില്ക്കുന്നതു് മര്യാദയല്ലെന്നു് കരുതിയിട്ടാവാം സ്റ്റേഷനിൽ നിന്നും പുറത്തുകടക്കാൻ ആ വണ്ടി വെമ്പൽകൊണ്ടു. പുറത്തേക്കു് തല നീട്ടിക്കൊണ്ടു് സുധാകരൻ തൻെറ കയ്യിലുണ്ടായിരുന്ന കൈലേസു് ലീലയുടെ അച്ഛനെ ലക്ഷ്യമാക്കി വീശി. പുതിയ നാടകം കാണാനെന്നോണം ചൂളംവിളിച്ചുകൊണ്ടു് ആ വണ്ടി പുറപ്പെട്ടു.

ഫാൻ കറങ്ങിക്കൊണ്ടിരുന്നിട്ടും അയാൾക്കു് അസഹ്യമായ ചൂടു് തോന്നി. എന്തൊരു തിരക്കാണാകമ്പാർട്ട്മെൻറിൽ. നിറയെ ആളുകളാണു്. 'റിസർവ്വ്ഡു് ഫോർ ആർമ്ഡു് ഓൺളി' ആ കമ്പാർട്ടുമെന്റിന്നു് പുറത്തെഴുതിയിട്ടുള്ളതു് അയാൾക്കോമ്മവന്നു. അപ്പോൾ ഇവരെല്ലാം തന്നെപ്പോലെ പട്ടാളത്തിലേക്കു് പുതുതായി റിക്രൂട്ടു് ചെയ്യപ്പെട്ടവരായിരിക്കാം. സുധാകരൻ ചുററുപാടും ഒന്നു കണ്ണോടിച്ചു. ചോരത്തിളപ്പുള്ള യുവാക്കൾ, വിളറിയ മുഖത്തോടുകൂടി വിദൂരതയിൽ കണ്ണുംനട്ടിരിക്കുന്നു. പച്ചപിടിച്ചു കിടക്കുന്ന നെൽപാടങ്ങളും, ഇടതൂർന്നു നില്ക്കുന്ന തേക്കിൻ കാടുകളും ആ വണ്ടി നിമിഷവേഗത്തിൽ പിന്നിട്ടു. വീണ്ടും തന്നെ എതിരേക്കാൻ അടുത്ത സ്റ്റേഷനിൽ ആളുകൾ കാത്തിരിക്കുന്നുണ്ടെന്നു് വിചാരിച്ചിട്ടായിരിക്കാം വണ്ടിക്കു് ഒന്നുകൂടി വേഗത കൂടി.

'കാശ്മീർ ഓഫു് ദി സൗത്തു്' എന്നു വിളിക്കപ്പെടുന്ന അകൃത്രിമസുന്ദരമായ കേരളവും പിന്നിട്ടു് ആ വണ്ടി വരണ്ടു് കിടക്കുന്ന മേട്ടുപ്രദേശങ്ങളിലേക്കു് കടന്നു. എത്ര മനോഹരമായ കാഴ്ചകളാണു് പിന്നിട്ടതു്. അതെല്ലാം തന്നെ ആസ്വദിക്കാനുള്ള കഴിവു് സുധാകരന്നു് നഷ്ടപ്പെട്ടതായി തോന്നി. അല്ലെങ്കിൽ എങ്ങിനെ ആസ്വദിക്കാനാണു്. എന്തെല്ലാം പ്രതിബന്ധങ്ങൾ തട്ടിമാററിക്കൊണ്ടാണു് അയാൾ വീട്ടിൽനിന്നും പുറപ്പെട്ടിട്ടുള്ളതു്. സുധാകരൻെറ ഒരേ ഒരാശ ഒരു പട്ടാളക്കാരനായിത്തീരുക എന്നതായിരുന്നു. അതു് സാധിച്ചിരിക്കുന്നു. എല്ലാവക്കും ഇങ്ങിനെ ഒരാശയുണ്ടായിരിക്കുമോ? എന്തോ.

എന്തൊരു നിശബ്ദതയാണാ മുറിക്കുള്ളിൽ. ചിത്രത്തിലെഴുതപ്പെട്ടതുപോലെ ഇരിക്കുന്ന അവരുടെ മിഴികൾ അങ്ങു് ചക്രവാളത്തിന്നുമപ്പുറമാണു്. പ്രതിബന്ധങ്ങൾ തട്ടിമാററിക്കൊണ്ടാണോ അവരും വീട്ടിൽനിന്നു് ഇറങ്ങിത്തിരിച്ചിട്ടുള്ളതു്. ഒരു പക്ഷെ ആയിരിക്കാം. ഒരു നൂറുകൂട്ടം വിചാരങ്ങൾ അവരുടേയും ഹൃദയത്തെ ചവിട്ടിമെതിക്കുന്നുണ്ടായിരിക്കാം.

കാററും കോളും നിറഞ്ഞ ഒരു കടലുകണക്കെ അയാളുടെ ഹൃദയം ഇളകിമറിയാൻ തുടങ്ങി.

ജീവന്റെ ജീവനായി സ്നേഹിക്കുന്ന കാമുകിയാചിച്ചു 'ഞാൻ പട്ടാളത്തിൽ ചേരുന്നതു് അവാംക്കിഷ്ടമല്ലെന്നു്'. ''വയസ്സായ എനിയ്ക്കും നിന്റെ അച്ഛനും പിന്നാരാണൊരാശ്രയമായിട്ടുള്ളതു്''. എന്നു പറഞ്ഞുകൊണ്ടു് വാത്സല്യനിധിയായ അമ്മ വാവിട്ടു നിലവിളിച്ചു. എല്ലാം കഴിഞ്ഞു് അച്ഛന്റെ കോപത്തിൽ നിന്നും, നിരാശയിൽനിന്നും ഉടലെടുത്ത, ഭീഷണി. ആലോചിക്കുംതോറും മനസ്സിനു ഭാരം കൂടുന്നതായി തോന്നി. എല്ലാം താൻ അനുഭവിച്ചേ തീരൂ.

പെട്ടെന്നൊരാനന്ദം അയാാംക്കുണ്ടായി. തന്നെ ഏററവും അധികം സ്നേഹിക്കുന്ന ലീലയുടെ അച്ഛൻ. വിശാലഹൃദയനായ അദ്ദേഹം എന്റെ പ്രവൃത്തിയിൽ എത്രമാത്രം സംതൃപ്തനായിരിക്കുന്നു. ഞാൻ പട്ടാളത്തിൽ ചേന്നുവെന്നറിഞ്ഞപ്പോാം അദ്ദേഹത്തിന്റെയൊരാനന്ദം. എന്നെ യാത്രയയക്കുവാൻവേണ്ടി റെയിൽവെ സ്റ്റേഷനിൽപോലും അദ്ദേഹം വന്നു. ഞാനും ലീലയും പരസ്പരം സ്നേഹത്തിലാണെന്നറിഞ്ഞിട്ടുകൂടി, അതൊരു തെററായി കണക്കാക്കാതെ, അതിനെ വകവെച്ചുതന്ന, അദ്ദേഹത്തെപ്പോലെയുള്ള അച്ഛന്മാർ അധികമുണ്ടായിരിക്കയില്ല. അദ്ദേഹത്തിന്റെ ആ സ്നേഹം ഒന്നുമാത്രം മതി എന്റെ എല്ലാ വ്യഥകളേയും അകററുവാൻ, സമാധാനത്തിന്റെ ശീതളച്ഛായയിൽ വിഹരിപ്പിക്കാൻ.

'നിന്നെപ്പോലെ ആത്മാത്ഥതയും, കാര്യശേഷിയും, സന്നദ്ധതയുമുള്ള ഭടന്മാരാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്തു്. അതുണ്ടെങ്കിൽ ഒരു രാജ്യം സുരക്ഷിതമാണ്." അദ്ദേഹത്തിന്റെ ഓരോ വാക്കും എന്നെ പുളകംകൊള്ളിക്കുന്നു.

ഹോ. അമ്മ എന്നെ വിചാരിച്ചു് എത്രമാത്രം വ്യസനിക്കുന്നുണ്ടാവും. കഷ്ടപ്പെട്ടു തന്നെ വളത്തിയ അമ്മയെ അവസാനമായി വ്യസനിപ്പിക്കേണ്ടിവന്നല്ലൊ. ''അമ്മേ, ഈ മകന്നു് മാപ്പുതരൂ. ഓരോ നിമിഷവും ഞാനമ്മയെ ഓത്തുകൊണ്ടിരിക്കും.'' അയൽവീടുകളിലെ കഥയില്ലാത്ത സ്ത്രീകളാണ് അമ്മയെ ഇത്രയധികം പേടിപ്പെടുത്തിയതു്. മനക്കരുത്തില്ലാത്ത അമ്മയുടെ മനസ്സിളകുവാൻ അതിൽ കൂടുതലൊന്നും വേണ്ടിയിരുന്നില്ല. ''പട്ടാളത്തിൽ ചേന്നാൽ പിന്നെ മരിച്ചതായി കണക്കാക്കുന്നതാ ഭേദം'' അവരുടെ അഭിപ്രായമാണ്. നശിച്ചകൂട്ടം.

''നിന്നെ നൊന്തുപെററ അമ്മയാണടാ പറയുന്നതു്. മറെറാന്നിന്റെ മുഖം കാണാൻ എനിക്കില്ല. ഞാൻ കണ്ണടച്ചതിന്നു ശേഷം നീ എന്തു വേണമെങ്കിലും ചെയ്തോ". ഹൃദയം തുളച്ചുകയറുന്ന അമ്മയുടെ വാക്കുകാം ഓത്തപ്പോാം അയാാംക്കു് കണ്ണുനീരടക്കാൻ കഴിഞ്ഞില്ല.

''ഞാനൊരു പട്ടാളക്കാരനെയല്ല സ്നേഹിച്ചിരുന്നതു്. എന്നെ മറന്നേക്കൂ.'' ലീലയുടെ നിരാശാപൂണ്ണമായ ആ വാക്കുകാം ഓത്തു് അയാാംക്കു് സഹതാപമുണ്ടായി. ഭാവിവരനായി അവളെന്നെ കണക്കാക്കിയിരുന്നു. അവളുടെ അച്ഛന്നും അതിഷ്ടമാണ്. സുഖസമ്പൂണ്ണമായ ഒരു ജീവിതമായിരിക്കാം 'നീ' വിഭാവനം ചെയ്തിരുന്നതു്. എന്റെ സൗന്ദര്യത്തേയോ, ഭാരിച്ച സ്വത്തിനേയോ ആയിരിക്കുമോ അവാം സ്നേഹിച്ചിരുന്നതു്. അങ്ങനെയല്ല. ശാന്തവും, അനാർഭാടവുമായ അവളുടെ ജീവിതംതന്നെ അതിന്നു ദൃഷ്ടാന്തമാണ്. പാവം. അവളുടെ ആശക്കോട്ടകാം തകന്നു തരിപ്പണമായിരിക്കുന്നു.

"പ്രിയപ്പെട്ട ലീലേ, നീ എനിക്കു വേണ്ടി കാത്തിരിക്കുമെങ്കിൽ ഞാൻ നിനക്കുവേണ്ടിയും കാത്തിരിക്കാം. നിന്നെ മറക്കുക. എന്നെ സംബന്ധിച്ചേടത്തോളം അതൊരിക്കലും സാധിക്കാത്ത കാര്യമാണ്. എന്റെ പ്രവൃത്തി ഒരവിവേകമായി നീ കണക്കാക്കുന്നുണ്ടെങ്കിൽ എനിക്കു മാപ്പുതരൂ."

വേണ്ടതിലധികം സ്വത്തുള്ള ഒരച്ഛന്റെ ഏകപുത്രനായ എനിക്കു പട്ടാളത്തിൽ ചേർന്നിട്ടു വേണ്ട ജീവിതം കഴിക്കാനെന്ന നിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. 'ബി. എ. ബിരുദം നേടിയ അങ്ങേയ്ക്കു് പട്ടാളത്തിലല്ലാതെതന്നെ അന്തസ്സുള്ള ഒരു ജോലി കിട്ടുകയില്ലേ.' കിട്ടുമായിരിക്കാം ലീലേ. നാട്ടുപ്രമാണിയും, പണക്കാരനുമായ അച്ഛനെ പ്രീതിപ്പെടുത്താനായിക്കൊണ്ടു് വല്ല ഉദ്യോഗസ്ഥമേധാവികളും ഒരുയർന്ന ജോലിയിൽ എന്നെ നിയമിച്ചേക്കാം. ഞാൻ ഇതുവരെ കെട്ടിപ്പടുത്ത ആദർശങ്ങൾ ക്ഷണികമായ നമ്മുടെ ജീവിതസുഖത്തിന്നുവേണ്ടി അടിയറവെയ്ക്കണമെന്നോ? സാദ്ധ്യമല്ല ലീലേ.

നമ്മുടെ രാഷ്ട്രത്തിന്റെ ഭദ്രതക്കുവേണ്ടി സേവനമർപ്പിക്കാൻ ആത്മാർത്ഥതയുള്ള എത്ര പട്ടാളക്കാരുണ്ടായിരിക്കും നമ്മുടെ സൈനിക വിഭാഗത്തിൽ. നീയൊന്നു ചിന്തിച്ചുനോക്കൂ ലീലേ. തന്റേയോ, തന്റെ കുടുംബത്തിന്റേയോ വയററുപിഴപ്പിന്നുവേണ്ടി പട്ടാളത്തിൽ ചേർന്നവരാണവരെല്ലാം. അതും എല്ലാവാതിലുകളും മുട്ടിക്കഴിഞ്ഞു്, അവയൊന്നുംതന്നെ തുറക്കപ്പെടാതിരിക്കുമ്പോൾ. അല്ലെങ്കിലെന്തിനവരെപ്പററയണം. നമ്മുടെ രാജ്യത്തിന്റെ സ്ഥിതി അതാണു്.

നാളെ, രാജ്യത്തിന്റെ രക്ഷക്കും, സുരക്ഷിതത്വത്തിന്നുംവേണ്ടി പൊരുതാനുള്ള അവരേയും വഹിച്ചുകൊണ്ടു് ആ വണ്ടി ആക്കോണം ജംക്ഷനിലെത്തിയതു് സുധാകരൻ അറിഞ്ഞതേയില്ല. ഇനിയെന്തു ചെയ്യണമെന്നറിയാനായിക്കൊണ്ടു് എല്ലാ കണ്ണുകളും അയാളുടെ മുഖത്തേക്കുററുനോക്കി. അപ്പോഴാണോർമ്മവന്നതു് ഞാനാണല്ലൊ അവരുടെ നേതാവെന്നു്, അതിൽനിന്നും ഇറങ്ങി വേറെ വണ്ടിയിൽ കയറണം. അവർക്കുള്ള വണ്ടിക്കു് ഇനിയും അര മണിക്കൂർകൂടി കഴിയണം. ചായ കഴിച്ചപ്പോഴേക്കും അവർക്കുള്ള വണ്ടി പുറപ്പെടാറായിരുന്നു. 'റിസർവ്ഡ് ക്യാരേജ്' ആ വണ്ടിയിലുമുണ്ടായിരുന്നതു കൊണ്ടു് അധികമൊന്നും ബുദ്ധിമുട്ടുകൂടാതെതന്നെ എല്ലാവരും വണ്ടികളിൽ സ്ഥലം പിടിച്ചു.

എല്ലാവരേയുമൊന്നു പരിചയപ്പെടണമെന്നു് വിചാരിച്ചതാണു്. ഒന്നിലും അയാൾക്കു് മനസ്സുറക്കുന്നില്ല. പുതിയ പുതിയ നാടുകൾ അവരെ പിന്നിട്ടുകൊണ്ടിരുന്നു. വണ്ടിയുടെ പ്രയാണത്തിന്നനുസരിച്ചു് സുധാകരന്റെ മനസ്സും കാടുകയറാൻ തുടങ്ങി.

എത്രമാത്രം കഷ്ടപ്പാടുകളനുഭവിച്ചാണു് അച്ഛൻ ഇത്രയുമധികം സമ്പാദിച്ചതു്. എല്ലാം അച്ഛന്റെ ഒരേ ഒരു മകനായ എനിക്കുവേണ്ടി. തന്റെ മകൻ ഇത്തരമൊരു പണി പററിക്കുമെന്നു് ആ അച്ഛൻ വിചാരിച്ചിട്ടുപോലുമുണ്ടായിരിക്കയില്ല. എന്റെ പഠിപ്പും കഴിയുന്നതു് കാത്തിരിക്കയായിരുന്നു അച്ഛൻ. ആ ഭാരമെല്ലാം എന്റെ ചുമതലയിലാക്കാൻ. അച്ഛന്റെ ഭാരമേറിയ ചുമടിറക്കാനുണ്ടായിരുന്ന ഒരേ ഒരത്താണിയായിരുന്നു ഞാൻ. എന്നിട്ടു് സംഭവിച്ചതോ? ആ അത്താണി പൊളിഞ്ഞു തകർന്നപ്പോൾ അച്ഛൻ നിരാശനായി. കോപിച്ചു. എല്ലാം കഴിഞ്ഞു ഭീഷണിപ്പെടുത്തി.

"നീയെന്റെ മകനായിരുന്നുവെങ്കിൽ എന്നോടിതു ചെയ്യുമായിരുന്നില്ലെടാ. നീയെന്നൊരു മകൻ എനിക്കുണ്ടായിട്ടില്ലെന്നു് വിചാരിച്ചോളാം ഞാൻ." അതോക്കാൻകൂടി വയ്യ. അവയിപ്പോഴും ചെവികളുള്ളിൽ വന്നലക്കുന്നതായി തോന്നി. അച്ഛനെന്നോടു് ക്ഷമിക്കയില്ലെ.... അയാളുടെ വിളത്ത ചുണ്ടുകൾ മന്ത്രിച്ചു. ധാരധാരയായൊഴുകുന്ന കണ്ണുനീരിനെ അയാൾക്കടക്കാൻ കഴിഞ്ഞില്ല. പരിസരത്തെപ്പററിയുള്ള ബോധം വന്നപ്പോൾ സുധാകരൻ ചുററുപാടുമൊന്നു കണ്ണോടിച്ചു. എല്ലാവരും ഒരു മയക്കത്തിലമന്നിരിക്കയാണു്. പതുക്കെ അയാളും അവരോടു പങ്കുചേന്നു.

ഒരു പേടിസ്വപ്നത്തിൽ നിന്നെന്നോണം സുധാകരൻ ഞെട്ടിയുണന്നു. പുറത്തേക്കു് തലയിട്ടുനോക്കി. അടുത്ത സ്റ്റേഷനിൽ അവക്കിറങ്ങേണ്ടതാണു്. മററുള്ളവരെയൊക്കെ വിളിച്ചുണത്തി. മിനുട്ടുകൾക്കു ശേഷം വണ്ടി അവക്കിറങ്ങേണ്ട സ്റ്റേഷനിലെത്തി. അവരേയും കാത്തു് സ്റ്റേഷനു പിന്നിൽതന്നെ വാൻ നില്പുണ്ടായിരുന്നതുകൊണ്ടു ബുദ്ധിമുട്ടു് ഒന്നുംകൂടാതെ ക്യാമ്പിലെത്താൻ കഴിഞ്ഞു.

ഒരാഴ്ച കഴിഞ്ഞതിന്നു ശേഷമാണു് ട്രെയിനിങ്ങു് തുടങ്ങിയതു്. കോളേജിലെ എൻ. സി. സി. അണ്ടർ ഓഫീസറായിരുന്ന സുധാകരന്നു് പരേഡു് വെറും ഒരാവത്തനം മാത്രമായിരുന്നു. പക്ഷെ അയാളുടെ കൂടെയുണ്ടായിരുന്ന മററുള്ളവരുടെ കാര്യം വളരെ ശോചനീയമായിരുന്നു. തീ പോലെ പൊള്ളുന്ന വെയിലിന്റെ ചൂടേററു് അവരിൽ ചിലർ പരേഡു് ഗ്രൗണ്ടിൽ തളന്നു വീഴുമ്പോൾ സുധാകരന്റെ ഹൃദയം പിടച്ചുപോയിട്ടുണ്ടു്. അവക്കുവേണ്ടി സഹതപിക്കാനേ അയാൾക്കു് കഴിഞ്ഞുള്ളു. അവരതെല്ലാം അനുഭവിച്ചേ തീരൂ. നാളെ രാജ്യത്തിന്നു വേണ്ടി പൊരുതേണ്ടവരാണവർ.

കാലം ആക്കുവേണ്ടിയും കാത്തിരുന്നില്ല. ഇന്നവക്കെല്ലാം ഒരുവിധം പരിചയം സിദ്ധിച്ചിട്ടുണ്ടു്. യോഗ്യതയും, അഭിരുചിയുമനുസരിച്ചു് അവരെയെല്ലാം പല ഗ്രൂപ്പുകളായി തിരിച്ചു. പലക്കും അന്യോന്യം വേർപിരിയേണ്ടിവന്നു. സുധാകരൻ തന്റെ എല്ലാ കഴിവുകളും കാണിച്ചു. ഹിന്ദിയും, ഇംഗ്ലീഷും അയാൾക്കു് വേണ്ടതുപോലെ അറിയും. എല്ലാററിലുമുപരിയായി അയാളൊരു ബിരുദധാരിയുമാണല്ലൊ. എല്ലാം മനസ്സിലാക്കിയ മേലുദ്യോഗസ്ഥന്മാർ അയാളെ ഒരു ഉയന്ന പദവിയിൽതന്നെ നിയമിച്ചു. ഇതുകൊണ്ടും സുധാകരൻ തൃപ്തിപ്പെട്ടില്ല. ഇനിയും ഉയന്ന പദവിയിലേക്കുയരണമെന്നുള്ള ആഗ്രഹം അയാളിൽ തലയുയത്തി.

മനോഹരമായ സായംകാലങ്ങളിൽ വീണടിഞ്ഞുപോയ മധുരസ്മരണകളും അയവിറക്കിക്കൊണ്ടു്, പരേഡ്ഗ്രൗണ്ടിന്നരികിലുള്ള സബോക്കു് മരത്തിന്റെ ചുവട്ടിൽ ഭാരമേറിയ ഹൃദയവുമായി സുധാകരൻ ഇരുന്നുപോകാറുണ്ടു്. സബോക്കുമരത്തിൽ തട്ടിയുണ്ടാകുന്ന സുഖകരമായ ആകാറേറല്ക്കുമ്പോൾ അയാൾ പലതും ഓത്തുപോകും. ഓമ്മകൾ ഒരു മൂടൽമഞ്ഞുപോലെ ചിറകു വിടത്തി. ഒരു നനുത്ത ക്യാൻവാസിലെന്നപോലെ, കലങ്ങിയ നീലക്കണ്ണുകളോടും, ഗാലീനമായ മുഖഭാവത്തോടും കൂടിയ ലീലയുടെ അവ്യക്തമായ ഒരു രൂപം അയാളുടെ മനസ്സിൽ പതിഞ്ഞു. ഭൂതകാലത്തിന്റെ അടിത്തട്ടിൽ മുങ്ങി ഒരു പിടി മുത്തുകൾ വാരിയെടുത്തു. എല്ലാം ദുഃഖങ്ങളും വേദനകളും മാത്രം.

അകന്നുപോയ വഷങ്ങളാകുന്ന റോസാപൂവിന്റെ ദീവസങ്ങളാകുന്ന ഇതളു

കരം വിടന്നുവന്നു. വാടികൊഴിഞ്ഞു. പ്രിയപ്പെട്ട എന്റെ കാമുകി അറിഞ്ഞിരിക്കുമോ അവളുടെ കാമുകനിന്നൊരു ലഫ്ട്ടനൻറാണെന്നു്. വീട്ടിൽ പോകാൻ അതിയായ ആഗ്രഹമുണ്ടു്, ഒരു പട്ടാളക്കാരനാണെന്ന അഭിമാനത്തോടെ അവരുടെ മുമ്പിൽ ഒന്നു തലയുയർത്തിപ്പിടിച്ചു നടക്കാൻ. ഒരു പട്ടാളക്കാരന്നു് അയാളുടെ ഇച്ഛാനുസരണം നാട്ടിൽ പോകാനൊക്കുമോ ?

എന്റെ പേരിലുള്ള അച്ഛന്റെ വെറുപ്പു് ഇനിയും നീങ്ങിയിട്ടില്ല. ഉണ്ടായിരുന്നെങ്കിൽ ഒരു കത്തെങ്കിലും അയക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മകരം എന്നോടു് പിണക്കമാണെന്നു് ശുദ്ധഗതിക്കാരനായ അദ്ദേഹം ഒരിക്കലും അറിഞ്ഞിട്ടുണ്ടായിരിക്കയില്ല. അറിഞ്ഞിരുന്നെങ്കിൽ ....... തന്റെ കയ്യിലുള്ള (ലീലയുടെ അച്ഛന്റെ) ആ കത്തു് അയാരം ഒരാവൃത്തികൂടെ വായിച്ചു.

''അടുത്ത പ്രാവശ്യം നീ നാട്ടിൽ വരുമ്പോരം നിങ്ങളുടെ വിവാഹമങ്ങു നടത്തിക്കളയാം. എന്തിനിനി കാത്തിരിക്കണം. ഒരു പേരക്കുട്ടിയുടെ പിഞ്ചുകാൽ കാണാൻ എനിക്കു കൊതിയാവുന്നു. അവധി കിട്ടിയാൽ ഉടനെ വരണേ. അമ്മക്കു നിന്നെ ക്കാണാൻ അതിയായ ആഗ്രഹമുണ്ടു്.'' നല്ലവനായ അദ്ദേഹം എഴുതിയിരിക്കുന്നു. നീറുന്ന ഒരുപിടി ചിന്തകരം അയാളുടെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു.

''അമ്മേ, അമ്മയുടെ മകൻ അവധി കിട്ടിയാൽ ഉടനെ വരും.'' നേരിയ വേദനയോടുകൂടി അയാരം പിറുപിറുത്തു.

* * *

ഒട്ടും നിനച്ചിരിക്കാതെയാണു് ആ സംഭവമുണ്ടായതു്. സാമ്രാജ്യക്കൊതിയന്മാരായ ചൈനീസു് രാക്ഷസന്മാർ അക്രമമായി ഇന്ത്യയുടെ വടക്കെ അതിർത്തിയിൽ ആക്രമണം നടത്തിയിരിക്കുന്നു. വഞ്ചനാപരമായ ആക്രമണമായിരുന്നു അതു്. അതും അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ. സൈനികത്താവളങ്ങളിലെല്ലാം ധൃതിപിടിച്ച തിരക്കാണു്. വടക്കനെതിർത്തിയിലേക്കു പോകാനുള്ള ഒരുക്കങ്ങരം.

അംഹിസയുടെ പൊൻകൊടിയും പൊക്കിപ്പിടിച്ചു്, കൊതിയന്മാരായ ബ്രിട്ടീഷു്മേധാവികളെ ആട്ടിയോടിച്ചിട്ടേയുള്ളു. അവകാശവാദം പുറപ്പെടുവിച്ചുകൊണ്ടു് വന്നിരിക്കുന്നു അപ്പോഴേക്കും മറെറാരു നശിച്ച വർഗ്ഗം. ഇവരോടു് വാളെടുത്തേ പററു. വേണ്ടപ്പോരം വാളെടുക്കാൻ പഠിച്ചവരാണു് ഭാരതത്തിന്റെ മക്കരം.

മുക്കിലും, മൂലയിലും ആ വാർത്ത കാട്ടുതീപോലെ പടന്നുപിടിച്ചു. ഭാരതത്തിന്റെ മണ്ണിൽനിന്നും അവരെ ആട്ടിയോടിച്ചേ നാം അടങ്ങു. ജനരോഷം ആളിക്കത്തി. പകവീട്ടാനുള്ള ആവേശം തലപൊക്കി.

ചോരത്തിളപ്പുള്ള യുവാക്കരം പട്ടാളത്തിൽ ചേരാൻ സധൈര്യം മുന്നോട്ടുവന്നു. ഓരോരുത്തരും അവനവന്റെ പരമാവധി കഴിവുകരം രാജ്യരക്ഷാനിധിയിൽ അർപ്പിച്ചു. തങ്ങളുടെ എല്ലാമായ ആഭരണങ്ങരം കൊടുത്തു് സ്ത്രീകരംപോലും അവരുടെ പങ്കു നിർവ്വഹിച്ചു.

നാടൊട്ടുക്കു പടന്നുപിടിച്ച ഈ കോളിളക്കം ലീലയുടെ ഹൃദയത്തിലും ചില പോറലുകരം ഉണ്ടാക്കി. ആവേശത്തിന്റേതായ വികാരങ്ങരം അവളിൽ മൊട്ടിട്ടു. അവ്യക്തവും അകാരണവുമായ ഏതോ ചില വേദനകരം അവളുടെ ഹൃദയത്തെ കാർന്നുതിന്നാൻ തുടങ്ങി. ''എല്ലാം ഉപേക്ഷിച്ചു് പട്ടാളത്തിൽ ചേർന്ന സുധയെ

ഞാൻ കുററപ്പെടുത്തി. ആദർശശാലിയായ അദ്ദേഹത്തെ വേദനിപ്പിച്ചു. നിഷ്കളങ്കമായി സ്നേഹിച്ചിരുന്ന ആ ഹൃദയത്തെ തകർത്തു''.

''അദ്ദേഹമിപ്പോൾ പടക്കളത്തിലായിരിക്കും. ഈ രാജ്യത്തിൻെറ മാനത്തിനുവേണ്ടി, അനേകലക്ഷം ജനങ്ങളുടെ ജീവനുവേണ്ടി പൊരുതുകയായിരിക്കും. ഹിമാലയൻ ചെരിവിലെ ഉരുകുന്ന മഞ്ഞിൻകട്ടകളോട് എതിരിട്ട് ആ ചൈനീസ് ചെന്നായ്ക്കളോടു പടവെട്ടി മുന്നേറുകയായിരിക്കും. ഹാ... അതോർക്കാൻതന്നെ വയ്യ ...... തെററുകാരിയായ ഈ വഞ്ചകിക്ക് മാപ്പുതരാൻ അദ്ദേഹം മടങ്ങിയെത്തുമോ ?''

ഒന്നും വ്യക്തമല്ല. മൂടൽമഞ്ഞിലകപ്പെട്ടതുപോലെ, അവ്യക്തമായ ചില രൂപങ്ങൾ മുമ്പിൽ കാണുന്നതായി സുധാകരന് തോന്നി. മലഞ്ചെരുവിലെ ആ ഊടുവഴിയിലൂടെ, അലിഞ്ഞുതീരുന്ന മൂടൽമഞ്ഞിലൂടെ കുറെ പട്ടാളക്കാർ മാർച്ച് ചെയ്യുന്നു. കറുത്ത നിഴലുകൾപോലെ വരിവരിയായി മുന്നോട്ടു നീങ്ങുന്ന ആ പട്ടാളക്കാരുടെ മുമ്പിലായിത്തന്നെ താനുമുണ്ട്. ഉൽക്കണ്ഠയുടേതായ നിമിഷങ്ങൾ പിന്നിട്ടുകൊണ്ടിരുന്നു......

താനിപ്പോൾ എവിടെയാണ്. ഒരു ബോധവുമില്ല. ദേഹത്തിൽ അങ്ങിങ്ങായി ചില നീററലുകൾ അനുഭവപ്പെടുന്നു. ദേഹമാകെ തപ്പിനോക്കി. അവിടവിടെയായി ചില കെട്ടുകളിൽ കൈ തടഞ്ഞതായി തോന്നി. ആ കെട്ടുകളിൽ സ്പർശിച്ചപ്പോൾ എന്തെന്നില്ലാത്ത വേദന ......

കറുത്ത പുകകൊണ്ട് മൂടപ്പെട്ട ആ മലഞ്ചെരിവ്. ചെവി തുളച്ചുകയറുന്ന, പീരങ്കികളുടെ ഇരമ്പൽ.......എല്ലാം തട്ടിമാററിക്കൊണ്ട് അയാൾ മുന്നേറുകയായിരുന്നു. മുമ്പിൽ കിട്ടിയ ആ രാക്ഷസന്മാരെ വെറുതെ വിട്ടിട്ടില്ല. ഓർക്കാപ്പുറത്ത് ബയനററ്കൊണ്ട് കിട്ടിയ ആ കുത്ത് ....... എന്തോ പൊട്ടിത്തെറിക്കുന്ന ഒരൊച്ച ചെവിയിൽ കേട്ടു....ലോകം ഇരുളുന്നതായി തോന്നി .... നിലംപതിച്ചു ...... പിന്നെയെന്തൊക്കെയാണ് സംഭവിച്ചത്. .......

ഓർമ്മകൾ കൂടുതൽ തെളിഞ്ഞുവരുന്നതായി തോന്നി. അപ്പുറത്തുനിന്നും, ഇപ്പുറത്തുനിന്നും ചില ഞരക്കങ്ങൾ കേട്ടു. അയാൾ കിടക്കുന്നേടത്തുനിന്നും തലതിരിച്ചു നോക്കി. മുറിവേററ അനവധി പട്ടാളക്കാർ....രാജ്യത്തിൻെറ രക്ഷക്കുവേണ്ടി ജീവിതം ബലികഴിക്കപ്പെട്ട ചെറുപ്പക്കാർ.......

മലയോരത്തിൽ താല്ക്കാലികമായി പണിചെയ്ത ഒരു ചെറിയ ഹോസ്പിററലായിരുന്നത്. വെള്ളവസ്ത്രം ധരിച്ച ചെറുപ്പക്കാരികൾ അരിപ്രാവുകളെപ്പോലെ ആ ഹോസ്പിററലിനുള്ളിൽ ധൃതിയിൽ അവിടെയുമിവിടെയും ഓടിനടക്കുന്നു. ആ വെള്ളവസ്ത്രങ്ങൾ മനസ്സിന് എന്തോ ഒരാശ്വാസം തരുന്നതായി തോന്നി. എല്ലാ സുഖങ്ങളും അടിയറവെച്ച് രാജ്യസേവനത്തിനായി ഇറങ്ങിത്തിരിച്ച ചെറുപ്പക്കാരികൾ ....... ആത്മാർത്ഥമായ സേവനം.....

ഒതുങ്ങാത്ത ചില പഴകിയ ഓർമ്മകളുടെ നിമിഷങ്ങൾ തന്നെ തള്ളുന്നതായി തോന്നി. വെള്ളവസ്ത്രം ധരിച്ചിട്ടുള്ള ലീലയുടെ രൂപം അയാളുടെ മനസ്സിൽ രൂപം പൂണ്ടു. വസന്തകാലത്തിലെ പൂന്തോപ്പിൻെറ മദ്ധ്യത്തിൽ വിരിഞ്ഞുനില്ക്കുന്ന ശാലീനയായ ഒരു ലില്ലിപുഷ്പംപോലെ. കരഞ്ഞുകലങ്ങിയ കണ്ണുകളോടുകൂടിയ അമ്മയുടെയും, കോപത്താൽ വിറപൂണ്ടു നില്ക്കുന്ന അച്ഛൻെറയും രൂപങ്ങൾ അയാളുടെ മനസ്സിൽ പതിഞ്ഞു.

തൻെറ അടുത്തേക്കു് വരുന്ന ആ നേഴ്സിനെ അയാൾ തുറിച്ചുനോക്കി. ആ മുഖം പരിചയമുള്ളതുപോലെ തോന്നി. ആ രൂപം അടുത്തു വരുംതോറും അയാളുടെ അത്ഭുതവും, ജിജ്ഞാസയും കൂടുതലായി. സ്വന്തം കണ്ണുകളെ അയാൾക്കു് വിശ്വസിക്കാൻ കഴിഞ്ഞില്ല.

'ലീലേ.......' അട്ടഹസിച്ചുകൊണ്ടു് അയാൾ ബെഡ്ഡിൽനിന്നും ചാടിയെഴുന്നേററു. കാൽതെററി നിലം പതിച്ചു. ആ നേഴ്സ് ഓടിവന്നു അയാളെ പിടിച്ചെഴുന്നേല്പിച്ചു വീണ്ടും ബെഡ്ഡിൽ കിടത്തി. സഹിക്കവയ്യാത്ത വേദനയാൽ അയാൾ കിടന്നു പുളഞ്ഞു. ദുസ്സഹമായ ആ കാഴ്ചയിൽ ഭയത്തിൻെറ നേരിയ അലകൾ അവളുടെ മനസ്സിൽ ഓളം വെട്ടാൻ തുടങ്ങി. ദുഃഖവും ഭയവും വർദ്ധിച്ചു. അവളറിയാതെത്തന്നെ രണ്ടിററു കണ്ണുനീർ അയാളുടെ മാറിടത്തിൽ പതിച്ചു.

''ഞാനങ്ങയെ വല്ലാതെ വേദനിപ്പിച്ചു. എനിക്കു മാപ്പുതരില്ലേ?...............'' അണപൊട്ടിയൊഴുകുന്നതുപോലെയായിരുന്നു ആ കരച്ചിൽ. അവളാകാലുകളിൽ കെട്ടിപ്പിടിച്ചു യാചിച്ചു.

''ഒന്നും സാരമില്ല ലീലേ. എൻെറ എല്ലാ ആഗ്രഹങ്ങളും സഫലമായിരിക്കുന്നു. നീ എനിക്കുവേണ്ടി ഈ സേവനം നിലനിർത്തു. എൻെറ അമ്മ ...............'' ആ വാക്കുകൾ വിറപൂണ്ടതായിരുന്നു. എങ്കിലും നിരാശ ആ ശബ്ദത്തിലുണ്ടായിരുന്നില്ല.

മൃദുലമായ അവളുടെ കരങ്ങൾ ഭാരമേറിയ തൻെറ കൈകൾകൊണ്ടു് പൊക്കിയെടുത്തു് അവയിൽ ആവേശത്തോടെ അയാൾ ചുംബിച്ചു.

''അമ്മ .... അമ്മ .... മരി .... ച്ചു....'' പറയാൻ പാടില്ലാതിരുന്ന എന്തോ അവൾ വിക്കിവിക്കിപ്പറഞ്ഞു.

ചെവികൾ രണ്ടും കൊട്ടിയടച്ചു. തലക്കു കനത്ത ഭാരം തോന്നി. ശക്തിയേറിയ ഒരു മിന്നൽ അയാളുടെ മുമ്പിൽകൂടി പാഞ്ഞുപോയി. ലോകം ഇരുളുന്നതായി തോന്നി. എന്തോ ഒരാവേശത്തോടുകൂടി അയാൾ പിടഞ്ഞെഴുന്നേററു.

''അമ്മേ ...........'' ഒരലർച്ചയോടുകൂടി അയാൾ നിലം പതിച്ചു. ആത്മാർത്ഥതയുള്ള ഒരു പട്ടാളക്കാരൻെറ എന്നെന്നേക്കുമായുള്ള തിരോധാനമായിരുന്നു അതു്.

വേദന ഇററിററുവീഴുന്ന ഒരാത്മാവിനെ വേർപ്പെടുത്തിയും കൊണ്ടുള്ള തിരോധാനം!